| 27.06.2017, 28.06.2017 29.06.2017 | പന്തളം ബ്ലോക്ക് പഞ്ചായത്ത്- ഗ്രാമപഞ്ചായത്തുകളിൽ വാർഡുതലത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. അംഗനവാടികൾ, മറ്റ് സ്ഥാപനങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. | ജനപ്രതിനിധികൾ, ആശാ പ്രവർത്തകർ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, തൊഴിലുറപ്പ് തൊഴിലാളികൾ, സന്നദ്ധ പ്രവർത്തകർ, ആശാവർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, പൊതുജനങ്ങൾ | |
| 27.06.2017, 28.06.2017 29.06.2017 | തുമ്പമൺ ഗ്രാമപഞ്ചായത്ത്- ശുചീകരണ പ്രവർത്തനങ്ങളെകുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി ആശുപത്രികൾ, സ്കൂളുകൾ വിവിധ സ്ഥാപനങ്ങൾ, ബഹുജന പ്രസ്ഥാനങ്ങൾ, സന്നദ്ധ സംഘടനകൾ, സർവ്വീസ് സംഘടനകൾ, സർവ്വീസ് ട്രേഡ് യൂണിയനുകൾ, കുടുംബ ശ്രീ പ്രവർത്തകർ തുടങ്ങിയ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് 27.6.2017 ചൊവ്വാഴ്ച രാവിലെ 11 മണിക്ക് തുമ്പമൺ സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ വെച്ച് യോഗം ചേർന്നു. വാർഡുതല ശുചീകരണ സമിതി വിളിച്ചു ചേർത്തുകൊണ്ട് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി. ശുചീകരണം സംബന്ധിച്ച വിശദമായ ബുക്ക് ലെറ്റ്, നോട്ടീസ് ഇവ വാർഡുകളിൽ വിതരണം ചെയ്തു.. വീടുകളും പരിസരവും ശുചീകരിക്കുന്നതിനും. ഉടമസ്ഥരില്ലാത്ത വീടുകളിലെ ടെറസിന്റെ മുകളിൽ കൊതുക് പെരുകുന്നത് ഒഴിവാക്കി. ചാണകക്കുഴികളിൽ മഴവെള്ളം വീഴാതെ മേൽക്കൂരകൾ നിർമ്മിക്കുക, ടെറസ്, ചെടിച്ചെട്ടി എന്നിവിടങ്ങളിൽ വെള്ളം കെട്ടി കിടക്കാൻ അനുവദിക്കാതിരിക്കുക എന്നീ പ്രവർത്തനങ്ങൾ നടത്തി. മഴക്കാല രോഗങ്ങൾ | ജനപ്രതിനിധികൾ, ആശാ പ്രവർത്തകർ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, തൊഴിലുറപ്പ് തൊഴിലാളികൾ, സന്നദ്ധ പ്രവർത്തകർ, ആശാവർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, പൊതുജനങ്ങൾ | |

| | | | |
|---|---|---|---|
| | തടയുന്നതിനായുള്ള ബോധവത്കരണം തുമ്പമൺ എം.ജി.യു.പി സ്കൂൾ, സെന്റ് പോൾസ് ഹൈ സ്കൂൾ എന്നീ സ്കൂളുകളിൽ 29.6.2017 പി.റ്റി.എ മീറ്റിങ്ങും വിളിച്ചു ചേർത്തു. ജൂൺ 27,28,29 തീയതികളിലായി 13 വാർഡുകളിലും ശുചീകരണ പ്രവർത്തനങ്ങളും നടത്തുകയുണ്ടായി | | |
| 27.06.2017, 28.06.2017 29.06.2017 | മെഴുവേലി ഗ്രാമപഞ്ചായത്ത്- അംഗനവാടികൾ, മറ്റ് സ്ഥാപനങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. വാർഡുകളിൽ ശുചീകരണ പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. ആരോഗ്യ വകുപ്പ് ബോധവത്കരണ നോട്ടീവ് വീടുകളിൽ വിതരണം നടത്തി. വീടും പരിസരവും വൃത്തിയാക്കി മാലിന്യം നീക്കം ചെയ്തു. | ജനപ്രതിനിധികൾ, ആശാ പ്രവർത്തകർ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ആശാവർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, | |
| 27.06.2017, 28.06.2017 29.06.2017 | കടപ്ര ഗ്രാമപഞ്ചായത്ത്- ഡ്രൈ കണ്ട്യ്നർ എലിമിനേഷൻ പൊതുജനങ്ങൾക്ക് ബോധവത്കരണം നടത്തി. ജലസ്രോതസ്സുകൾ ക്ലോറിനേഷൻ നടത്തി. തൊഴിലുറപ്പ് തൊഴിലാളികൾക്കും പാടശേഖര സമിതിക്കാർക്കും എലിപ്പനിക്കെതിരേയുള്ള പ്രതിരോധ ഗുളിക നൽകുകയും ബോധവത്കരണം നടത്തുകയും ചെയ്തു. കൊതുകു നശീകരണം നടത്തി. വീടുകൾതോറും കൊതുക് ജന്യരോഗങ്ങൾക്കെതിരെ ബോധവത്കരണം നടത്തി. സ്കൂൾ കുട്ടികൾ പ്ലക്കാർഡുകളുമായി വീടുകൾതോറും കയറിയിറങ്ങി ബോധവത്കരണം നടത്തി. എലിപ്പനിക്കെതിരെയുള്ള പ്രതിരോധ ഗുളിക വാർഡുകൾതോറും വിതരണം ചെയ്തു. | ജനപ്രതിനിധികൾ, ആശാ പ്രവർത്തകർ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ആശാവർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, | |
| | നെടുംമ്പ്രം ഗ്രാമപഞ്ചായത്ത്- വാർഡുതല ശുചിത്വ സമിതികൾ ചേർന്നു. ഡ്രൈ കണ്ട്യ്നർ എലിമിനേഷൻ പൊതുജനങ്ങൾക്ക് ബോധവത്കരണം നടത്തി. ജലസ്രോതസ്സുകൾ ക്ലോറിനേഷൻ നടത്തി. താത്കാലിക സോക്പ്പിറ്റുകൾ നിർമ്മച്ചു. | ജനപ്രതിനിധികൾ, ആശാ പ്രവർത്തകർ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ആശാവർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, | |









## ആലപ്പുഴ: ശുചിത്വ പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | നടത്തിയ ശുചിത്വ പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ |
|---|---|---|
| 1 | ജില്ലാ തല ഉദ്ഘാടനം | ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി. ശ്രീ. ജി. സുധാകരൻ അവർകൾ ആലപ്പുഴ മെഡിക്കൽ കോളേജ് പരിസരം വൃത്തിയാക്കികൊണ്ട് ജില്ലാതല ഉദ്ഘാടനം നിർവ്വഹിച്ചു. |
| 2 | മാലിന്യക്കൂനനീക്കം ചെയ്യൽ | ആലപ്പുഴ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലും, നഗരസഭകളിലും വാർഡുകളിൽ മാലിന്യ കൂനകൾ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പ്രധാനമായും അറവുമാലിന്യങ്ങൾ, പ്ലാസ്റ്റിക്ക് എന്നിവ |
| 3 | കാണ വൃത്തിയാക്കൽ | മഴക്കാല ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കാണകൾ വൃത്തിയാക്കി. മഴക്കാലത്ത് വെള്ളം ഒഴികിപോകുന്നതിനു സൌകര്യം സൃഷ്ടിച്ചു.പൊതു തോടുകളിൽ പായൽ ഒഴിവാക്കി നീരൊഴുക്ക് സുഗമമാക്കി. |
| 4 | ഉറവിട നശീകരണം | ആലപ്പുഴ ജില്ലയിലെ പലപ്രദേശങ്ങളിലും വെള്ളക്കെട്ടായ സാഹചര്യത്തിൽ കൊതുകുകളുടെ വംശവർദ്ധനവിന് അനുകൂലമായ സാഹചര്യമാണ് നിലനില്ക്കുന്നത്. അത് മൂലം കൊതുകുകടി മൂലമുള്ള പലതരത്തിലുള്ള രോഗങ്ങൾ പടരാനുള്ള സാധ്യത ഉണ്ട്. അതിന് കൊതുകുകളുടെ വംശവർദ്ധന ഒഴിവാക്കാൻ പറ്റിയ സാഹചര്യം ഇല്ലാതാക്കുക്കയാണ് വേണ്ടത്.അതിനായി കെട്ടികിടക്കുന്ന വെള്ളം ഒഴികിപോകാനുള്ള സാഹചര്യം സൃഷ്ടിച്ചു. വീടുകൾ തോറും പകർച്ചവ്യാധി തടയുന്നതിനുള്ള ബോധവത്കരണം നടത്തി. |
| 5 | അണുനാശിനി വിതറൽ | ഗ്രാമപഞ്ചായത്തുകളിലും, നഗരസഭകളിലും വാർഡ് തലത്തിൽ മലിനീകരണ പ്രദേശങ്ങൾ വൃത്തിയാക്കിയതിനുശേഷം കുമ്മായവും, ബ്ലീച്ചിങ്ങ് പൌഡറും ചേർന്ന മിശ്രിതം വിതറുകയും ചെയ്തു.കൊതുകിന്റെ നശീകരണത്തിനായി ഫോഗിങ്ങ് നടത്തി. |
| 6 | ബോധവത്കരണ സന്ദേശ വിതരണം | വാർഡുതല സാനിട്ടേഷൻ സമിതിയുടെ നേതൃത്വത്തിൽ ആരോഗ്യവകുപ്പ് ജീവനക്കാർ, ആശാവർക്കർമാർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, ക്ലബുകൾ, എൻ.സി.സി, എൻ.എസ്.എസ് എന്നിവർ സ്ക്വാഡുകൾ രൂപീകരിച്ച് ഭവന സന്ദർശനം നടത്തി ബോധവത്കരണ പ്രവർത്തനങ്ങളും, നോട്ടീസ് വിതരണവും നടത്തി. |
| 7 | ബോധവത്കരണ ക്ലാസുകൾ | ഗ്രാമപഞ്ചായത്ത് തലത്തിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. |

## ശുചീകരണ പ്രവർത്തനങ്ങളുടെ ഫോട്ടോഗ്രാഫുകൾ



ബുധനൂർ ഗ്രാമപഞ്ചായത്ത്



കാവാലം ഗ്രാമപഞ്ചായത്ത്



ആര്യാട് ബ്ലോക്ക് പഞ്ചായത്ത്



കുമാരപുരം ഗ്രാമപഞ്ചായത്ത്



പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്



പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്



എടത്വ ഗ്രാമപഞ്ചായത്ത്




എടത്വ ഗ്രാമപഞ്ചായത്ത്



ചിങ്ങോലി ഗ്രാമപഞ്ചായത്ത്



കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്



എഴുപുന്ന ഗ്രാമപഞ്ചായത്ത്



എഴുപുന്ന ഗ്രാമപഞ്ചായത്ത്



ചുനക്കര ഗ്രാമപഞ്ചായത്ത്



ചുനക്കര ഗ്രാമപഞ്ചായത്ത്



താമരക്കുളം ഗ്രാപഞ്ചായത്ത്



കുമാരപുരം ഗ്രാമപഞ്ചായത്ത്

## കോട്ടയം: തീവ്രയജ്ഞ ശുചീകരണം

## കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് (28.06.2017)

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ 28.06.2017 രാവിലെ 10.30ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അന്നമ്മ രാജു ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടും പരിസരവും ശുചീകരണ പ്രവർത്തനങ്ങൾ നടത്തി ക്കൊണ്ട് ഉദ്ഘാടനം ചെയ്തു.ടി ശുചീകരണ പ്രവർത്തനത്തിൽ ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ, ജീവനക്കാർ, പ്രേരക്മാർ, എം.പി.കെ.ബി.വൈ ഏജന്റുമാർ എന്നിവരുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു.ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളായ അറുന്നൂറ്റിംമഗലം സി.എച്ച്.സി, തലയോലപ്പറമ്പ് സി.എച്ച്.സി എന്നിവിടങ്ങളിലെ ഡോക്ടർമാർമാരുടേയും ഹെൽത്ത് ഇൻസ്പെക്ടർമാരുടേയും നേതൃത്വത്തിൽ ബോധവ ത്കരണ ക്ലാസ്സുകൾ നടത്തുകയും കൂടാതെ ഗൃഹ സന്ദർശനം നടത്തി ആശാ പ്രവർത്തക രുടെ നേതൃത്വത്തിൽ ഉറവിട മാലിന്യ നശീകരണ പ്രവർത്തനങ്ങളും ക്ലോറിനേഷനും, പൊതു സ്ഥലങ്ങളിലെ മാലിന്യം നീക്കം ചെയ്യൽ എന്നിവ നടത്തി. ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശം നൽകി. മഹിളാ പ്രധാൻ ഏജന്റുമാർ ഭവന സന്ദർശനം നടത്തി മഴക്കാല രോഗങ്ങളെ കുറി ച്ചുള്ള നോട്ടീസുകൾ വിതരണം ചെയ്യുകയുണ്ടായി.

**കോട്ടയം കലക്ട്രേറ്റ് കോമ്പൗണ്ടിൽ നടത്തിയ ശുചീകരണ പ്രവർത്തനങ്ങൾ**








## ഞീഴൂർ ഗ്രാമപഞ്ചായത്ത്

**പ്രാഥമികാരോഗ്യ കേന്ദ്രം-കാട്ടാമ്പാക്ക്**

മഴക്കാല രോഗ തീവ്ര ശുചീകരണ യജ്ഞത്തോടനുബന്ധിച്ച് ജൂൺ 29-ാം തീയതി ഞീഴൂർ ടൗൺ 14 -ാം വാർഡിൽ വ്യാപാരി വ്യവസായികൾ, കുടുംബശ്രീ അയൽക്കൂട്ടം പ്രവർത്തകർ, ജനപ്രതി നിധികൾ, ആരോഗ്യ പ്രവർത്തകർ എന്നിവർ ചേർന്ന് ശുചീകരിച്ചു.30 പേർ ശ്രമദാനത്തിൽ പങ്കെ ടുത്തു.




13-ാം വാർഡിൽ ബി.എസ്.എൻ.എൽ പരിസരം ശുചീകരിച്ചു. അയൽകൂട്ടം, കുടുംബശ്രീ പ്രവർത്തകർ എന്നിവർ അടങ്ങിയ 20 പേർ പങ്കെടുക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, JHI മാർ എന്നിവർ പങ്കെടുത്തു.







**കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്**



**മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്**



## എലിക്കുളം ഗ്രാമപഞ്ചായത്ത്

## പകർച്ചപ്പനി -പ്രതിരോധ പ്രവർത്തനങ്ങൾ

ബഹു. സർക്കാർ നിർദ്ദേശ പ്രകാരം എലിക്കുളം ഗ്രാമ പഞ്ചായത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഒരു പ്രത്യേക യോഗം 27/06/2017 – ാം തീയതിയിൽ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വെച്ച് കൂടുകയുണ്ടായി. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, പഞ്ചായത്ത് ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. യോഗത്തിൽ ദ്രുതകർമ്മസേന രൂപീകരിക്കുകയും 28, 29, 30 തീയതികളിൽ ശുചീകരണ യജ്ഞം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

28, 29, 30 തീയതികളിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വിപുലമായ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. ഹെൽത്ത് സെന്ററിലെ ഒരു നേഴ്സിംഗ് സ്റ്റാഫ്, ആശാ വർക്കർ, അതാത് പ്രദേശങ്ങളിലെ കുടുംബശ്രീ പ്രവർത്തകർ ഉൾപ്പെടുന്ന ഡെങ്കി സ്ക്വാഡുകൾ ഭവന സന്ദർശനം നടത്തുകയും ജനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നല്കുകയും അടിയന്തര സാഹചര്യങ്ങളിൽ സഹായം എത്തിക്കുകയും ചെയ്യുന്നുണ്ട്. കൊതുക് നശീകരണ പ്രവർത്തനങ്ങളിൽ കുടുംബശ്രീ, ആശാ വർക്കർമാർ, ജനപ്രതിനിധികൾ എല്ലാവരും പങ്കാളികളാവുന്നുണ്ട്. ക്ലോറിനേഷൻ, ഫോഗിംങ്ങ്, ഉറവിട നശീകരണം, കൊതുക് നശീകരണ പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി നടക്കുന്നുണ്ട്. കോളനികൾ, അന്യ സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ആശാ വർക്കർമാരുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ ഡെങ്കി പനി സ്ഥിതീകരിച്ച കേന്ദ്രങ്ങൾ സന്ദർശിച്ച് ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നുണ്ട്. ബോധവത്കരണത്തിനായി നോട്ടീസുകൾ വിതരണം ചെയ്തിട്ടുണ്ട്. സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ നിന്നും വാരാന്ത്യ റിപ്പോർട്ടുകൾ പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. പൈക സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ പ്രത്യേക പനി വാർഡ് പ്രവർത്തിക്കുന്നുണ്ട്.

കുടുംബശ്രീ, ആശാ വർക്കർമാർ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരുടെ സമയോചിതമായ ഇടപെടലുകൾ മൂലം എലിക്കുളം ഗ്രാമ പഞ്ചായത്തിൽ പനി നിയന്ത്രണ വിധേയമായിട്ടുണ്ട്. ഇപ്പോഴും പഞ്ചായത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നുണ്ട്



## പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്

പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുമെമ്പർമാരുടെ നേതൃത്തിൽ പുതുപ്പള്ളി ബസ് സ്റ്റാന്റ് പരിസരം ശുചീകരണപ്രവർത്തനം നടത്തി.. പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലെ ആശാവർക്കർമാരുടെ സഹകരമത്തോടെ വിവിധ വാർഡുകളിൽ ബോധവൽക്കരണം നടത്തി.ഡെങ്കിപ്പനി പ്രതിരോധത്തിന്റ ഭാഗമായി ഹോമിയോ പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു.

## ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്

ബഹു ; കേരള സർക്കാരിന്റെ 24/06/2017 ലെ ഉത്തരവിൻ പ്രകാരവും, വകുപ്പ്തല നിർദ്ദേശങ്ങളിൻ പ്രകാരവും ആവശ്യമായ നടപടികൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി 26/06/2017 ൽ അടിയന്തിര പഞ്ചായത്ത് കമ്മറ്റി ചേരുകയും ശുചീകരണ പ്രവർത്തനങ്ങൾക്കായി ആവശ്യമായ ഫണ്ട്, വാർഡ് തലത്തിൽ 10000/- രൂപ വീതവും, മെഡിക്ക ൽ കോളേജ് സ്റ്റാന്റിലെ മാലിന്യം നീക്കം ചെയ്യാൻ ആവശ്യമായി വരുന്ന തുകയും അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്തു. കൂടാതെ അന്ന് തന്നെ ഉച്ചയ്ക്ക് ശേഷം സർവ്വകക്ഷിയോഗം ചേർന്ന് വാർഡ്തലത്തിൽ ചെയ്യേണ്ട

പ്രവർത്തനങ്ങൾ തീരുമാനിച്ചു. അതിൻ പ്രകാരം ആരോഗ്യ പ്രവർത്തകർ, ജനപ്രതിനിധികൾ ,കുടുംബശ്രീ അംഗങ്ങൾ,സന്നദ്ധസംഘടനകൾ ,ആശാ വർക്കർമാർ എന്നിവർ ഉൾപ്പെടുന്ന വാർഡ് തല ദ്രുതകർമ്മ സേന രൂപീകരിച്ച് എല്ലാ വീടുകളിലും സന്ദർശനം നടത്തി കൊതുകുകളുടെ ഉറവിട മാലിന്യ നശീകരണം നടത്തുന്നതിന് ചെയ്യേണ്ടപ്രവർത്തനങ്ങൾ വിശദീകരിക്കുകയും ശുചീകരണ പ്രവർത്തനങ്ങൾ, ബോധവത്ക്കരണം, എന്നിവയ്ക്ക് നേതൃത്വം നല്കുകയും ചെയ്ത് വരുന്നു. എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ 6 നും 7 നും ഇടയിലുള്ള സമയങ്ങളിൽ പുകയിടണമെന്ന് നിർദ്ദേശിക്കുകയും അവ പരിശോധിക്കുകയും ചെയ്യുന്നു. കൂടാതെ വഴിയരികിലെ കാടുകൾ വെട്ടിത്തെളിക്കുകയും ക്ലോറിനേഷൻ നടത്തുകയും ചെയ്തു. വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഓടകൾ വൃത്തിയാക്കുകയും , ഓടകൾ ഇല്ലാത്ത ഭാഗത്ത് മണ്ണിട്ട് നികത്തുകയും ചെയ്തു. പനി പടരുന്ന സാഹചര്യമായതിനാൽ ആശുപത്രി സൗകര്യം കുറഞ്ഞ വാർഡുകളിൽ മെഡിക്ക ൽ ക്യാമ്പുകളും നടത്തി. അതിനുപരി 24/06/2017 ലെ അടിയന്തിര കമ്മറ്റിയുടെ ഒന്നാം നമ്പർ തീരുമാന പ്രകാരം അടിയന്തിരമായി മെഡിക്ക ൽകോളേജ് ബസ്റ്റാന്റിലെ മാലിന്യംനീക്കം ചെയ്യുന്നതിനായി റവന്യൂ,പോലീസ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി മാലിന്യം നിക്ഷേപിക്കുന്നതിനായി സ്ഥലം കണ്ടെത്തി ടിസ്ഥലത്ത് തൊഴിലാളികളെ ഉപയോഗിച്ച് മാലിന്യം കുഴിച്ച് മൂടുകയും ചെയ്തു

**പൂഞ്ഞാർ ഗ്രാമപഞ്ചായത്ത്**

എല്ലാ വാർഡുകളിലും സന്നദ്ധ പ്രവർത്തകരുടെയും റസിഡന്റ്സ് അസോസിയേഷനുകളുടെയും ഉദ്യോഗസ്ഥരുടെയും സഹകരണത്തോടെ ശുചീകരണം നടത്തി. 13 വാർഡുകളിലും റോഡുകളുടെ വശങ്ങളും ഓടകളും വൃത്തിയാക്കി. ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ഫോഗിംഗ് നടത്തി. റബർതോട്ടങ്ങളിലെ ചിരട്ടകൾ കമഴ്ത്തി സൂക്ഷിക്കുന്നതിന് തോട്ടം ഉടമകൾക്ക് കർശന നിർദ്ദേശം നൽകി. കിണറുകളിൽ ക്ലോറിനേഷൻ നടത്തി. പൊതുസ്ഥാപനങ്ങളും പരിസരങ്ങളും വൃത്തിയാക്കി. താമസമില്ലാതെ കിടക്കുന്ന വീടുകളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് ഉടമകൾക്ക് നിർദ്ദേശം നൽകി. ഹോമിയോ ഡിസ്പെൻസറിയിൽ നിന്നും പ്രതിരോധ മരുന്ന് വാർഡ് തലത്തിൽ സന്നദ്ധ പ്രവർത്തകർ കൈപ്പറ്റി വീടുകളിൽ എത്തിച്ചുവരുന്നു. ആയുർവേദ ഡിസ്പെൻസറി വഴി ധൂമചൂർണ്ണം വാങ്ങി വിതരണം നടത്തി വരുന്നുണ്ട്.പി.എച്ച്.സി., ഹോമിയോ ആയുവേദ ഡിസ്പെൻസറികലുടെ ആഭിമുഖ്യത്തിൽ പകർച്ചപ്പനി പ്രതിരോധ ക്യാമ്പ് നടത്തി. ശുചിത്വ സമിതിയുടെ നേതൃത്വത്തിൽ വാർഡ്തലത്തിൽ ബോധവത്ക്കരണ ക്ലാസ്സ് നടത്തി.

**തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്**







പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്





<u>പാലാ നഗരസഭ</u>

1) നഗരസഭാ വാർഡ് ശുചിത്വകമ്മറ്റികളുടെ നേതൃത്വത്തിൽ വാർഡ്തല ശുചീകരണപ്രവർത്തനങ്ങൾ നടത്തി. പ്രദേശങ്ങളിലെ ചപ്പുചവറുകൾ നീക്കം ചെയ്യുകയും, ഓട വൃത്തിയാക്കി മഴവെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കി വൃത്തിയാക്കി.
2) പ്രദേശത്തെ കാടുകൾ വെട്ടിത്തെളിച്ച്, പുല്ലുചെത്തി വൃത്തിയാക്കി.
3) രണ്ടാം ദിവസം (28/7/2017) വീടുകളിൽ സ്ക്വാഡ് സന്ദർശനം നടത്തുകയും വീടുകളിലെ ചിരട്ട, വീപ്പകൾ, പ്ലാസ്റ്റിക് ബോട്ടിലുകൾ, കുപ്പികൾ, റഫ്രിജറേറ്റർ ട്രേ എന്നിവയിലെ കെട്ടിക്കിടക്കുന്ന ജലം കുടുംബാംഗങ്ങളെക്കൊണ്ട് ഒഴിവാക്കിച്ചു.
4) ക്ലോറിനേഷൻ നടത്താത്ത വീടുകളിലെ ക്ലോറിനേഷൻ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് നടത്തി.

5) റസിഡൻറ്സ് അസോസിയേഷൻെറ സഹകരണത്തോടെ ബോധവൽക്കരണപരിപാടി സംഘടിപ്പിക്കുകയും നോട്ടീസ് വിതരണം നടത്തുകയുമുണ്ടായി.

6) റബർതോട്ടത്തിൽ പ്രത്യേക സ്ക്വാഡുകൾ ചിരട്ടകളിലെയും, വീപ്പകളിലെയും ജലം ഒഴുക്കിക്കളഞ്ഞു.









# ഇടുക്കി ജില്ല: ശുചീകരണ പ്രവർത്തനങ്ങൾ

**നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഏഴ് ഗ്രാമ പഞ്ചായത്തുകളിൽ 2017 ജൂൺ 27, 28, 29 തീയതികളിൽ നടത്തിയ ശുചീകരണ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു.**

**1. ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്**

ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിൽ 28-ാം തീയതി മണത്തോട്, ചെമ്മണ്ണാർ ഭാഗങ്ങളിൽ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. മലിനജലം ഒഴുക്കി വിടുന്നവർക്കെതിരെയും കൊതുക് പെരുകുവാനുള്ള സാഹചര്യ സൃഷ്ടിച്ചവർക്കെതിരെയും മാലിന്യം ശരിയായ രീതിയിൽ സംസ്ക്കരിക്കാത്തവർക്കെതിരെയും നോട്ടീസുകൾ നൽകി. 29-ാം തീയതിയിൽ മേട്ടകിൽ സ്കൂൾ പരിസരവും അതിനോട് അനുബന്ധിച്ചുള്ള റോഡിനിരുവശവും പഞ്ചായത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും സ്കൂൾ അധികൃതരുടെയും നേതൃത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. 30-ാം തീയതിയിൽ ഭവന സന്ദർശനം നടത്തുകയും പരിസര ശുചീകരണ പ്രവർത്തനങ്ങളെപ്പറ്റി നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**2. രാജാക്കാട് ഗ്രാമപഞ്ചായത്ത്**

രാജാക്കാട് ഗ്രാമപഞ്ചായത്തിൽ 27-ാം തീയതി എല്ലാ വാർഡുകളിലും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ കുടുംബശ്രീ, ആശാ പ്രവർത്തകരുടെ സഹകരണത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. എൻ.ആർ സിറ്റി, രാജാക്കാട്, മുല്ലക്കാനം തുടങ്ങിയ ഫലങ്ങളിൽ ഓട ശുചീകരിക്കുകയും ഫോഗിംഗ് നടത്തുകയും ചെയ്തു. 28-ാം തീയതി ഗ്രാമസഭകളിലും എല്ലാ വാർഡുകളിലും ഉറവിട മാലിന്യ സംസ്ക്കരണത്തെക്കുറിച്ച് ക്ലാസ്സെടുത്തു. ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. 29-ാം തീയതി ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും എല്ലാ ഞായറാഴ്ചകളിലും ഡ്രൈ ഡേ ആയി ആചരിക്കുന്നതിനും തീരുമാനിച്ചു.







### 3. സേനാപതി ഗ്രാമപഞ്ചായത്ത്

സേനാപതി ഗ്രാമപഞ്ചായത്തിൽ 27.06.2017 ൽ മാങ്ങാത്തൊട്ടി ടൗണും പരിസര പ്രദേശവും ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ശ്രീ. ജെയിംസ് മത്തായിയുടെ നേതൃത്വത്തിൽ വ്യാപാരി വ്യവസായി അംഗങ്ങളെയും ഉൾപ്പെടുത്തി ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും മാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്തു. 28–ാം തീയതി കുത്തുംങ്കൽ ടൗണും പരിസര പ്രദേശവും ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. 29–ാം തീയതി മുക്കുടിൽ സിറ്റിയും പരിസര പ്രദേശവും കാന്തിപ്പാറ സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിലെ എസ്.പി.സി യൂണിറ്റിലെ കുട്ടികൾ ചേർന്ന് വൃത്തിയാക്കി. എല്ലാ ഞായറാഴ്ചകളിലും ഡ്രൈഡേ ആയി ആചരിക്കാനും കൊതുകിന്റെ ഉറവിടം കണ്ടെത്തി നശിപ്പിക്കാനും ജനങ്ങൾക്ക് ബോധവത്കരണം നടത്തി. ആരോഗ്യ വിഭാഗം ജീവനക്കാർ ഭക്ഷണ ശാലകൾ പരിശോധിച്ച് കുടിവെള്ളത്തിന്റെ നിലവാരം പരിശോധിക്കുകയും ശുചിത്വം വിലയിരുത്തുകയും, അപാകതകൾ കണ്ട സ്ഥലത്ത് പൊതുജനാരോഗ്യ നിയമ പ്രകാരം നോട്ടീസ് നൽകുകയും ചെയ്തു.








**4. രാജകുമാരി ഗ്രാമപഞ്ചായത്ത്**

രാജകുമാരി ഗ്രാമപഞ്ചായത്തിൽ 28.06.2017 ൽ ശുചിത്വ പ്രതിജ്ഞ എടുക്കുകയും ജീവനക്കാരുടെ സഹകരണത്തോടെ ആഫീസ് പരിസരം വൃത്തിയാക്കുന്നതിനും കാടും വെട്ടിത്തെളിക്കുന്നതിനും, കെട്ടി കിടക്കുന്ന വെള്ളം ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. 29-ാം തീയതി കുടുംബശ്രീ പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, ആശാ പ്രവർത്തകർ, ആശുപത്രികൾ, സ്കൂളുകൾ, കോളേജുകൾ, ട്രെയ്ഡ് യൂണിയനുകൾ എന്നിവരുടെ നേതൃത്വത്തിൽ രാജകുമാരി ടൗൺ, ഖജനാപ്പാറ ടൗൺ എന്നിവിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. കുടുംബശ്രീ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ഗ്രാമപഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വാർഡുതല ശുചിത്വ സമിതിയുടെയും ആരോഗ്യ പ്രവർത്തകരുടെയും നേതൃത്വത്തിൽ വീടുകൾതോറും സന്ദർശിച്ച് കൊതുക് ഉറവിട നശീകരണവും ബോധവത്കരണവും നടത്തുകയുണ്ടായി.

**5.** നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്

നെടുംകണ്ടം ഗ്രാമ പഞ്ചായത്തിലെ 25 വാർഡുകളിലുമായി 27,28,29 തീയതികളിൽ മഴക്കാലജന്യ രോഗങ്ങളുടെ പ്രതിരോധത്തിനായി വിവിധ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. സ്കൂളുകൾ, പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ശുചീകരണം, ജല സ്ത്രോതസ്സുകളുടെ ശുചീകരണം, കൊതുകിന്റെ ഉറവിട നശീകരണം, ഫോഗിംങ് മഴക്കാലജന്യ രോഗങ്ങളെക്കുറിച്ചുള്ള ലീഫ്ലെറ്റ് വിതരണം, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ. സന്നദ്ധ പ്രവർത്തകർ ആശാ പ്രവർത്തകർ, ദേശീയ സമ്പാദ്ധ്യ പദ്ധതി ഏജന്റുമാർ, സ്കൂൾ വിദ്യാർത്ഥികൾ, മർച്ചന്റ് അസ്സോസ്സിയേഷൻ,

വാർഡ് മെമ്പർമാർ തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിൽ നിന്നുമുള്ള ആളുകൾ തീവ്ര ശുചീകരണത്തിന്റെ ഭാഗമായി.





### 6. കരുണാപുരം ഗ്രാമപഞ്ചായത്ത്

കരുണാപുരം ഗ്രാമപഞ്ചായത്തിൽ 28.06.2017 തീയതിയിൽ ഗ്രാമപഞ്ചായത്ത് കമ്മറ്റി കൂടി ശുചീകരണ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ചർച്ച ചെയ്തു. 29.06.2017 ൽ പകർച്ചപ്പനി നിയന്ത്രണ വിധേയമാക്കുന്നതിനുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി. ആശുപത്രികൾ, സ്കൂളുകൾ, വാർഡു മെമ്പർമാർ, കുടുംബശ്രീ അംഗങ്ങൾ, ആശാ പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ ആശുപത്രി പരിസരങ്ങൾ, സ്കൂൾ പരിസര പ്രദേശങ്ങൾ, മാലിന്യ കൂമ്പാര സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

7. **പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്**

പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും ദ്രുതകർമ്മസേന രൂപീകരിക്കുകയും വാർഡുതല ശുചീകരണ പ്രവർത്തനങ്ങൾ, കൊതുക് നശീകരണ പ്രവർത്തനങ്ങൾ, ഓട ശുചീകരണം, കാട് വെട്ടിത്തെളിക്കൽ നടത്തുകയും ചെയ്തിട്ടുണ്ട്.





കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിൽ നടത്തിയ ശുചീകരണ പ്രവർത്തനങ്ങളുടെ റിപ്പോർട്ട്

**1.അയ്യപ്പൻകോവിൽ**

അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിൽ 28, 29 തീയതികളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി 13 വാർഡുകളിലെ സാനിറ്റേഷൻ സമിതികൾ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

**2.ചക്കുപള്ളം**

പകർച്ചപ്പനി നിയന്ത്രണ വിധേയമാക്കുന്നതിനും പനി മരണങ്ങൾ തടയുന്നതിനുമായി ശുചീകരണ പ്രവർത്തനത്തിന്റെ ഉദ്ഘാടനം ശ്രീമതി.വിജയമ്മ കൃഷ്ണൻകുട്ടി അണക്കര ടൗണിൽ നടത്തി. അണക്കര ടൗണിന്റെ വിവിധ ഭാഗങ്ങൾ മത്സ്യമാർക്കറ്റ്, വർക് ഷോപ്പുകൾ നടത്തുന്ന ഭാഗം, ബസ്സ്റ്റാന്റ് റോഡ് സൈഡുകൾ വൃത്തിയാക്കി. പഞ്ചായത്ത് വൈസ് പ്രസിഡന്റ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ളവർ, അംഗൻവാടി ടീച്ചേഴ്സ് ആശപ്രവർത്തകർ, പൊതുജനങ്ങൾ എന്നിവർ പങ്കെടുത്തു. തുടർന്നുള്ള ദിവസങ്ങളിൽ വാർഡുതല കമ്മറ്റിയുടെ നേതൃത്വത്തിൽ കുടുംബശ്രീ പ്രവർത്തകരുടേയും പൊതുജനങ്ങളുടേയും സഹകരണത്തോടെ ഓരോ വാർഡിലും സമഗ്ര ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.






**3. ഇരട്ടയാർ**

ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡു തലത്തിൽ സാനിട്ടേഷൻ കമ്മിറ്റി ചേരുകയും കൊതുകു നശീകരണത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഫോഗിംഗ് എഴുകുംവയൽ, ഈട്ടിത്തോപ്പ് വാർഡുകളിൽ നടത്തികയും ചെയ്തു. കൂടാതെ എലിപ്പനിയ്ക്കെതിരായ ബോധവൽകരണ സെമിനാർ നടത്തി. വാർഡു തലത്തിൽ വീടുകൾ തോറുമുള്ള ബോധവല്കരണ പരിപാടികൾ കുടുംബശ്രീ, ആശാ പ്രവർത്തകർ വഴി നടത്തിവരുന്നു. ബോധവല്കരണത്തിന്റെ ഭാഗമായി ലഘുലേഖകളും വിതരണം ചെയ്തു വരുന്നു.

ജലസ്രോതസ്സുകൾ ശുചീകരിക്കുന്നതിന്റെ ഭാഗമായി ക്ലോറിനേഷൻ നടത്തിവരുന്നു. ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിന്റെ ഭാഗമായിട്ടുള്ള സർവ്വകക്ഷിയോഗം 28/06/2017 ന് ചേർന്നു. പ്രസ്തുത യോഗത്തിൽ

ആരോഗ്യവകുപ്പ് ജിവനക്കാർ, വിവിധ സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ, സ്കൂൾ പ്രതിനിധികൾ, മെമ്പർമാർ,കുടുംബശ്രീ പ്രവർത്തകർ എന്നിവർ പങ്കെടുത്തു. ശുചീകരണത്തിന്റെ ഭാഗമായി ചെമ്പകപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സെന്ററിന്റെ പരിസരം വൃത്തിയാക്കി. ഗ്രാമസഭകൾ ജൂലൈ 2 മുതൽ 9 വരെ നടക്കുന്നതിനാൽ 12/07/2017 ന് പഞ്ചായത്ത്തല ശുചീകരണ ദിനമായി ആചരിക്കുന്നതിനും, വാർഡുതലത്തിൽ സ്ക്വാഡ് തിരിഞ്ഞ് ശുചീകരണ പ്രവർത്തനവും ബോധവല്കരണവും നടത്തുവാനും സർവ്വകക്ഷിയോഗത്തിൽ തീരുമാനിച്ചിരിക്കുന്നു.



**4. കാഞ്ചിയാർ**

സംസ്ഥാനത്ത് വ്യാപിച്ചിരിക്കുന്ന പകർച്ചപ്പനി നിയന്ത്രണ വിധേയമാക്കുന്നതിനും പനി മരണങ്ങൾ തടയുന്നതിനുമായി ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി 16 വാർഡുകളിലെ സാനിറ്റേഷൻ സമിതികൾ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ

പരിസര ശുചീകരണം, ക്ലിനിക്, പൊതു സ്ഥലങ്ങളും, ആഫീസ് പരിസരവും ശുചീകരണവും , കൊതുകു നശീകരണവും നടത്തി.










**5. ഉപ്പുതറ**

സംസ്ഥാനത്ത് വ്യാപിച്ചിരിക്കുന്ന പകർച്ചപ്പനി നിയന്ത്രണ വിധേയമാക്കുന്നതിനും പനി മരണങ്ങൾ തടയുന്നതിനുമായി ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി ഉപ്പുതറ പഞ്ചായത്തിന്റെ പരിസരവും പൊതുസ്ഥലവും ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.





**6.വണ്ടൻമേട്**

സംസ്ഥാനത്ത് വ്യാപിച്ചിരിക്കുന്ന പകർച്ചപ്പനി നിയന്ത്രണ വിധേയമാക്കുന്നതിനും പനി മരണങ്ങൾ തടയുന്നതിനുമായി ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി 28, 29 തീയതികളിൽ ആശുപത്രി പരിസര ശുചീകരണം, കൂത്താടി ഉറവിടം നശീകരണം എന്നീ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.







## ഇളംദേശം ബ്ലോക്ക്

## ശുചീകരണ പ്രവർത്തനങ്ങൾ റിപ്പോർട്ട് :

മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾക്ക്, ജൂൺമാസം 29-ാം തിയതി കരിമണ്ണൂർ - ആലക്കോട് റോഡിന്റെ വെള്ളകെട്ട് നീക്കുന്നതിന് ഓടകൾ വൃത്തിയാക്കിയും, കാടുകൾ വെട്ടിതെളിച്ചും, പ്ലാസ്റ്റിക് കുപ്പികൾ മുതലായവ നീക്കം ചെയ്തും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷൈനി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തുകൊണ്ട് തുടക്കം കുറിച്ചു. കരിമണ്ണൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ടോജോപോൾ, ഗ്രാമ പഞ്ചായത്ത് മെമ്പർമാർ, സി.ഡി.എസ്, എഡിഎസ് പ്രവർത്തകൾ മഹിളാപ്രധാൻ ഏജന്റുമാർ, ആശാവർക്കർമാർ, പൊതു പ്രവർത്തകർ എന്നിവർ പങ്കെടുത്തു. പഞ്ചായത്തിലെ 14 വാർഡുകളിലേയും വെള്ളംകെട്ട് ഒഴിവാക്കുന്നതിന് ഓട

ശൂചീകരണം റബ്ബർതോട്ടത്തിലെ ചിരട്ട കമിഴ്ത്തിവയ്ക്കൽ, കൊതുക് വളരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ഫോഗിംഗ് ഉൾപ്പെടയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. രോഗ പ്രതിരോധത്തിനായി ഹോമിയോ മരുന്ന് വിതരണവും നടത്തി.

**ഉടുമ്പന്നൂർ പഞ്ചായത്ത്** - ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്തിലെ മഴക്കാല ശൂചീകരണ പ്രവർത്തനങ്ങൾ 23/06/2017 ന് പഞ്ചായത്ത് ഓഡിറ്റോറിയത്തിൽവച്ച് ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിന്ദു സജീവ് ഉദ്ഘാടനം ചെയ്തു.

ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ ആരോഗ്യവകുപ്പിലെ ജീവനക്കാർ, ആശാവർക്കർമാർ, കുടുബശ്രീ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

ഓട വൃത്തിയാക്കൽ, ക്ലോറിനേഷൻ, കൊതുകു നശീകരണ പ്രവർത്തനങ്ങൾ, കെട്ടികിടക്കുന്ന വെള്ളം ഒഴിവാക്കൽ, കൊതുകു നശീകരണത്തിന് ഫോഗിംഗ് ഉൾപ്പെടെ നടത്തി. വാർഡ്തലങ്ങളിൽ നടന്ന പ്രവർത്തനങ്ങൾക്ക് വാർഡ് മെമ്പർമാർ നേതൃത്വം നൽകി, ആരോഗ്യ ബോധവൽക്കരണ ക്യാമ്പുകൾ ഓരോ വാർഡിലും നടന്നുവരുന്നു. സ്കൂളിലെ സ്കൗട്ട് ഗൈഡ് പ്രവർത്തനങ്ങൾ ശൂചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.

**വെള്ളിയാമറ്റം പഞ്ചായത്ത് -** പഞ്ചായത്തിൽ മഴക്കാല ശൂചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 27/06/2017 ന് അതാത് വാർഡുകളിലെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ , കുടുംബശ്രീ പ്രവർത്തകൾ, സന്നദ്ധസംഘടനാ പ്രതിനിധികൾ, വ്യാപാരികൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ടൈഗർ ഹങ്ങ് - 2 എന്ന പേരിൽ പഞ്ചായത്തിൽ പ്രവർത്തനങ്ങൾ നടത്തി. കൊതുകുനശീകരണ പ്രവർത്തനങ്ങൾ, കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് രോഗികൾക്ക് കൊതുകുവല നൽകൽ കക്കൂസുകളുടെ പൈപ്പുകൾക്ക് നെറ്റ് നൽകൽ, വീടുകൾ വ്യാപാരസ്ഥാപനങ്ങൾ എന്നിവ സന്ദർശിച്ച് ബോധവർക്കരണം എന്നിവ നടത്തിയിട്ടു□ എന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

**ആലക്കോട് പഞ്ചായത്ത് -** ഹോമിയോ ഡിസ്പെൻസറി ശൂചീകരണം ഇഞ്ചിയാനി. 29/06/2017 രാവിലെ 10 മണിമുതൽ ഹോമിയോ ഡിസ്പെൻസറി പരിസരം ശൂചീകരിച്ചു. ഹോമിയോ പ്രതിരോധമരുന്ന് വിതരണം  ചെയ്തു. പി.എച്.സി. ക്ലോറിനേഷൻ പ്രവർത്തനങ്ങൾ നടത്തി. 11-ാം വാർഡ് മെമ്പർ ശ്രീമതി ഡാലി ഫ്രാൻസീസ് നേതൃത്വം നൽകി. 04/07/17 ൽ കൂടിയ പഞ്ചായത്ത് കമ്മറ്റി പ്രവർത്തനം എല്ലാ വാർഡിലും വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചു. 05/07/2017 ൽ ചിലവ് ഈസ്റ്റ് 2-ാം വാർഡ്)കൂടുംബശ്രീ പ്രവർത്തകരെ പങ്കെടുപ്പിച്ചുകൊ□ ശൂചീകരണ പ്രവർത്തനം നടന്നുവരുന്നു.

**വണ്ണപ്പുറം പഞ്ചായത്ത്** - വണ്ണപ്പുറം ഗ്രാമ പഞ്ചായത്തിലെ മഴക്കാല ശൂചീകരണ പ്രവർത്തനങ്ങൾ 28/06/17 ന് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽവച്ച് നടന്നു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗംപ്രസിഡന്റ് ശ്രീമതി ലിസി ജോസ് ഉദ്ഘാടനം ചെയ്തു.

ജനപ്രതിനിധികൾ, ആരോഗ്യ വകുപ്പ് ജീവനക്കാർ, ആശാ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, ഗ്രാമ പഞ്ചായത്ത ജീവനക്കാർ, കുടുംബശ്രീ സിഡി.എസ് പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

ഓട വൃത്തിയാക്കൽ, ക്ലോറിനേഷൻ, കൊതുകു നശീകരണ പ്രവർത്തനങ്ങൾ, കെട്ടികിടക്കുന്ന വെള്ളം ഒഴിവാക്കൽ, കൊതുകു നശീകരണത്തിന് ഫോഗിംഗ് ഉൾപ്പെടെ വാർഡ്തലങ്ങളിൽ നടന്ന പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധികൾ നേതൃത്വം നൽകി. ആരോഗ്യ ബോധവൽക്കരണ ക്യാമ്പുകൾ ഓരോ വാർഡിലും നടന്നുവരുന്നു. സ്കൂളിലെ സ്കൗട്ട് ഗൈഡ് പ്രവർത്തനങ്ങൾ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.

**കോടിക്കുളം പഞ്ചായത്ത്-** കോടിക്കളും ഗ്രാമ പഞ്ചായത്തിലെ മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾക്ക് ജൂൺമാസം 28-ാം തിയതി പഞ്ചായത്ത് കോൺഫ്രൻസ് ഹാളിൽ വച്ച് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്റെ അദ്ധ്യക്ഷതയിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു.

ജനപ്രതിനിധികൾ, ആരോഗ്യ വകുപ്പിലെ ജീവനക്കാർ, ആശാവർക്കർമാർ, കുടുബശ്രീ പ്രവർത്തനങ്ങൾ പഞ്ചായത്ത് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

വീടുകൾ കയറിയുള്ള ബോധവൽക്കരണം, കൊതുകിന്റെ ഉറവിട നശീകരണം പ്രവർത്തനങ്ങൾ ഓട വൃത്തിയാക്കൽ, പ്രതിരോധ മരുന്ന് വിതരം, ക്ലോറിനേഷൻ എന്നിവ നടത്തി. അതാതു വാർഡുകളിൽ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൽ നടന്നു.

**കുടയത്തൂർ പഞ്ചായത്ത്** - കുടയത്തൂർ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പിന്റെ മേൽ നോട്ടിത്തിൽ ആശാ പ്രവർത്തകർ,, കുടുബശ്രീ പ്രവർത്തകരുടേയും സഹകരണത്തോടെ ശുചീകരണംവും ബോധവൽക്കരണ ക്ലാസും നടത്തി. എല്ലാ വാർഡുകളിലും കൊതുക് നശീകരണത്തിനാണ് പ്രാമുഖ്യം നൽകുന്നത്.കാട് വെട്ടിതെളിച്ച് ചിരട്ടകളിലും കുപ്പികളിലും പൊട്ടിയ പാത്രങ്ങളിലും കെട്ടിനിൽക്കുന്ന കൂത്താടികളെ നശിപ്പിച്ചാണ് ശുചീകരണം നടത്തുന്നത്. പനി പ്രതിരോധ മെഡിക്കൽ ക്യാമ്പുകളും നടത്തി. എലിപ്പനിക്കെതിരെയുള്ള ഗുളിക വിതരണം ചെയ്തു. എല്ലാ വാർഡുകളിലും ഫോഗിംഗ് നടത്തി.

ഇടുക്കി നിയോജകമണ്ഡലത്തിലെ ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം കുടയത്തൂർ ഗ്രാമ പഞ്ചായത്തിലെ കാഞ്ഞാറിൽ 04/07/17 ന് രാവിലെ ശ്രീ റോഷി അഗസ്റ്റിൻ എം.എൽ.എ. നിർവ്വഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, മെമ്പർമാർ ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർ, വ്യാപാരി വ്യവസായി ഏകോപന സമിതിയിലെ അംഗങ്ങൾ, ആശാ പ്രവർത്തകർ, കുടുബശ്രീ അംഗങ്ങൾ മുതലായവർ പങ്കെടുത്തു.

## തൊടുപുഴ ബ്ലോക്ക്

തൊടുപുഴ ബ്ലോക്കിൽ 27,28,29 തീയതികളിൽ**പുറപ്പുഴ, ഇടവെട്ടി, കുമാരമംഗലം, മണക്കാട്** എന്നീ പഞ്ചായത്തുകളിൽ കുടുംബശ്രീ പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ, MPKBY ഏജന്റുമാർ നടത്തിയ ത്രീവ ശുചീകരണ പ്രവർത്തനങ്ങൾ











## കുമളി ഗ്രമപഞ്ചായത്ത്:-

ജൂൺമാസം 24 -ാം തീയതി കുമളി ഗ്രാമപഞ്ചായത്തിന്റെ പ്രീയദർശിനി ഹാളിൽ പ്രസിഡന്റ് ശ്രീമതി. ആൻസി ജയിംസിന്റെ അധ്യക്ഷതയിൽ മഴക്കാല പൂർവ്വ ശുചീകരണ കാമ്പയിൻ നടന്നു. "മലിനമായ അന്തരീക്ഷവും, പകർച്ചവ്യാധിയും" എന്ന വിഷയത്തിൽ കുമളി പി.എച്ച്.സി സൂപ്പ് ഡോ.അജേഷ് സദാശിവം ക്ലാസുകൾ നയിച്ചു. പ്രസ്തുത ക്ലാസിൽ കുമളി പഞ്ചായത്തിലെ ഒട്ടനവധി ജനങ്ങളും, അംഗൻവാടി ടീച്ചർമാരും, ആശാവർക്കർമാരും, കുംടും

ബശ്രീ പ്രവർത്തകരും, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും, അരോഗ്യമേഖലയിലെ പ്രവർത്തകരും പങ്കെടുത്തു.

" ക്ലീൻ കുമളി ഗ്രീൻ കുമളി പദ്ധതിയുടെ പ്രവർത്തനങ്ങളെ കാര്യക്ഷമാക്കുന്നതിനുള്ള ജനകീയ പങ്കാളിത്തത്തിന്റ് ആവശ്യകത യോഗത്തിൽ ഊന്നി പറഞ്ഞു. മാലിന്യങ്ങൾ വഴിയോരങ്ങളിൽ വലിച്ചെറിയാതെ, നമ്മുടെ മാലിന്യം നമ്മുടെ ഉത്തരവാദിത്വമെന്ന് മലസ്സിലാക്കി ജനങ്ങൾ പ്രവർത്തിക്കണമെന്നും, മാലിന്യമുക്തമായ അന്തരീക്ഷം ആരോഗ്യദായകമായ ജീവിതത്തിന് നിദാനം എന്ന് യോഗത്തിൽ എടുത്തു പറഞ്ഞു

വ്യാപാര വ്യവസായ മേഖലയിലെ ആളുകളുടെ സഹകരണത്തോടെ കുമളി ടൗണിലെ ശുചീക രണ പ്രവർത്തനങ്ങൾ നടന്നു.വഴികളും, പുഴകളും, ഓടകളും മാലിന്യങ്ങൾ നീക്കം ചെയ്ത് വൃത്തിയാക്കി. ഓരോ വാർഡുകളിലും വാർഡ് മെമ്പർമാർ നേതൃത്വത്തിൽ ശുചീകരണ പ്രവർത്ത നങ്ങൾ നടന്നു. സ്കൂളുകളും, പരിസരവും വൃത്തിയാക്കുന്നതിനായി അദ്ധ്യാപകരും, കുട്ടികളും , രക്ഷകർത്താ സംഘടനയും ചേർന്ന് ശുചീകരണം നടത്തി.





പീരുമേട്. എംഎൽ.എ ശ്രീമതി ഇ.എസ്.ബിജിമോളുടെ നേതൃത്വത്തിൽ കുമളി വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ വച്ച് മഴക്കാല പൂർവ്വ ശുചീകരണ അവലോകന യോഗം നടന്നു. പ്രസ്തുത മീറ്റിംഗിൽ വിവിധ സർക്കാർ വകുപ്പിലെ ഉദ്യോഗ സ്ഥരും, വിശിഷ്യാ അരോഗ്യരംഗത്തെ പ്രവർത്തകരും, ശിശുക്ഷേമ വകുപ്പിലെ പ്രതിനിധികളും, ആശാവർക്കർമാരും, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരും, വ്യാപാര വ്യവസായ പ്രമുഖരും പങ്കെടുത്തു.

## ഏലപ്പാറ ഗ്രാമപഞ്ചായത്ത്:-

മഴക്കാല പൂർവ്വ ശുചീകരണത്തോടനുബന്ധിച്ച് ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലുമായി ജൂൺ 27,28,29 തീയതികളിലായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ഏലപ്പാറ ഗ്രാമപഞ്ചായത്തിന്റെയും, ആരോഗ്യ വകുപ്പിന്റേയും നേതൃത്വത്തിൽ നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങളിൽ വാർഡുതല സാനിട്ടേഷൻ സമിതി അംഗ ങ്ങൾ, കുംടുംബശ്രീ പ്രവർത്തകർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ, അശാ പ്രവർത്തകർ, തദ്ദേശവാസികൾ എന്നിവർ പങ്കെടുത്തു. ഓടകൾ വൃത്തിയാക്കൽ, പ്ലാസ്റ്റിക് നിർമ്മാർജ്ജനം, മുത ലായവ നടത്തിവരുന്നു.





## വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്:-

പഞ്ചായത്ത്തല ശുചീകരണം ഉദ്ഘാടനം പ്രസിഡന്റ് ശ്രീമതി. ശാന്തി ഹരിദാസ് നിർവ്വഹിച്ചു. ശുചീകരണ ബോധവ ത്ക്കരണ പരിപാടിയുടെ ഭാഗമായി റസിഡൻസ് അസ്സോസിയേഷൻ കേന്ദ്രീകരിച്ച് ഹെൽത്ത് ജീവനക്കാരും, കൃഷി, ഹോമിയോ, പോലീസ്, എക്സൈസ്, വിദ്യാഭ്യാസം, അംഗൻവാടി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, കുംടുംബശ്രീ പ്രവർത്തകർ എന്നിവരുടെ യോഗം 28/06/2017 നടത്തി. വാർഡുതല സാനിട്ടേഷൻ സമിതി അംഗങ്ങൾ, കുംടുംബശ്രീ

പ്രവർത്തകർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ, അശാ പ്രവർത്തകർ, പഞ്ചായത്തിലെ മുഴുവൻ ജനപങ്കാളിത്തത്തോടെ ശുചീകരണ പരിപാടി നടത്തുവാൻ യോഗത്തിൽ തീരുമാനിച്ചു. പഞ്ചായത്തിലെ മുഴുവൻ ജനവാസ പ്രദേശങ്ങളിലും ശുചീകരണ പരിപാടി നടത്തി.




## പീരുമേട് ഗ്രാമപഞ്ചായത്ത്:-

ഗ്രാമപഞ്ചായത്ത് തലത്തിൽ പീരുമേടിന്റ് ടൗൺ ശുചീകരണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. റ്റി.എസ്. സുലേഖ നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വിവധ സന്നദ്ധ സംഘടനപ്രവർത്തകരുടേയും പൊതു ജനങ്ങളുടേയും പങ്കാളിത്തം ഉായിരുന്നു. വിവിധ വാർഡുകളിൽ നടന്ന ശുചീകരണ പ്രവർത്തനങ്ങൾക്ക് വാർഡ് മെമ്പർമാർ,വാർഡുതല സാനിട്ടേഷൻ സമിതി അംഗങ്ങൾ, കുംടുംബശ്രീ പ്രവർത്തകർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ, അശാ പ്രവർത്തകർ, എന്നിവർ സജീവമായി പങ്കെടുത്തു.ടുറിസത്തിന്റെ അനന്ത സാധ്യതകൾ വിളിച്ചോതുന്ന പരുന്തും പാറയും, പാഞ്ചാലിമേടും ജനപങ്കാളിത്തത്തോടെ ശുചീകരണം നടത്തി.

ആരോഗ്യദായ പ്രവർത്തകരുടേയും, അദ്ധ്യാപകരുടേയും നേതൃത്വത്തിൽ പഞ്ചായത്തിലെ എല്ലാ പ്രധാന സ്ഥലങ്ങളിലും മഴക്കാല പൂർവ്വ ശുചീകരണത്തെക്കുറിച്ചും അതുമൂലമുാകുന്ന പകർച്ചവ്യാധികളെക്കുറിച്ചും ബോധവത്ക്കരണ ക്ലാസുകൾ നടന്നു.



## പെരുവന്താനം ഗ്രാമപഞ്ചായത്ത്:-

വിവിധ വാർഡുകളിലായി വാർഡ് മെമ്പർമാരുടേയും, ആരോഗ്യദായ പ്രവർത്തകരുടേയും, കുംടുംബശ്രീ പ്രവർത്തകർ, അശാ പ്രവർത്തകർ നേതൃത്വത്തിൽ ജൂലൈ 1,2,3 തീതികളിലായി ശുചീകരണ പ്രവൃത്തികൾ നടത്തി ജില്ലാ പഞ്ചായത്ത് മെമ്പർ മോളി ഡൊമിനിക് ഉദ്ഘാടനം ചെയ്തു.

വാർഡു തലങ്ങളിലായി മെമ്പർമാർ, ആരോഗ്യദായ പ്രവർത്തകരുടേയും, കുംടുംബശ്രീ പ്രവർത്തകർ, അശാ പ്രവർത്തകർ നേതൃത്വത്തിൽ വീടുകളിൽ വെള്ളം കെട്ടികിടക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കാൻ വേനിർദ്ദേശങ്ങൾ നൽകി. വ്യാപാര വ്യവസായ സ്ഥാപനങ്ങൾ, സ്കൂളുകൾ, പൊതുസ്ഥലങ്ങൾ, ഓടകൾ എന്നിവ വൃത്തിയാക്കി




.



## കൊക്കയാർ ഗ്രാമപഞ്ചായത്ത്:-

മഴക്കാല പൂർവ്വ ശുചീകരണത്തോടനുബന്ധിച്ച് കൊക്കയാർ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലുമായി ജൂൺ 27,28,29 തീയതികളിലായി വിവധ സന്നദ്ധ സംഘടനപ്രവർത്തകരുടേയും പൊതു ജനങ്ങളുടേയും പങ്കാളിത്തത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ഗ്രാമപഞ്ചായത്ത് തല പ്രവർത്തനത്തിന്റ് ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് നെച്ചൂർ തങ്കപ്പൻ നിർവ്വഹിച്ചു.

ഗ്രാമപഞ്ചായത്തിന്റെയും, ആരോഗ്യ വകുപ്പിന്റേയും നേതൃത്വത്തിൽ നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങളിൽ വാർഡുതല സാനിട്ടേഷൻ സമിതി അംഗങ്ങൾ, കുംടുംബശ്രീ പ്രവർത്തകർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ, അശാ പ്രവർത്തകർ, അദ്ധ്യാപകർ, സ്കൂൾകുട്ടികൾ, തദ്ദേശവാസികൾ എന്നിവരുടെ പങ്കാളിത്തത്തോടെ എല്ലാ വാർഡുകളിലും ശുചീകരണ പ്രവർത്തനങ്ങൾ നടന്നു.

ആരോഗ്യദായക പ്രവർത്തകരുടേയും, അദ്ധ്യാപകരുടേയും നേതൃത്വത്തിൽ പഞ്ചായത്തിലെ എല്ലാ പ്രധാന സ്ഥലങ്ങളിലും മഴക്കാല പൂർവ്വ ശുചീകരണത്തെക്കുറിച്ചും അതുമൂലമുാകുന്ന പകർച്ചവ്യാധികളെക്കുറിച്ചും ബോധവത്ക്കരണ ക്ലാസുകൾ നടത്തി




**അടിമാലി ബ്ലോക്ക്**

| ക്രമ നം. | നടത്തിയ ശുചിത്വ പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ |
|---|---|---|
| 1 | അടിമാലി പഞ്ചായത്ത്-<br><br>തോടുകൾ, ഓടകൾ, സ്കൂൾ പരിസരം വൃത്തിയാക്കൽ | ആരോഗ്യവകുപ്പിന്റെയും ഗ്രാമ പഞ്ചായത്തിന്റെയും നേതൃത്വത്തിൽ നടത്തിയ പ്രവർത്തനത്തിൽ വാർഡ്തല സാനിറ്റേഷൻ സമതി അംഗങ്ങൾ കുടുംബ ശ്രീ പ്രവർത്തകർ, ആശാ പ്രവർത്തകർ, എം ജി എൻ ആർ ഇ ജി എസ് തൊഴിലാളികൾ, പൊതുജനങ്ങൾ, സ്കൂൾ കുട്ടികൾ രക്ഷിതാക്കൾ എന്നിവർ പങ്കെടുത്തു. |
| 2 | ബൈസൺ വാലി ഗ്രാമ പഞ്ചായത്ത്-<br><br>ടൗൺ ശുചീകരണം,<br><br>ബോധവത്കരണ ക്ലാസ്സുകൾ<br><br>ഭവന സന്ദർശനം | ആരോഗ്യവകുപ്പിന്റെയും ഗ്രാമ പഞ്ചായത്തിന്റെയും നേതൃത്വത്തിൽ നടത്തിയ പ്രവർത്തനത്തിൽ കുടുംബ ശ്രീ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ എന്നിവർ പങ്കെടുത്തു. |

| | | |
|---|---|---|
| 3 | കൊന്നത്തടി ഗ്രാമ പഞ്ചായത്ത്- പുഴകൾ, ഓടകൾ വൃത്തിയാക്കൽ, വാർഡ്തല ശുചീകരണ പ്രവർത്തനങ്ങൾ, | ആരോഗ്യവകുപ്പിന്റെയും ഗ്രാമ പഞ്ചായത്തിന്റെയും നേതൃത്വത്തിൽ നടത്തിയ പ്രവർത്തനത്തിൽ കുടുംബ ശ്രീ പ്രവർത്തകർ, വാർഡ് മെമ്പർമാർ എന്നിവർ പങ്കെടുത്തു. |
| 4 | പള്ളിവാസൽ ഗ്രാമ പഞ്ചായത്ത്- റോഡ്, ഓട ക്ലീനിംഗ് ടൂറിസം കേന്ദ്രങ്ങളുടെ ശുചീകരണം. | ആരോഗ്യവകുപ്പിന്റെയും ഗ്രാമ പഞ്ചായത്തിന്റെയും നേതൃത്വത്തിൽ നടത്തിയ പ്രവർത്തനത്തിൽ കുടുംബ ശ്രീ പ്രവർത്തകർ, എം ജി എൻ ആർ ഇ ജി എസ് തൊഴിലാളികൾ, ദേശീയ സമ്പാദ്ധ്യ പദ്ധതി ഏജന്റുമാർഎന്നിവർ പങ്കെടുത്തു. |
| 5 | വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്ത്- ഓടകൾ വൃത്തിയാക്കൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനം, വാർഡ് തല ശുചീകരണ പ്രവർത്തനങ്ങ | ആരോഗ്യവകുപ്പിന്റെയും ഗ്രാമ പഞ്ചായത്തിന്റെയും നേതൃത്വത്തിൽ നടത്തിയ പ്രവർത്തനത്തിൽ കുടുംബ ശ്രീ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ ദേശീയ സമ്പാദ്ധ്യ പദ്ധതി ഏജന്റുമാർഎന്നിവർ പങ്കെടുത്തു. |

# ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

മഴക്കാലവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പകർച്ചപ്പനി ഉൾപ്പെടെയുള്ള രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ മുന്നൊരുക്ക പ്രതിരോധ പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 6 ഗ്രാമപഞ്ചായത്തുകളിലും യുദ്ധകാലാടിസ്ഥാനത്തിൽ നടന്നു വരികയാണ്. ആരോഗ്യ പ്രവർത്തകർ സന്നദ്ധ പ്രവർത്തകർ, ജനപ്രതിനിധികൾ, ജീവനക്കാർ, പൊതുജനങ്ങൾ തുടങ്ങി ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഉള്ളവരുടെ ആത്മാർത്ഥമായ സഹകരണവും നിതാന്തമായ ജാഗ്രതയും കൊണ്ട് പകർച്ചവ്യാധികളെ വലിയൊരളവോളം നിയന്ത്രിച്ചു നിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകളിൽ നടന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

   തുടർച്ചയായി നടന്നു വരുന്ന പ്രവർത്തനങ്ങൾക്കു പുറമേ സർക്കാർ നിർദ്ദേശ പ്രകാരമുള്ള രോഗ പ്രതിരോധ പ്രവർത്തനങ്ങളുടേയും പരിസര ശുചീകരണത്തിന്റേയും പഞ്ചായത്ത് തല ഉത്ഘാടനം 28.06.2017 ൽ കഞ്ഞിക്കുഴി ഗവ. എൽ.പി. സ്കൂളിൽ നടന്നു. 28, 29 തീയതികളിലായി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ആരോഗ്യ പ്രവർത്തകർ കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയവർ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പരിസര ശുചീകരണത്തിന്റേയും

കൊതുകു നശീകരണത്തിന്റേയും സന്ദേശവുമായി വാർഡ് ശുചിത്വ സമിതി അംഗങ്ങൾ ഭവന സന്ദർശനം നടത്തി. 04.07.2017-ൽ കഞ്ഞിക്കുഴി എസ്.എൻ. സ്കൂളിൽ വിദ്യാർത്ഥികൾ, എസ്.പി.സി. തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ സെമിനാർ സംഘടിപ്പിച്ചു. ചേലച്ചുവട്, കീരിത്തോട്, കഞ്ഞിക്കുഴി തുടങ്ങിയ പ്രധാന ടൗണുകളെല്ലാം വ്യാപാരി വ്യവസായി സമിതി, മർച്ചന്റ്സ് അസോസിയേഷൻ തുടങ്ങിയവരുടെ സഹകരണത്തോടുകൂടി ശുചീകരിച്ചു. സ്കൂളുകൾ, പൊതുസ്ഥാപനങ്ങൾ, ജനവാസ കേന്ദ്രങ്ങൾ എന്നിവിടങ്ങിൽ ശുചിത്വം നിലനിർത്തുന്നതിന് ആവശ്യമായ മുൻകരുതൽ സ്വീകരിച്ചിട്ടുണ്ട്.

2. <u>വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്</u>

പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പഞ്ചായത്ത്തല ഉത്ഘാടനം 29.06.2017-ൽ കരിമ്പൻ ടൗണിൽ നടന്നു. അന്നേ ദിവസം തന്നെ വാർഡുമെമ്പർമാരുടെ നേതൃത്വത്തിൽ കുടുംബശ്രീ-ആരോഗ്യ പ്രവർത്തകരുടേയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ഭവന സന്ദർശനവും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി. കരിമ്പൻ, ചെറുതോണി, തടിയമ്പാട്, വാഴത്തോപ്പ്, മണിയാറൻകുടി തുടങ്ങിയ വ്യാപാര കേന്ദ്രങ്ങൾ മർച്ചന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ശുചീകരിച്ചു. 04.07.2017-ൽ മഞ്ഞപ്പാറ ആരോഗ്യ കേന്ദ്രത്തിൽ വിപുലമായ ബോധവൽക്കരണ സെമിനാർ നടത്തി. രോഗ പ്രതിരോധത്തിന്റെ ഭാഗമായി ഫീൽഡ് വിസിറ്റും അവലോകന യോഗങ്ങളും നടന്നു വരുന്നു.

3. <u>മരിയാപുരം ഗ്രാമപഞ്ചായത്ത്</u>

ഇതര പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ മരിയാപുരം ഗ്രാമപഞ്ചായത്തിൽ ആരോഗ്യ പ്രശ്നങ്ങൾ കുറവാണ്. പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 27, 28, 29 തീയതികളിൽ പഞ്ചായത്തിലുടനീളം ആരോഗ്യ-ശുചിത്വ-ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. വാർഡ് മെമ്പർമാർ-ആശാ പ്രവർത്തകർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ടീമുകൾ രൂപീകരിച്ച് ഭവന സന്ദർശനം നടത്തി. ജില്ലാ സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ ഹോമിയോ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

4. <u>വാത്തിക്കുടി ഗ്രാമപഞ്ചായത്ത്</u>

മഴക്കാല പൂർവ്വ ശുചീകരണത്തിന്റെയും രോഗ പ്രതിരോധ പ്രവർത്തനങ്ങളുടേയും ഭാഗമായി വിപുലമായ മുന്നൊരുക്കങ്ങളാണ് വാത്തിക്കുടി ഗ്രാമപഞ്ചായത്തിൽ നടന്നു വരുന്നത്. നിർദ്ദേശങ്ങൾക്ക് കാത്തിരിക്കാതെ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ വളരെ മുമ്പ് തന്നെ ആരംഭിക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞു. ഭവന സന്ദർശനം, കൊതുകു നശീകരണം, പൊതു സ്ഥാപനങ്ങളുടെ ശുചീകരണം, സ്കൂളുകളുടെ പരിസര ശുചീകരണവും ബോധവൽക്കരണവും വ്യാപാര കേന്ദ്രങ്ങളുടേയും മാർക്കറ്റുകളുടേയും ശുചീകരണം തുടങ്ങിയ പ്രവർത്തങ്ങൾ സമയ ബന്ധിതമായും ഫലപ്രദമായും നടത്തുകയുണ്ടായി. രോഗസാദ്ധ്യതയുള്ള പ്രദേശങ്ങൾ മുൻകൂട്ടി കണ്ട് പ്രസ്തുത പ്രദേശത്തിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടുള്ള സമീപനമാണ് സ്വീകരിച്ച് വരുന്നത്. പതിനാറാംകണ്ടം ഗവ. ഹയർസെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച ബോധവൽക്കരണ സെമിനാർ ബഹു. ഇടുക്കി എം.എൽ.എ. ശ്രീ റോഷി അഗസ്റ്റിൻ ഉത്ഘാടനം ചെയ്തു.

5. <u>അറക്കുളം ഗ്രാമപഞ്ചായത്ത്</u>

പരിസര ശുചീകരണ പ്രവർത്തനങ്ങളും രോഗപ്രതിരോധ പ്രവർത്തനങ്ങളും ഫലപ്രദമായി നടപ്പാക്കുന്നതിൽ അറക്കുളം ഗ്രാമപഞ്ചായത്ത് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. വീടുവീടാന്തരം കയറിയിറങ്ങി ബോധവൽക്കരണം നടത്തുന്നതിനും വ്യാപാര കേന്ദ്രങ്ങൾ മാർക്കറ്റുകൾ പൊതു സ്ഥാപനങ്ങൾ, കൊതുകു പെരുകുവാൻ ഇടയുള്ള പ്രദേശങ്ങൾ തുടങ്ങി പ്രത്യേക ശ്രദ്ധ ആവശ്യമുള്ള എല്ലാ മേഖലകളേയും ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. അശോക, മൂലമറ്റം, കുളമാവ് പ്രദേശങ്ങൾ കേന്ദ്രീകരിച്ച് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തി.



11

6. <u>കാമാക്ഷി ഗ്രാമപഞ്ചായത്ത്</u>

ഭവന സന്ദർശനം കൊതുകു വളർച്ചയുടെ ഉറവിട നശീകരണം പൊതുസ്ഥാപനങ്ങളുടെ ശുചീകരണം വ്യാപാര കേന്ദ്രങ്ങൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ മാലിന്യ നിർമ്മാർജ്ജനം തുടർ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് കാമാക്ഷി ഗ്രാമപഞ്ചായത്തിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്. ആരോഗ്യ പ്രവർത്തകർ, വാർഡ് മെമ്പർമാർ, കുടുംബശ്രീ അംഗങ്ങൾ, പൊതുജനങ്ങൾ തുടങ്ങി എല്ലാ വിഭാഗങ്ങളുടേയും കൂട്ടായ പ്രവർത്തനം മാലിന്യ നിർമ്മാർജ്ജനത്തിലും രോഗ പ്രതിരോധത്തിലും വലിയ മുതൽകൂട്ടായി.

ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന 6 ഗ്രാമപഞ്ചായത്തുകളിലേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വാത്തിക്കുടി, കഞ്ഞിക്കുഴി സി.എച്ച്.സി മുഖേനെയും ഡിവിഷൻ മെമ്പർമാർ മുഖേനെയും പിൻതുണാ സംവിധാനം ഒരുക്കിക്കൊടുക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞു.

**കട്ടപ്പന നഗരസഭ**

**1.** 24.06.2017-ൽ സ്പെഷ്യൽ കൗൺസിൽ യോഗം ചോർന്നു.

**2.** 24-ാം തിയതി തന്നെ ശുചീകരണ പ്രവർത്തനങ്ങൾക്ക് നഗരസഭ തുടക്കംകുറിച്ചു

**3.** 27/06/2017-ൽ സർവ്വകക്ഷി യോഗം ചേരാൻ കൗൺസിൽ തീരുമാനിച്ചു,എ□ാൽ

ഇടുക്കി ജില്ലയിൽ ഹർത്താൽ ആയതിനാൽ യോഗം 28/06/2017 ലേയ്ക്ക് മാറ്റിവച്ചു

**4.** ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നതിനുള്ള

പ്രവർത്തനങ്ങൾ ഊർജിതമായി നടക്കുന്നു

5. 25-ാം തിയതി മുതൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നതും, 27-ാം തിയതി നഗരത്തിലെ മുഴുവൻ ഓടകളും വൃത്തിയാക്കി

**തൊടുപുഴ നഗരസഭ**

തൊടുപുഴ നഗരസഭ പകർച്ചപനി നിയന്ത്രിണത്തിന്റെ ഭാഗമായി 24/6/17-ൽ സ്പെഷ്യൽ കൗൺസിൽ കൂടുകയും പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും 28/6/2017 -ൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചു ചേർത്ത് വാർഡ്തല പ്രതിരോധ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ചെയ്തു. എല്ലാ വാർഡിലും വാർഡ് കൗൺസിലർമാരുടെ നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തി ശുചിത്വമിഷൻ ഫണ്ട് ഉപയോഗിച്ച് എല്ലാ വാർഡിലും ഫോഗിംഗ് നടത്തി വരുന്നു. വെള്ളക്കെട്ടുള്ള സ്ഥലങ്ങൾ അടയാളപ്പെടുത്തിയിട്ടുള്ളതും ടി സ്ഥലങ്ങളിൽ ലാർവി സൈഡ് തളിച്ചുവരുന്നു. കൂടാതെ ആശാ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരെ നിയോഗിച്ചുകൊണ്ട് ഉറവിട നശീകരണ പ്രവർത്തനങ്ങളും ഊർജ്ജിതമായി നടന്നു വരുന്നു. എല്ലാ ഞായറാഴ്ചകളും ഡ്രൈഡേ ആയി ആചരിക്കുന്നു

എല്ലാ വാർഡുകളിലും വാർഡ് സാനിട്ടേഷൻ കമ്മറ്റിയുടെ നേതൃത്വത്തി□ പൊതുശുചീകരണ പ്രവർത്തനങ്ങളും ഉറവിട നശീകരണ പ്രവർത്തനങ്ങളും നടന്നു വരുന്നു.



മഴക്കാലരോഗ മുൻകരുതൽ: ഒറ്റക്കെട്ടായി ഇടുക്കി

● ഇടുക്കി നിയോജകമണ്ഡലത്തിലെ ശുചിത്വദിനാചരണത്തിൽ ബഹുജന പങ്കാളിത്തം

പൊലീസ് സ്റ്റേഷനുകളിലും ശുചീകരണം

കുഞ്ചിത്തണ്ണിയെ മാലിന്യ മുക്തമാക്കും

പകർച്ചവ്യാധി പ്രതിരോധം



ശുചിത്വ മിഷന്റെ നേതൃത്വത്തിൽ മറയൂരിൽ ബാബുനഗർ വാർഡിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നു.

# ഡെങ്കി പടർന്ന ബാബുനഗറിൽ ശുചീകരണം നടത്തി

മറയൂർ● മറയൂർ പഞ്ചായത്തിൽ ഡെങ്കിപ്പനി പടർന്നു പിടിച്ച ബാബുനഗറിൽ ജില്ലാ ശുചിത്വമിഷന്റെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. മറയൂരിലെ ഏറ്റവും വലിയ ജനവാസ കേന്ദ്രങ്ങളിൽ ഒന്നായ ബാബുനഗറിലെ വീടുകളും കനാലുകളും ഓടകളും ശുചീകരിച്ച് ബ്ലീച്ചിങ് പൗഡർ വിതറി. ബാബുനഗറിൽ നടന്ന ശുചീകരണ പരിപാടിയിൽ ജില്ലാ ശുചിത്വ മിഷൻ പ്രവർത്തകർ, ആരോഗ്യവകുപ്പ് പ്രവർത്തകർ, ആഷാ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ പങ്കാളികളായി.

മറയൂർ ബാബുനഗറിൽ നടന്ന ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ജോമോൻ തോമസ് ഉദ്ഘാടനം ചെയ്തു. വാർഡ് അംഗം ശാന്തി തങ്കവേലു, വൈസ് പ്രസിഡന്റ് ഉഷാകുമാരി തമ്പിദുരൈ എന്നിവർ പങ്കെടുത്തു.

## മഴക്കാല രോഗപ്രതിരോധം: നാലിന് ശുചിത്വദിനം

## എറണാകുളം ജില്ല: ശുചീകരണ പ്രവർത്തനങ്ങൾ

ജില്ലയിലെ 82 ഗ്രാമ പഞ്ചായത്തുകളിലും 14 ബ്ലോക്ക് പഞ്ചായത്തുകളിലും 14 ബ്ലോക്ക് പഞ്ചായത്തുകളിലും 13 മുനിസിപ്പാലിറ്റികളിലും ഒരു കോർപ്പറേഷനിലും നടന്ന ശുചീകരണ പ്രവർത്തന റിപ്പോർട്ട്:-

എറണാകുളം ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 26,27,28 തീയതികളിൽ എല്ലാവരും ഒറ്റക്കെട്ടായി പടർന്നു പിടിക്കുന്ന പകർച്ചവ്യാധിക്കെതിനെ പോരാടി. ജില്ലയിൽ നടന്ന പ്രവർത്തനത്തിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് താഴെ ചേർക്കുന്നു.

| ശുചിത്വ സ്ക്വാഡ് രൂപീകരണം ഭവന സന്ദർശനം | പൊതുസ്ഥലങ്ങൾ മാലിന്യ മുക്തമാക്കൽ |
|---|---|
| പഞ്ചായത്തുകളിലെ വിവിധ വാർഡുകളിലായി വാർഡ് മെമ്പർ ചെയർമാൻ ആയിട്ടുള്ള ശുചിത്വ സമിതി 5 പേർ അടങ്ങുന്ന 5 ശുചിത്വ സ്ക്വാഡ് രൂപീകരിച്ചു. വീടുകൾ തോറും കയറിയിറങ്ങി പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തെക്കുറിച്ചും, അടുക്കളയിൽ നിന്നുള്ള മലിനജലം കെട്ടിക്കിടക്കുന്നതിനെയും അത് നിർമ്മാർജ്ജനം ചെയ്യുന്നതിന് ചെറിയ കുഴികൾ എടുക്കുന്നതിനെക്കുറിച്ച് പറഞ്ഞു. കുഴികൾ അവരെക്കൊണ്ട് എടുപ്പിച്ചു.<br><br>പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ പനി പടർന്നു പിടിച്ച് കിടക്കുന്ന സ്ഥലങ്ങളിൽ ആരോഗ്യ പ്രവർത്തകർ പ്രത്യേക ശ്രദ്ധചെലുത്തുകയും പനിപടർന്നു പിടിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു | വാർഡുകളിലെ വിവിധ റോഡുകളിലും തോടുകളിലും കുന്നുകൂടി കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്തു. കൂടാതെ വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കി. മാലിന്യങ്ങൾ നിറഞ്ഞ് കിടക്കുന്ന കിണറുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് ശുചീകരിച്ചു. കൂടാതെ വീടുകളിലെ കിണറുകൾ ക്ലോറിനേറ്റ് ചെയ്യുകയും ചെയ്തു.<br><br>എല്ലാ ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷൻ, സന്നദ്ധ സംഘടനകൾ എന്നിവരുടെ മേൽനോട്ടത്തിൽ ആരോഗ്യ ബോധവൽക്കരണ യോഗങ്ങളും വിവിധ മത സ്ഥാപനങ്ങൾ മുഖേന മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. സ്കൂൾ അസംബ്ലിയിലും മറ്റും ഡെങ്കിപ്പനിയെക്കുറിച്ചും എലിപ്പനിയെക്കുറിച്ചും ബോധവൽക്കരണം നൽകി. |

യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രതിരോധ പ്രവർത്തനത്തിലൂടെ സർക്കാർ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിച്ച് പടർന്നു പിടിക്കുന്ന ഡെങ്കിപ്പനി, മഞ്ഞപ്പിത്തം മുതലായവയെ പ്രതിരോധിക്കുവാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്..

**NEDUMBASSERY GRAMA PANCHAYAT**




**CHOORNIKKARA GRAMA PANCHAYAT**




KUNNUKARA GRAMA PANCHAYAT



**POTHANICAD GP**



**KUNNUKARA GP**



**NEDUMBASSERY GP**

## ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തി

**പിറവം:** മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പിറവം ഗവ. ആയുർവേദാശുപത്രിയിൽ പ്രത്യേക മെഡിക്കൽ ക്യാമ്പ് നടത്തി. നഗര സഭാധ്യക്ഷൻ സാബു കെ. ജേക്കബ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ഉപാധ്യക്ഷ ഐഷ മാധവൻ അധ്യക്ഷയായി. ഡോ. ദിവ്യ സി.വാര്യർ, ഡോ. ദീപ, ഡോ. ലക്ഷ്മി പത്മകുമാർ, ഡോ. ശ്രീവിദ്യ, ഡോ. പി.ആർ. സലിം, ഡോ. എം.ജി. രാഹുലൻ എന്നിവർ ക്യാമ്പിലെത്തിയവരെ പരിശോധിച്ചു.

Mathrubhumi e-paper KOCHI
Wed, 28 June 2017
digitalpaper.mathrubhumi.com/c/2

## പകർച്ചപ്പനി: ചികിത്സാ ക്യാമ്പും ബോധവത്കരണവും

**കോതമംഗലം:** പിണ്ടിമന സ്റ്റേറിയപ്പടി സൗഹൃദ റസിഡൻറ്സ് അസോസിയേഷനും ചൈതന്യ ക്ലബ്ബും ഗ്രാമപ്പഞ്ചായത്തും പി.എച്ച്.സി. യും ചേർന്ന് പകർച്ചപ്പനി ചികിത്സാ ക്യാമ്പും ബോധവത്കരണ സെമിനാറും നടത്തി. ആൻറണി ജോൺ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. പ്രസിഡൻറ് പി.പി.ജോർജ് അധ്യക്ഷനായി.

Mathrubhumi e-paper KOCHI
Wed, 28 June 2017
digitalpaper.mathrubhumi.com/c/204

## ശുചീകരണം നടത്തി

**കൊച്ചി:** കൊതുക് നിയന്ത്രണത്തിനും പോതുസ്ഥലം വൃത്തിയാക്കുന്നതിനുമായി സെൻട്രൽ ഡിവിഷനിലെ ശുചീകരണത്തിന് തുടക്കമായി. പദ്ധതിയുടെ ഉദ്ഘാടനം കൗൺസിലർ സുധ ദിലീപ് നിർവഹിച്ചു.

'എഡ്രാക്' പ്രസിഡൻറ് രംഗദാസ പ്രഭു അധ്യക്ഷത വഹിച്ച യോഗത്തിൽ കുമ്പളം രവി, ഏലൂർ ഗോപിനാഥ്, ആർ. രാംനാരായണൻ, എസ്. പ്രവീൺ തുടങ്ങിയവർ സംസാരിച്ചു.

Mathrubhumi e-paper KOCHI
Thu, 29
digital

# ാടെങ്ങും ശുചീകരണ യജ്ഞം

മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങ
ഗമായി രാമമംഗലം ഗ്രാമ പ്പഞ്ചായത്തും രാ
കമ്മ്യൂണിറ്റി ഹെൽത്ത് സെൻററും ചേർന്ന്
ത്തിൽ ശുചീകരണം നടത്തി. ഗ്രാമപ്പഞ്ചാ
പ്രസിഡൻറ് കെ.എ. മിനികുമാരി ഉദ്ഘാടനം
വൈസ് പ്രസിഡൻറ് പി.പി. സുരേഷ്കുമാർ,
ദളായ സിന്ധു രവി, പി.സി. ജോയി, ഹെൽ
പ്പർവൈസർ ജോയ് ജോസഫ് എന്നിവരും
്യ വകുപ്പിലെ മറ്റ് പ്രവർത്തകരും പങ്കെടു
ാർഡുകളിൽ നടത്തിയ ശുചീകരണത്തിന്
ഞ്ചായത്തംഗങ്ങൾ നേതൃത്വം നൽകി.

**വാരപ്പെട്ടിയിൽ ഇന്ന് മെഡിക്കൽ ക്യാമ്പ്**

ംഗലം: വാരപ്പെട്ടി ഗ്രാമപ്പഞ്ചായത്തിൽ ശു
ണ പരിപാടിയിൽ നെല്ലിമറ്റം എംബിറ്റ്സ്
നീയറിങ് കോളേജ് എൻ.എസ്.എസ്. യൂണി
 വിദ്യാർഥികൾ പങ്കെടുത്തു. വാരപ്പെട്ടി കവ
രിസരവും ശുചീകരിച്ചു. ആൻറണി ജോൺ
ൽ.എ. ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായ
സിഡൻറ് റഷീദ സലിം, പഞ്ചായത്ത് വൈസ്
ൻറ് എ.എസ്. ബാലകൃഷ്ണൻ, വാർഡ് മെമ്പർ
കല, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ
 റോയ് എന്നിവർ സംസാരിച്ചു.

.എസ്.എസ് വൊളൻറിയർമാരായ ബേ
പാൾ, വിഷ്ണു വി. നായർ, ആഷ്ലി സ്കറിയ എ
നേതൃത്വം നൽകി.

ിപ്പിള്ളി പ്രദേശത്ത് 1, 13 വാർഡുകൾ കേ
്ച് ആരോഗ്യ-ആശാ-അങ്കണവാടി -കുടും



മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി രാമമംഗലം പഞ്ചായത്തിൽ നടത്തിയ ശുചീകരണ പ്രവർത്തനങ്ങൾ പ്രസിഡൻറ് കെ.എ. മിനികുമാരി ഉദ്ഘാടനം ചെയ്യുന്നു

ബശ്രീ പ്രവർത്തകർ തുടങ്ങിയ 45 പേരടങ്ങുന്ന അഞ്ചു ടീമുകളായി തിരിഞ്ഞ് വീടുകൾ സന്ദർശിച്ചു. ഇന്ദിരാഗാന്ധി എൻജിനീയറിങ് കോളേജ്, രാജഗിരി എൻജിനീയറിങ് കോളേജ് എന്നിവിടങ്ങളിലെ വിദ്യാർഥികളും പങ്കാളികളായി. വെള്ളിയാഴ്ച കോഴിപ്പിള്ളി കവലയിൽ യങ് മെൻസ് വായനശാലാ ഹാളിൽ ആയുർവേദ-ഹോമിയോ-അലോപ്പതി വിഭാഗങ്ങളുടെ സംയുക്ത മെഡിക്കൽ ക്യാമ്പ് നടക്കും.

**ശുചീകരണ കാമ്പയിന് തുടക്കം**

കോതമംഗലം: കൊതുക് ഉറവിട നശീകരണ പ്രവർത്തനങ്ങളും മാലിന്യ നീക്കത്തിനും തുടക്കമായി.

ശുചീകരണ പ്രവർത്തനങ്ങളുടെ മണ്ഡലതല ഉദ്ഘാടനം വാരപ്പെട്ടി പഞ്ചായത്തിലെ കോഴിപ്പിള്ളിയിൽ ആൻറണി ജോൺ എം.എൽ. എ. നടത്തി. ഹെൽത്ത് സ്റ്റാഫ്, കുടുംബശ്രീ, ആശാ പ്രവർത്തകർ എന്നിവർ പങ്കെടുത്തു.



സി.പി.ഐ. കൂത്താട്ടുകുളത്ത് നടത്തിയ പൊതു സ്ഥാപനങ്ങളുടെ പരിസര ശുചീകരണ പരിപാടി എ.എസ്. രാജൻ ഉദ്ഘാടനം ചെയ്യുന്നു

**മഞ്ഞള്ളൂരിൽ മഴക്കാല ശുചീകരണം**

മൂവാറ്റുപുഴ: മഞ്ഞള്ളൂർ പഞ്ചായത്തിൻെറ നേതൃത്വത്തിൽ മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. മലിനജലം ഒഴുകുന്ന ഓടകളുടെ ശുചീകരണവും പൊതുസ്ഥലങ്ങളുടെ ശുചീകരണവുമാണ് നടത്തിയത്. പ്രസിഡൻറ് ജോസ് പെരുമ്പിള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡൻറ് രാജശ്രീ അനിൽ, ടോമി തന്നിട്ടാംമാക്കൽ, എൻ.ജെ. ജോർജ്, സാബു പുന്നേകുന്നേൽ, ഹെർത്ത് ഇൻസ്പെകർ വിശ്വനാഥ് തുടങ്ങിയവർ നേതൃത്വം നൽകി.



മഞ്ഞള്ളൂർ പഞ്ചായത്തിൻെറ നേതൃത്വത്തിൽ നടത്തിയ മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ പ്രസിഡൻറ് ജോസ് പെരുമ്പിള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്യുന്നു

**സി.പി.ഐ. യുടെ നേതൃത്വത്തിൽ ശുചീകരണം**

കൂത്താട്ടുകുളം: സി.പി.ഐ. കൂത്താട്ടുകുളം ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ പൊതു സ്ഥാപനങ്ങളുടെ പരിസര ശുചീകരണ പരിപാടി തുടങ്ങി. സി.പി.ഐ. മണ്ഡലം സെക്രട്ടേറിയറ്റ് അംഗം എ.

എസ്. രാജൻ ഉദ്ഘാടനം ചെയ്തു. ലോക്കൽ സെക്രട്ടറി എ.കെ. ദേവദാസ് അധ്യക്ഷനായി.

വില്ലേജ് ഓഫീസർ ടി.കെ. ബാബു, സി.ജി. സോമൻ, ലിനീഷ് തുളസീദാസ്, കെ. ജയൻ തുടങ്ങിയവർ നേതൃത്വം നൽകി.

Mathrubhumi e-paper KOCHI
Fri, 30 June 2017
digitalpaper.mathrubhumi.com/c/20430617

## ശുചീകരണം നടത്തി

**കൊച്ചി:** കൊതുക് നിയന്ത്രണത്തിനും പോതുസ്ഥലം വൃത്തിയാക്കുന്നതിനുമായി സെൻട്രൽ ഡിവിഷനിലെ ശുചീകരണത്തിന് തുടക്കമായി. പദ്ധതിയുടെ ഉദ്ഘാടനം കൗൺസിലർ സുധ ദിലീപ് നിർവഹിച്ചു. 'എഡ്രാക്' പ്രസിഡൻറ് രംഗദാസ പ്രഭു അധ്യക്ഷത വഹിച്ച യോഗത്തിൽ കുമ്പളം രവി, ഏലൂർ ഗോപിനാഥ്, ആർ. രാം നാരായണൻ, എസ്. പ്രവീൺ തുടങ്ങിയവർ സംസാരിച്ചു.

Mathrubhumi e-paper KOCHI
Thu, 29 June 2017
digitalpaper.mathrubhumi.com/c/2043032

# കൊതുകു നശീകരണത്തിന് മരുന്നുതളി തുടങ്ങി

**കൊച്ചി:** നഗരത്തിൽ പനി പടരുന്ന സാഹചര്യത്തിൽ നഗരസഭയുടെ നേതൃത്വത്തിൽ കൊതുകു നശീകരണത്തിനായി പുതിയ മരുന്ന് തളിച്ചുതുടങ്ങി. ബുധനാഴ്ച രാവിലെ പത്തരയോടെ കമ്മട്ടിപ്പാടത്ത് മേയർ സൗമിനി ജെയിൻ ഉദ്ഘാടനം ചെയ്തു. 'ബാക്ടോ പവർ' എന്ന കൊതുകു നശീകരണ മരുന്നാണ് പുതുതായി നഗരത്തിൽ ഉപയോഗിക്കുക.

കണ്ണൂർ ആസ്ഥാനമായ റെയിഡ്കോ കമ്പനിയാണ് നഗരസഭയ്ക്ക് മരുന്ന് വിതരണം ചെയ്യുന്നത്.

ഒരു ശതമാനം പോലും വിഷാംശം ഇല്ലാത്ത മരുന്നാണ് ബാക്ടോ പവർ എന്ന് മേയർ പറഞ്ഞു. നഗരസഭയിലെ 16-ാം ഡിവിഷൻ ഇടക്കൊച്ചി സൗത്ത് ഭാഗങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ചത് ഫലപ്രദമാണെന്ന് പരിസരവാസികൾ അറിയിച്ചതിൻെറ അടിസ്ഥാനത്തിലാണ് തുടർന്നും ഉപയോഗിക്കുവാനുള്ള തീരുമാനത്തിലെത്തിയത്.

കമ്മട്ടിപ്പാടത്ത് തളിക്കുന്ന മരുന്നിൻെറയും പ്രതികരണം പരിസരവാസികളിൽ നിന്ന് ചോദിച്ചറിയും. എന്തെങ്കിലും രീതിയിലുള്ള പാർശ്വഫലങ്ങൾ ഉണ്ടാവുന്നുണ്ടോ എന്നും അന്വേഷിക്കും -മേയർ പറഞ്ഞു.

മരുന്ന് തികച്ചും വിഷരഹിതമാണെന്ന് ബാക്ടോ പവർ ഡയറക്ടർ കൊല്ലം പണിക്കർ പറഞ്ഞു. കൊതുകുമുട്ട ഭക്ഷിക്കുന്ന ബാക്ടീരിയ ആണ് മരുന്നിലെ പ്രധാന ഘടകം. ഇത് നാലുമാസത്തിനുള്ളിൽ എറണാകുളം നഗരത്തിലെ എൺപത് ശതമാനം കൊതുകുകളെയും നിർമാർജനം ചെയ്യും. മരുന്ന് തളിക്കുന്ന സ്ഥലത്തെ പുല്ലുകളിൽ തൊടുന്നതിനോ അവ പശുക്കളോ ആടുകളോ ഭക്ഷിക്കുന്നതിനും കുഴപ്പങ്ങളില്ല -കൊല്ലം പണിക്കർ പറഞ്ഞു.

നഗരസഭ വൈസ് ചെയർമാൻ ടി.ജെ. വിനോദ്, മിനിമോൾ വി.കെ, ഷൈനി മാത്യു, ഗ്രേസി ജോസഫ്, പൂർണിമ നാരായണൻ, കെ.വി.പി. കൃഷ്ണകുമാർ, പി.എം. ഹാരിസ്, എ.ബി. സാബു, പ്രതിപക്ഷ കൗൺസിലർ കെ.ജെ. ആൻറണി, ഹെൽത്ത് വിഭാഗം ജീവനക്കാർ, റസിഡൻറ്സ് അസോസിയേഷൻ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

തുടർന്നുള്ള ദിവസങ്ങളിൽ നഗരത്തിലെ 74 ഡിവിഷനുകളിലും മരുന്ന് ഉപയോഗിക്കുമെന്നും മേയർ പറഞ്ഞു.

Mathrubhumi e-paper KOCHI
Thu, 29 June 2017
digitalpaper.mathrubhumi.com/c/20430508

## ശുചീകരണം നടത്തി

**കാലടി:** പഞ്ചായത്തും ആരോഗ്യവകുപ്പുമായി സഹകരിച്ച് മേഖലാ റസിഡൻറ്സ് അസോസിയേഷൻ ടൗണിൽ ശുചീകരണം നടത്തി. പഞ്ചായത്ത് വൈസ് പ്രസിഡൻറ് ബിജു മാണിക്കമംഗലം ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡൻറ് സി.കെ.അൻവർ അധ്യക്ഷനായി. വാർഡ് മെമ്പർ മിനി ബിജു, സിദിൽകുമാർ, തോമസ് പടയാട്ടി തുടങ്ങിയവർ പ്രസംഗിച്ചു.

Mathrubhumi e-paper KOCHI
Fri, 30 June 2017
digitalpaper.mathrubhumi.com/

# വ്യവസായ മേഖലാ റോഡിലെ മാലിന്യം നീക്കി

**കരിയാട്:** അങ്കമാലി വ്യവസായ മേഖലയിലേക്ക് നെടുമ്പാശ്ശേരി പഞ്ചായത്തിൽ നിന്ന് എളുപ്പത്തിൽ പ്രവേശിക്കാവുന്ന വ്യവസായ മേഖലാ റോഡിൽ കൂടിക്കിടന്ന മാലിന്യം നീക്കി. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച തീവ്ര ശുചീകരണ പരിപാടിയുടെ ഭാഗമായി നെടുമ്പാശ്ശേരി പഞ്ചായത്തിലെ 5-ാം വാർഡ് ശുചിത്വ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് മാലിന്യം നിറഞ്ഞ റോഡ് ഒരു ദിവസംകൊണ്ട് വൃത്തിയാക്കിയത്. വ്യവസായ മേഖലയിൽനിന്നുംപ്പെടെ ഇവിടെ മാലിന്യം നിക്ഷേപിച്ചിരുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങളും, ജൈവമാലിന്യങ്ങളും നിറഞ്ഞ റോഡ് ജനകീയ കൂട്ടായ്മയിലൂടെയാണ് വൃത്തിയാക്കിയത്.



മാലിന്യം നിറഞ്ഞ അങ്കമാലി വ്യവസായ മേഖലാ റോഡ്.



റോഡിലെ മാലിന്യം നീക്കിയ ശേഷം.

ആളൊഴിഞ്ഞ ഈ പ്രദേശത്ത് തുടർന്ന് മാലിന്യം തള്ളുന്നത് തടയാൻ രാത്രിയിലും പകലും നാട്ടുകാർ കാവൽ നിൽക്കുന്നതിനും, ക്യാമറ സ്ഥാപിക്കുന്നതിനും തീരുമാനിച്ചു. പ്രദേശത്തെ മനോഹരമാക്കുന്നതിനെ കുറിച്ച് ആലോചിക്കാൻ പരിസരവാസികളുടെ യോഗം വാർഡു മെമ്പർ വിളിച്ചു ചേർത്തിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് പി.സി. സോമശേഖരൻ, എൻ.കെ. ഷാജി, പി.എസ്. സുനിഷ് എന്നിവർ നേതൃത്വം നൽകി.

Fri, 30 June 2017
digitalpaper.mathrubhumi.com/c/20430774

# എടവനക്കാട് വീടുകളിൽ ആരോഗ്യ ബോധവത്കരണ സർവേ

**ചെറായി:** എടവനക്കാട് എസ്.ഡി.പി.വൈ. കെ.പി.എം. ഹൈസ്കൂളിലെ സ്റ്റുഡൻറ് പോലീസ് കേഡറ്റുകളും, ജൂനിയർ റെഡ്ക്രോസ് കേഡറ്റുകളും ചേർന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻെറ നേതൃത്വത്തിൽ കൊതുകു നിവാരണ ആരോഗ്യ ബോധവത്കരണ സർവേ നടത്തി.

എടവനക്കാട് ഗ്രാമപ്പഞ്ചായത്തിൻെറയും ആരോഗ്യവകുപ്പിൻെറയും മേൽനോട്ടത്തിൽ നടക്കുന്ന ഊർജിത പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ യജ്ഞത്തിൻെറ ഭാഗമായിട്ടായിരുന്നു സർവേ. എടവനക്കാട് ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് കെ.യു. ജീവൻമിത്ര ചടങ്ങ് ഉദ്ഘാടനം ചെയ്തു.

Fri, 30 June 2017
digitalpaper.mathrubhumi.com/c/



കൂത്താട്ടുകുളം സെൻട്രൽ റസിഡൻറ്സ് അസോസിയേഷൻെറ ഭവനപരിസര ശുചീകരണ പരിപാടി നഗരസഭാ ആരോഗ്യകാര്യ സ്ഥിരം സമിതി അധ്യക്ഷൻ സണ്ണി കുര്യാക്കോസ് ഉദ്ഘാടനം ചെയ്യുന്നു



പിറവം നിയോജകമണ്ഡലത്തിൽ നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങൾ അനൂപ് ജേക്കബ് എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

# നാട്ടിൽ ശുചീകരണം തുടങ്ങി

**കൂത്താട്ടുകുളം:** സെൻട്രൽ റസിഡൻറ്സ് അസോസിയേഷൻെറ ആഭിമുഖ്യത്തിൽ ഭവനപരിസര ശുചീകരണ പരിപാടികൾ ആരംഭിച്ചു. അസോസിയേഷൻെറ പ്രവർത്തന പരിധിയിലെ മുഴുവൻ റോഡുകളും ഇതോടനുബന്ധിച്ച് വൃത്തിയാക്കി.

കൂത്താട്ടുകുളം നഗരസഭാ ആരോഗ്യകാര്യ സ്ഥിരം സമിതി അധ്യക്ഷൻ സണ്ണി കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു.

അസോ. പ്രസിഡൻറ് പി.പി. ജോണി അധ്യക്ഷനായി. പി.സി. മാർക്കോസ്, ഓമന മണിയൻ, പി.സി. ജോസ്, എം.എം. അശോകൻ, കെ.എം. റോയി, സണ്ണി മണലോടിയിൽ എന്നിവർ പ്രസംഗിച്ചു.

**പിറവം:** മഴക്കാല രോഗങ്ങൾ പെരുകുന്ന സാഹചര്യത്തിൽ പിറവം നിയോജകമണ്ഡലത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ടൗൺ ശുചീകരണത്തോടെയായിരുന്നു തുടക്കം.

പിറവം താലൂക്ക് ആശുപത്രി കവലയിൽ അനൂപ് ജേക്കെ എം.എൽ.എ. ശുചീകരണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്ത

നഗരസഭാധ്യക്ഷൻ സാബു കെ. ജേക്കബ്, ഉപാധ്യക്ഷ ഐഗ മാധവൻ എന്നിവരും കൗൺസിലർമാരും പങ്കെടുത്തു.

ചൊവ്വ, ബുധൻ ദിവസങ്ങളിലും ശുചീകരണം തുടരും.

Tue, 27 June 2017
digitalpaper.mathrubhumi.com/c/20431084

# ശുചീകരണ പ്രവർത്തനത്തിന് കരട് രേഖയായി

**കൊച്ചി:** ജില്ലയിൽ 27, 28, 29 തീയതികളിലായി നടക്കുന്ന ശുചീകരണ കാമ്പയിന്റെ പ്രവർത്തന കലണ്ടറിന് കരട് രേഖയായി. 27 ന് സ്കൂൾ അസംബ്ലികളിൽ വിദ്യാർഥികൾ ശുചിത്വ പ്രതിജ്ഞയെടുക്കണമെന്നാണ് നിർദ്ദേശം. വീട്ടിലും വിദ്യാലയത്തിലും ശുചിത്വം ഉറപ്പാക്കേണ്ടതിനെക്കുറിച്ച് വിദ്യാർഥികൾക്ക് ക്ലാസ് നൽകും. തുടർന്ന് കുട്ടികളുടെ പങ്കാളിത്തത്തോടെ സ്കൂളും പരിസരവും വൃത്തിയാക്കും. സ്കൂളുകളിലേത് കൂടാതെ ജില്ലയിലെ എല്ലാ സ്ഥാപനങ്ങളിലെയും മേധാവി, ജീവനക്കാരെ വിളിച്ചുകൂട്ടി പ്രതിജ്ഞയെടുക്കണം.

28 ന് വീടും പരിസരവും വൃത്തിയാക്കണം. ഡെങ്കിപ്പനി പരത്തുന്ന ഈഡിസ് കൊതുക് വളരാൻ സാഹചര്യമൊരുക്കുന്ന വിധം വെള്ളം കെട്ടി നിൽക്കുന്നില്ലെന്ന് ഉറപ്പുവരുത്തണം. ഈ മൂന്ന് ദിവസങ്ങളിലും ഓരോ വാർഡിലും പൊതുസ്ഥലങ്ങളിൽ മാലിന്യക്കൂമ്പാരമോ കൊതുക് വളരുന്ന സാഹചര്യമോ ഇല്ലെന്ന് ഉറപ്പുവരുത്താൻ വാർഡ് കമ്മിറ്റിയോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി കൂലിക്ക് തൊഴിലാളികളെ ഏർപ്പെടുത്താം. തൊഴിലാളികൾക്ക് ആവശ്യമായ വ്യക്തിഗത സുരക്ഷ ഉറപ്പുവരുത്തണം. ശുചിത്വം ഉറപ്പാക്കാനായി 50 വീടിന് മൂന്നു പേരടങ്ങുന്ന സംഘത്തെ നിയോഗിക്കണം. ശുചീകരണ നിർദ്ദേശങ്ങൾ ആരെങ്കിലും പാലിക്കുന്നില്ലെങ്കിൽ പഞ്ചായത്തിനെയും ആരോഗ്യ വകുപ്പിനെയും അറിയിക്കണം.

Mathrubhumi e-paper KOCHI
Tue, 27 June 2017
digitalpaper.mathrubhumi.com/

## ആലോചനാ യോഗം

**കോലഞ്ചേരി:** ഐക്കരനാട് പഞ്ചായത്തിലെ മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുന്നതിലേക്കായി ചൊവ്വാഴ്ച കടയിരുപ്പ് കമ്യൂണിറ്റി ഹാളിൽ ആലോചനാ യോഗം നടത്തുമെന്ന് സെക്രട്ടറി അറിയിച്ചു.

Mathrubhumi e-paper KOCHI
Tue, 27
digital

## മഴക്കാല ശുചീകരണം ആരംഭിച്ചു

**വൈപ്പിൻ:** എളങ്കുന്നപ്പുഴ ഗ്രാമപ്പഞ്ചായത്തിലെ സർവകക്ഷി യോഗ തീരുമാനപ്രകാരം മഴക്കാല ശുചീകരണ പ്രവർത്തനങ്ങളും പകർച്ചപ്പനി നിവാരണ ബോധവത്കരണവും വാർഡുകളിൽ ആരംഭിച്ചു. 12-ാം വാർഡിൽ വാർഡ് മെമ്പർ പി.എസ്. ഷാജി ഉദ്ഘാടനം ചെയ്തു. ഒരുമ റസിഡൻറ്സ് അസോസിയേഷൻ, ആശാൻ സ്മാരക വായനശാല എന്നിവയുടെ സഹകരണത്തോടെയാണ് ശുചീകരണം നടത്തിയത്.

Mathrubhumi e-paper KOCHI
Thu, 29 June
digitalpaper.



ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ആശ സനിലിൻെറ നേതൃത്വത്തിൽ പഞ്ചായത്ത് ആസ്ഥാന പരിസരത്ത് നടത്തിയ ശുചീകരണ പ്രവൃത്തി

## ജില്ലാ പഞ്ചായത്ത് വളപ്പ് വൃത്തിയാക്കി

**കാക്കനാട്:** പകർച്ചപ്പനി നിയന്ത്രിക്കുന്ന തീവ്ര പരിപാടിയുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് പരിസരം പ്രസിഡൻറ് ആശ സനിലിൻെറ നേതൃത്വത്തിൽ മാലിന്യമുക്തമാക്കി. വ്യാഴാഴ്ച രാവിലെ ആരംഭിച്ച ശുചീകരണ യജ്ഞത്തിൽ വൈസ് പ്രസിഡൻറ് അബ്ദുൾ മുത്തലിബ്, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ സി.കെ. അയ്യപ്പൻകുട്ടി, പി.എസ്. ഷൈല, സെക്രട്ടറി കെ.കെ. അബ്ദുൾ റഷീദ് തുടങ്ങിയവർ പങ്കാളികളായി.

Mathrubhumi e-paper KOCHI
Fri, 30 June 2017
digitalpaper.mathrubhumi.com/c/20430930



മുത്തൂറ്റ് എൻജിനീയറിങ് കോളേജിലെ വിദ്യാർഥികൾ വരിക്കോലി നീർമേൽ കോളനിയിൽ നടത്തിയ ശുചീകരണം പ്രോഗ്രാം ഓഫീസർ എൽദോ ജോയ് ഉദ്ഘാടനം ചെയ്യുന്നു



മഴുവന്നൂർ ഗ്രാമപ്പഞ്ചായത്തിൽ നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങൾ വി.പി. സജീന്ദ്രൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

## ഗ്രാമങ്ങളിൽ ശുചീകരണ യജ്ഞം

**കോലഞ്ചേരി :** മഴുവന്നൂർ ഗ്രാമപ്പഞ്ചായത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. മണ്ണൂർ എം.സി. റോഡിൽ തുടങ്ങിയ ശുചീകരണം വി.പി. സജീന്ദ്രൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് അമ്മുക്കുട്ടി സുദർശൻ, വൈസ് പ്രസിഡൻറ് വി. ഫിലിപ്പ്, ഷൈനി കുര്യാക്കോസ്, ധന്യ ജയശേഖർ, ലിജി തമ്പി, തുടങ്ങിയവർ പ്രസംഗിച്ചു.

**നീർമേൽ കോളനി ശുചീകരിച്ച് എൻജിനീയറിങ് വിദ്യാർഥികൾ**

കോലഞ്ചേരി : മുത്തൂറ്റ് എൻജിനീയറിങ് കോളേജ് എൻ.എസ്.എസ്. യൂണിറ്റിലെ വിദ്യാർഥികൾ വരിക്കോലി നീർമേൽ കോളനി ശുചീകരിച്ചു. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ എൽദോ ജോയി പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. മെമ്പർ മഞ്ജു വിജയൻ, അശോകൻ, മഹേഷ്, അരുൺ, വേലപ്പൻ ആചാരി, കണ്ണൻ മോഹനൻ, അശ്വിൻ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

Mathrubhumi e-paper KOCHI
Fri, 30 June 2017
digitalpaper.mathrubhumi.com/c/20430902

## പനി പ്രതിരോധം: നഗരസഭയുടെ ഔഷധ വണ്ടി പര്യടനം തുടങ്ങി

**പറവൂർ:** പകർച്ചപ്പനി പ്രതിരോധ നടപടികളുടെ ഭാഗമായി പറവൂർ നഗരസഭയും ഗവ. ആയുർവേദ ആശുപത്രിയും സംയുക്തമായി നടത്തുന്ന ഔഷധ വണ്ടിയുടെ പര്യടനം തുടങ്ങി.

29 വാർഡുകളിലെയും നഗരവാസികൾക്ക് സൗജന്യമായി ഷഡാംഗചൂർണം, ലക്ഷാഹരിദ്രാദി ചൂർണം എന്നിവയാണ് ഇതു മുഖാന്തിരം നൽകുന്നത്.

രോഗപ്രതിരോധത്തിനുള്ള ചൂർണവും കൊതുകു നശീകരണത്തിനുള്ള ചൂർണവുമാണിത്. 9500 വീടുകളിൽ ഇതു നൽകും. ഔഷധ വണ്ടിയുടെ പര്യടന ഉദ്ഘാടനം വി.ഡി. സതീശൻ എം.എൽ.എ. നിർവഹിച്ചു. നഗരസഭാ ചെയർമാൻ രമേഷ് ഡി. കുറുപ്പ്, വൈസ് ചെയർപേഴ്സൺ ജെസ്സി രാജു, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, കൗൺസിലർമാർ, ആയുർവേദ ആശുപത്രി ഡോക്ടർമാർ എന്നിവർ സംബന്ധിച്ചു.



പകർച്ചപ്പനി പ്രതിരോധ നടപടികളുടെ ഭാഗമായി പറവൂർ നഗരസഭയുടെയും ഗവ. ആയുർവേദ ആശുപത്രിയുടെയും നേതൃത്വത്തിലുള്ള ഔഷധ വണ്ടിയുടെ പര്യടന ഉദ്ഘാടനം വി.ഡി. സതീശൻ എം.എൽ.എ. നിർവഹിക്കുന്നു

Mathrubhumi e-paper KOCHI
Fri, 30 June 2017
digitalpaper.mathrubhumi.com/c/20430860

## തൃശൂർ ജില്ല: ശുചിത്വ പ്രവർത്തനങ്ങൾ

| ക്രമ നം. | നടത്തിയ ശുചിത്വ പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ |
|---|---|---|
| 2 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - ജില്ലാതല യോഗം | ജില്ലയിൽ പനി പ്രതിരോധ പ്രവർത്തനങ്ങൾ വിവയിരുത്തുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിന് ജൂലായ് 23ന് ടൗൺ ഹാളിൽ വെച്ച് സർവ്വകക്ഷി, പ്രതിനിധികളുടേയും ഉദ്യോഗസ്ഥ തദ്ദേശ സ്വയംഭരണ പ്രതിനികളുടേയും യോഗം ബഹു. വ്യവസായ വകുപ്പ് മന്ത്രി ശ്രീ.എ.സി.മൊയ്തീൻ അവർകളുടെ നേതൃത്വത്തിൽ നടന്നു. ജില്ലയിൽ നടത്തേണ്ട ശുചീകരണ പ്രവർത്തനങ്ങളെക്കുറിച്ചും അതിൽ ഓരോ വകുപ്പുകൾ എടുക്കേണ്ട നടപടികളെകുറിച്ചും ബഹു. മന്ത്രി വിശദീകരിച്ചു. ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ശ്രീമതി.കെ.എം.സുബൈദ, സി.കോ-ഓർഡിനേറ്റർ ശ്രീ.അമൽ.സി.ജെ എന്നിവർ ശുചിത്വ മിഷനെ പ്രതിനിധീകരിച്ചു. |
| 3 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - ത്രിദിന സമഗ്ര ശുചീകരണം - ജില്ലാതല ഉദ്ഘാടനം | 2017 ജൂൺ 27ന് രാവിലെ തൃശൂർ ശക്തൻ പച്ചക്കറി മാർക്കറ്റിൽ ബഹു. മേയർ ശ്രീമതി.അജിത ജയരാജൻ അവരകളുടെ അദ്ധ്യക്ഷതയിൽ ബഹു. വ്യവസായ വകുപ്പ് മന്ത്രി ശ്രീ.എ.സി.മൊയ്തീൻ ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി മേയർ ശ്രീ.വർഗ്ഗീസ് കണ്ടംകുളത്തി സ്വാഗതം പറഞ്ഞു. എ.ഡി.എം ശ്രീ.സി.കെ. അനന്തകൃഷ്ണൻ, ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ശ്രീമതി. കെ.എം.സുബൈദ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.ടി.വി.സതീശൻ എന്നിവർ നേതൃത്വം നൽകി.<br>പരിസരം ശുചീകരിക്കുന്നതിനൊപ്പം കുടിവെള്ള സ്രോതസ്സ് മലിനമാവാതെ സംരക്ഷിക്കേണ്ടതും പകർച്ചവ്യാധികൾ തടയുന്നതിന് അത്യാവശ്യമാണെന്ന് വ്യവസായ മന്ത്രി ശ്രീ.എ.സി.മൊയ്തീൻ പറഞ്ഞു. |
| 4 | തൃശൂർ ജില്ലാപഞ്ചായത്ത് ശുചീകരണം | തൃശൂർ ജില്ലാ പഞ്ചായത്ത് ഓഫീസിൽ നടന്ന ശുചീകരണ പ്രവർത്തനങ്ങൾ ജില്ലാപഞ്ചായത്ത് |

| | | |
|---|---|---|
| | | പ്രസിഡന്റ് ശ്രീമതി.ഷീല വിജയകുമാർ ഉദ്ഘാടനം ചെയ്തു. |
| 5 | വാർഡ്തല ശുചീകരണ പ്രവർത്തനങ്ങൾ | ജില്ലയിലെ 86 ഗ്രാമപഞ്ചായത്തുകളിലെ 1465 വാർഡുകളിലും മുനിസിപ്പാലിറ്റികളിലെ 274 വാർഡുകളിലും കോർപ്പറേഷനിലെ 55 വാർഡുകളിലെും ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. ശുചിത്വ മിഷനെ പ്രതിനിധീകരിച്ച് ബ്ളോക്ക് - മുനിസിപ്പൽ - ഗ്രാമതല റിസോഴ്സ് പേഴ്സൺമാരും തങ്ങളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും നേതൃത്വം നൽകുകയും ചെയ്തു. മാളഗ്രാമപഞ്ചായത്ത് - ഗ്രാമപഞ്ചായത്ത് മെമ്പർമാർ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ചേസർന്ന് സ്ക്വാഡുകൾ രൂപീകരിച്ച് വിപുലമായ രീതിയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. |
| | | ആശാവർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ സംഘടനാ പ്രവർത്തകർ തുടങ്ങിയവർ സ്ക്വാഡുകളായി വീടുകൾ തോറും കയറിയിറങ്ങി ബോധവത്ക്കരണം നടത്തുകയും ചെയ്തു. |
| | | മഴക്കാലജന്യ പകർച്ചവ്യാധികൾ തടയുന്നതിനായി സ്ക്വാഡ് രൂപീകരിച്ച് വാർഡുമെമ്പർമാതുടെ നേതൃത്വത്തിൽ ഡ്രൈഡേ ആചരിച്ചു. |
| | | പി.എച്ച്.സികളുടെ നേതൃത്വത്തിൽ പകർച്ചവ്യാധികൾക്കെതിരെ ഊർജ്ജിത പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി വാർഡുകൾ തോറും ബോധവത്ക്കരണ ക്ളാസ്സുകളും നോട്ടീസുകൾ വിതരണം നടത്തുകയും ചെയ്തു. |
| | | ഹെൽത്ത് ഡിപ്പാർട്ട്മെന്റ്, പഞ്ചായത്ത് സ്റ്റാഫ്, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർ ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.<br>ഓരോ വാർഡിലും നടത്തിയ പ്രവർത്തനങ്ങൾ |

| | | |
|---|---|---|
| | | • സ്ക്വാഡ് വർക്ക് നടത്തി<br>• വീടുകൾതോറും ബോധവത്ക്കരണം നടത്തി<br>• വീടുകളിലെ വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കി.<br>• സ്കൂളുകൾ, അംഗൻവാടികൾ വൃത്തിയാക്കി<br>• വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ അത് ഒഴിവാക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്തു.<br>• വഴിയോരങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്തു.<br>• പാതയോരങ്ങളിലെ മാലിന്യം നീക്കം ചെയ്തു.<br>• വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി.<br>• സ്പ്രേയിങ്ങ്, ഫോഗിംഗ്, ക്ളോറിനേഷൻ നടത്തി.<br>• വ്യാപാരി വ്യവസായികളുടെ സഹകരണത്തോടെ ശുചിത്വ ഹർത്താൽ, ബഹുജന പങ്കാളിത്തത്തോടെ പൊതുസ്ഥലങ്ങളുടെ ശുചീകരണം എന്നിവ നടത്തി. |
| | | കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും മെമ്പർമാരുടെ നേതൃത്വത്തിൽ വെള്ളക്കെട്ട് ഒഴിവാക്കാനായി കാനവൃത്തിയാക്കലും, കാട് പടിച്ചു കിടക്കുന്ന റോഡ<br>സൈഡിലെ പുല്ല് വെട്ടി മാറ്റുകയും ചെയ്തു. |



ന



# പാലക്കാട് ജില്ല

2017 ജൂൺ 27,28,29 തീയ്യതികളിൽ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നടത്തിയ ശുചിത്വ പ്രവർത്തനങ്ങളുടെ റിപ്പോർട്ട്

| ക്രമ നമ്പർ | നടത്തിയ ശുചിത്വ പ്രവർത്തനം | പഞ്ചായത്ത് | പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1 | കുടുംബശ്രീ പ്രവർത്തകരുടെ ഗൃഹ സന്ദർശ്ശനം | കടമ്പഴിപ്പുറം | അഞ്ച് പേരുള്ള ഗ്രൂപ്പ് ചേർന്ന് പഞ്ചായത്തുകളിലെ വീടുകളിൽ ബോധ വൽക്കരണം നടത്തി |
| 2 | സ്ക്കൂൾ ശുചീകരണം | കടമ്പഴിപ്പുറം | കുട്ടികളുടെ നേതൃത്വത്തിൽ സ്ക്കൂൾ ശുചീകരണം നടത്തി |
| 3 | റോഡിന്റെ വശങ്ങളിലുള്ള തോടുകളും ചാലുകളും വൃത്തിയാക്കി | കടമ്പഴിപ്പുറം | ജന പ്രതിനിധികളും സാമൂഹ്യ സന്നധ സംഘടനകളും ചേർന്ന് ബോധ വൽക്കരണം നടത്തി |
| 4 | വാർഡ് തല ശുചിത്വ പ്രവർത്തനം | കടമ്പഴിപ്പുറം | വാർഡ് തലത്തിൽ ശുചിത്വ സമിതികൾ കൂടി രോഗപ്രതിരോധ പ്രവർത്തന ബോധവൽക്കരണം നടത്തി |
| 5 | ശുചിത്വ ബോധ വൽക്കരണ ജാഥ വർഷ സുരക്ഷ ശുചീകരണവും കൊതുക് നശീകരണവും | കടമ്പഴിപ്പുറം | കുട്ടികൾ,ജനപ്രതിനിധികൾ ,ഉദ്യോഗസ്ഥർ,കുടും ബശ്രീ പ്രവർത്തകർ ചേർന്ന് ജാഥയിൽ പങ്കെടുത്തു. |
| 6 | ബോധ വൽക്കരണ യോഗം | വെള്ളിനേഴി | പഞ്ചായത്ത് ഭരണ സമിതിയുടെ നേതൃത്വത്തിൽ 27-)0 തീയ്യതി മീറ്റിംങ്ങ് നടത്തി. |
| 7 | ശുചീകരണ പ്രവർത്തനം | വെള്ളിനേഴി | പഞ്ചായത്ത് പരിസരം സ്ക്കുളുകൾ, അംഗന വാടികേന്ദ്രങ്ങൾ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ശുചീകരണ പ്രവർത്തനം നടത്തി.പഞ്ചായത്ത് തലത്തിലും ക്ലബ്ബുകളുടേയും നേതൃത്വത്തിലും പൊതു സ്ഥലങ്ങളിൽ ശുചീകരണം നടത്തി. |
| 8 | ശുചീകരണം | കരിമ്പുഴ | സ്ഥാപനതല ശുചീകരണ പ്രവത്തനങ്ങൾ നടത്തി. പൊതു സ്ഥലങ്ങൾ ശുചീകരണ പ്രവത്തനങ്ങൾ നടത്തി |
| 9 | 27/06/17 ന് കൊതുക് ഉറവിട നശീകരണം ബോധ വൽക്കരണം | ശ്രീകൃഷ്ണപുരം | ആശാ പ്രവർത്തകർ,ആരോഗ്യ പ്രവർത്തകർ,ജന പ്രതിനിധികൾ എന്നിവർ ഗൃഹ സന്ദർശ്ശനം നടത്തി.ബോധവൽക്കരണം നടത്തി. |
| 10 | 28/06/17 ന് സ്ഥാപന ശുചീകരണം ബോധ വൽക്കരണം സ്കൂൾ ശുചീകരണം | ശ്രീകൃഷ്ണപുരം | സ്ക്കൂൾ കുട്ടികൾ,ആരോഗ്യ പ്രവർത്തകർ, കുടും ബ ശ്രീ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ സ്ഥാപന ശുചിത്വം നടത്തി |

| | | | |
|---|---|---|---|
| .11 | 29/06/17 ന് വാർഡ് തല ശുചീകരണം | ശ്രീകൃഷ്ണപുരം | N.S.S വിദ്യാർത്ഥികൾ, ആരോഗ്യ പ്രവർത്തകർ എന്നിവരുടെനേതൃത്വത്തിൽ വാർഡ് തല ശുചീകരണം നടത്തി. |
| 12 | ഊർജ്ജിത ഉറവിട നശീകരണം | കാരാകുർശ്ശി | വിവിധ വാർഡുകളിൽ കുടും ബ ശ്രീ, ആരോഗ്യ പ്രവർത്തകർ, ശുചീകരണം നടത്തി. |
| 13 | സ്ഥാപന ശുചിത്വം | കാരാകുർശ്ശി | കുടും ബ ശ്രീ, ആരോഗ്യ പ്രവർത്തകർ, വി.ഇ.ഒ മാർ ,ജനപ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ ശുചീകര പ്രവർത്തനം നടത്തി. |
| 14 | പ്രതിരോധ മരുന്ന് വിതരണം | കാരാകുർശ്ശി | ഹോമിയോ ആയുർവേദ സ്ഥാപന ത്തിന്റെ നേതൃത്വത്തിൽ പ്രതിരോധ മരുന്ന് വിതരണം നടത്തി |







# മലപ്പുറം ജില്ല: ശുചീകരണ പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | സ്ഥലം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ |
|---|---|---|---|
| 1 | എടപ്പാൾ ഗ്രാമപഞ്ചായത്ത് | ടൗൺ ശുചീകരണം - ബോധവൽക്കരണം | - 17.06.2017 ന് മന്ത്രി കെ.ടി ജലീൽ, ഡോ. വാസുകി ഐ.എ.എസ്, ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ പ്രീതി മേനോൻ, വിവിധ ക്ലബുകൾ, ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ ക്ലീനിംഗ് നടന്നു.<br>- മന്ത്രി മാലിന്യം തള്ളുന്നതിനെതിരെ കടകൾക്ക് താക്കീത് നൽകി.<br>- ശുചിത്വ മിഷന്റെ ഭാഗമായി നോട്ടീസ് വിതരണം നടന്നു. |
| 2 | പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി | ടൗൺ ശുചീകരണം - ബോധവൽക്കരണം | - സി.പി.എം. പ്രവർത്തകരുടെ നേതൃത്വത്തിൽ ശുചീകരണം. |
| 3 | എടക്കര ഗ്രാമ പഞ്ചായത്ത് | ടൗൺ ശുചീകരണം - ബോധവൽക്കരണം | - ആരോഗ്യ പ്രവർത്തകർ കടകളിൽ നേരിട്ടെത്തി ശുചീകരണ നിർദ്ദേശങ്ങൾ നൽകി.<br>- റോഡ് ശുചീകരണം ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു. |
| 4 | അമരമ്പലം ഗ്രാമപഞ്ചായത്ത് | ടൗൺ ശുചീകരണം - ബോധവൽക്കരണം | - പഞ്ചായത്തിൽ അടിയന്തിര യോഗം ചേർന്നു.<br>- വാർഡ് തലത്തിൽ സ്ക്വാഡ് രൂപീകരണം.<br>- ഭവന സന്ദർശനം, ബോധവൽക്കരണം.<br>- ശുചീകരണം - സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾ, സ്കൂളുകൾ, അങ്ങാടികൾ. |
| 5 | നിലമ്പൂർ മുനിസിപ്പാലിറ്റി | ടൗൺ ശുചീകരണം - ബോധവൽക്കരണം | - നഗരസഭയുടെ നേതൃത്വത്തിൽ ശുചീകരണം<br>- മാലിന്യം നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ സി.സി.ടി.വി സ്ഥാപിക്കാൻ തീരുമാനം കടക്കാർക്ക് നിർദ്ദേശം നൽകി. |
| 6 | പോത്തുകല്ല് ഗ്രാമപഞ്ചായത്ത് | ടൗൺ ശുചീകരണം - ബോധവൽക്കരണം | - 29.06.2017 ന് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു.<br>- പഞ്ചായത്തംഗങ്ങൾ, കുടുംബശ്രീ, എൻ.എസ്.എസ് വിദ്യാർത്ഥികൾ എന്നിവർ ശുചീകരണത്തിന്റെ പങ്കാളികളായി. |
| 7 | മൂത്തേടം ഗ്രാമപഞ്ചായത്ത് | ടൗൺ ശുചീകരണം - ബോധവൽക്കരണം | - 29.06.2017 ന് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു.<br>- എൻ.എസ്.എസ് വളിയേഴ്സ്<br>- പ്രാഥമികാരോഗ്യ കേന്ദ്രം പുറത്തിറക്കിയ നോട്ടീസ് വിതരണം വീടുകളിൽ വിവര ശേഖരണം നടത്തുവാൻ തീരുമാനം |

| | | | |
|---|---|---|---|
| 8 | ചാലിയാർ ഗ്രാമപഞ്ചായത്ത് | ടൗൺ ശുചീകരണം - ബോധവൽക്കരണം | - പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം നടത്തി.<br>- എൻ.എസ്.എസ് വളിയേഴ്സ്, ആശാവർക്കേഴ്സ് ശുചീകരണം നടത്തി. |
| 9 | എടവണ്ണ ഗ്രാമപഞ്ചായത്ത് | ടൗൺ ശുചീകരണം - ബോധവൽക്കരണം | - 29.06.2017 ന് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. |
| 10 | വൂർ ഗ്രാമപഞ്ചായത്ത് | ടൗൺ ശുചീകരണം - ബോധവൽക്കരണം | - 29.06.2017 ന് കെ.എസ്.ഇ.ബി ജീവനക്കാർ, സി.ഐ.ടി നേതൃത്വത്തിൽ ശുചീകരണം. |
| 11 | കാന്നൂർ ഗ്രാമപഞ്ചായത്ത് | ടൗൺ ശുചീകരണം - ബോധവൽക്കരണം | - 29.06.2017 ന് പ്രസിഡന്റ് ഉദ്ഘാടനം നടത്തി.<br>- ഹെൽത്ത് ഡിപ്പാർട്ട്മെന്റ്, സ്കൂൾ വിദ്യാർത്ഥികൾ എന്നിവരുടെ നേതൃത്വത്തിൽ ശുചീകരണം. |
| 12 | അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് | ടൗൺ ശുചീകരണം - ബോധവൽക്കരണം | - 28.06.2017 ന് ജില്ലാ പഞ്ചായത്ത് മെമ്പർ ഉദ്ഘാടനം ചെയ്തു.<br>- എല്ലാ ഞായറാഴ്ചയും ഡ്രൈ ഡേ ആചരിക്കാൻ തീരുമാനിച്ചു.<br>- സ്കൂൾ വിദ്യാർത്ഥികൾക്ക് 5 വീട് വീതം ഏറ്റെടുത്ത് പ്രതിരോധം ശുചീകരണ യജ്ഞവും. |
| 13 | കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് | ടൗൺ ശുചീകരണം - ബോധവൽക്കരണം | - ടൗൺ ശുചീകരണം മറു നാടൻ തൊഴിലാളികൾ താമസിക്കുന്ന സ്ഥാനത്ത് ശുചീകരണം. |
| 14 | കാലടി ഗ്രാമപഞ്ചായത്ത് | ടൗൺ ശുചീകരണം - ബോധവൽക്കരണം | - 29.06.2017 ന് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു |

# SUCHITWA CAMPAIGN JUNE 27,28,29



എടപ്പാൾ പട്ടണത്തിൽ മന്ത്രി കെ.ടി. ജലീലിൻെറ നേതൃത്വത്തിൽ നടന്ന ശുചീകരണം

## മഴ വകവെയ്ക്കാതെ മന്ത്രിയുടെ ശുചീകരണം

### സർക്കാരിൻെറ ശുചീകരണ യജ്ഞത്തിന് ജില്ലയിൽ തുടക്കമായി

**എടപ്പാൾ:** പനിക്കെതിരെ സർക്കാർ പ്രഖ്യാപിച്ച ശുചീകരണയജ്ഞത്തിൻെറ ജില്ലാതല ഉദ്ഘാടനം നടന്നു. കനത്ത മഴയെ വകവെയ്ക്കാതെ എടപ്പാളിൽ മന്ത്രി കെ.ടി. ജലീലിൻെറ നേതൃത്വത്തിൽ ശുചീകരണം നടന്നു.

രാവിലെ പത്തുമണിയോടെ സാധാരണവേഷത്തിനുമുകളിൽ തോർത്തുമുണ്ടും കൈയുറയും ധരിച്ചാണ് മന്ത്രി റോഡിലിറങ്ങിയത്. പട്ടണത്തിൽ അടിഞ്ഞുകൂടിക്കിടന്ന മാലിന്യം മന്ത്രിതന്നെ നേരിട്ട് വാരി ചാക്കുകളിൽ നിറച്ചുകൊണ്ടായിരുന്നു തുടക്കം.

പട്ടണത്തിലെ നാലു റോഡുകളിലുമുണ്ടായിരുന്ന മാലിന്യം മുഴുവൻ ഒഴിവാക്കി ഒരുമണിയോടെയാണ് മന്ത്രിയും സംഘവും സ്ഥലത്തുനിന്നു പോയത്.

ശേഖരിച്ച മാലിന്യം എടപ്പാൾ ഗ്രാമപ്പഞ്ചായത്ത് തരംതിരിച്ച് സംസ്കരിക്കും. എടപ്പാൾ, വട്ടംകുളം ഗ്രാമപ്പഞ്ചായത്തുകളും പൊന്നാനി ബ്ലോക്ക് പഞ്ചായത്തും ആശ, അങ്കണവാടി, തൊഴിലുറപ്പ് പ്രവർത്തകരും ലയൺസ് ക്ലബ്ബും സംയുക്തമായാണ് മൂന്നു മണിക്കൂർ എടപ്പാൾ പട്ടണത്തിൽ ശുചീകരണപ്രവർത്തനം നടത്തിയത്.

കടകൾക്കുമുന്നിൽ മാലിന്യം തള്ളിയത് വാരി ചാക്കിൽ നിറയ്ക്കുന്നതോടൊപ്പം മന്ത്രി കടക്കാരെവിളിച്ച് മേലിൽ മാലിന്യം കടയ്ക്കുമുന്നിൽ തള്ളരുതെന്ന് താക്കീതും നൽകി. എടപ്പാൾ പട്ടാമ്പി റോഡിൽ ത്രിവേണിക്കുമുന്നിൽ കെ.ടി. ജലീൽ പരിപാടി ഉദ്ഘാടനം ചെയ്തു. പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് കെ. ലക്ഷ്മി, വൈസ് പ്രസിഡൻറ് പി.പി. മോഹൻദാസ്, ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറുമാരായ പി.പി. ബിജോയ്, ശ്രീജ പാറക്കൽ, ലയൺസ് ക്ലബ്ബ് ഭാരവാഹികളായ ടി.കെ. അരുൺ ജോഷി, രഞ്ചൻ, സനൽകുമാർ കൊട്ടാരത്തിൽ, റഹ്മാൻ പി.ജി, എം.എ. നവാബ് തുടങ്ങിയവർ ശുചീകരണത്തിൽ പങ്കാളികളായി.

Mathrubhumi e-paper MALAPPURAM Wed, 28 June 2017
digitalpaper.mathrubhumi.com/c/20364302



പെരിന്തൽമണ്ണയിൽ സി.പി.എം. നടത്തിയ ശുചീകരണം ജില്ലാസെക്രട്ടറി പി.പി. വാസുദേവൻ ഉദ്ഘാടനംചെയ്യുന്നു

## ജനകീയ ശുചീകരണയജ്ഞത്തിന് പിന്തുണയുമായി സി.പി.എം.

**പെരിന്തൽമണ്ണ:** സംസ്ഥാനസർക്കാരിൻെറ ജനകീയ ശുചീകരണയജ്ഞത്തിന് പിന്തുണ പ്രഖ്യാപിച്ച് സി.പി.എം. പ്രവർത്തകർ പെരിന്തൽമണ്ണയിൽ ശുചീകരണം നടത്തി. ഏരിയാകമ്മിറ്റിയുടെ നേതൃത്വത്തിൽ പൊതുമരാമത്ത് ഓഫീസ് വളപ്പാണ് ശുചീകരിച്ചത്.

ജില്ലാസെക്രട്ടറി പി.പി. വാസുദേവൻ ഉദ്ഘാടനംചെയ്തു. ജില്ലാസെക്രട്ടേറിയറ്റംഗം വി. ശശികുമാർ, ഏരിയാസെക്രട്ടറി വി. രമേശൻ, എൻ.പി. ഉണ്ണികൃഷ്ണൻ തുടങ്ങിയവർ നേതൃത്വംനൽകി.

## മഴക്കാല ശുചീകരണം

**പോത്തുകല്ല്:** ഗ്രാമപ്പഞ്ചായത്തിൽ മഴക്കാല ശുചീകരണം നടത്തി. പോത്തുകല്ല്, ഞെട്ടിക്കുളം ടൗണുകളിലാണ് പ്രധാനമായും ശുചീകരണം നടത്തിയത്. പോത്തുകല്ല് ഗ്രാമപ്പഞ്ചായത്ത്, കുടുംബശ്രീ, പോത്തുകല്ല് കാത്തലിക്കേറ്റ് ഹയർ സെക്കൻഡറി സ്കൂളിലെ എൻ.എസ്.എസ്. വിദ്യാർഥികൾ എന്നിവരാണ് ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായത്.

ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് സി. കരുണാകരൻ പിള്ള ഉദ്ഘാടനം ചെയ്തു.

**കരുളായി:** മൂത്തേടം ഗ്രാമപ്പഞ്ചായത്തിൽ പകർച്ചപ്പനി വ്യാപകമായതിനെത്തുടർന്ന് പ്രതിരോധപ്രവർത്തനവുമായി എൻ.എസ്.എസ്. വിദ്യാർഥികളും രംഗത്തിറങ്ങി.

മൂത്തേടം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ എൻ.എസ്.എസ്. വൊളന്റിയർമാരാണ് പഞ്ചായത്തിലെ മുഴുവൻ വീടുകളും സ്ഥാപനങ്ങളും കയറിയിറങ്ങി പകർച്ചപ്പനിക്കെതിരെ ജാഗ്രതാ നിർദ്ദേശം നൽകുന്നത്. കൊതുകിന്റെ ഉറവിടനശീകരണ പ്രവർത്തനങ്ങളും നടത്തുന്നു. പ്രാഥമികാരോഗ്യകേന്ദ്രം പുറത്തിറക്കിയ പനി വന്നാൽ ചെയ്യാൻപാടില്ലാത്തതും ഉടനെ ചെയ്യേണ്ടതുമായ നിർദ്ദേശങ്ങളടങ്ങിയ നോട്ടീസ് വീടുകളിൽ നൽകുകയും വിവരശേഖരണം നടത്തുകയും ചെയ്യുന്നുണ്ട്. എൻ.എസ്.എസ്. വൊളന്റിയർമാരുടെ പനിക്കെതിരെയുള്ള പ്രതിരോധപ്രവർത്തനത്തിന്റെ പ്രയാണം പി.ടി.എ. പ്രസിഡന്റ് ബഷീർ കോട്ടയിൽ ഫ്ളാഗ് ഓഫ് ചെയ്തു. മുനീർ മൂത്തേടം, മുഹമ്മദ് റസാഖ്, ഗഫൂർ കല്ലറ എന്നിവർ നേതൃത്വം നൽകി.

**നിലമ്പൂർ:** ശുചീകരണയജ്ഞം പരിപാടിയുടെ ഭാഗമായി ചാലിയാർ പഞ്ചായത്തുമായി സഹകരിച്ച് അമൽ കോളേജ് എൻ.എസ്.എസ്. വൊളന്റിയർമാർ മൊടവണ്ണയിലും പരിസരപ്രദേശങ്ങളിലും ശുചീകരണ ബോധവത്കരണവും സർവേയും നടത്തി.

പഞ്ചായത്തംഗങ്ങളും ആശാവർക്കർമാരും സർവേക്ക് നേതൃത്വം നൽകി. പ്രോഗ്രാം ഓഫീസർമാരായ ജനീഷ് ബാബു, കെ. സിനി, എൻ.എസ്.എസ്. സെക്രട്ടറി മെബിൻ പി.വി. എന്നിവർ സംസാരിച്ചു.

**എടവണ്ണ:** പകർച്ചവ്യാധി പ്രതിരോധ നടപടികളുടെ ഭാഗമായി എടവണ്ണയിൽ യു.ഡി.എഫ്. നേതൃയോഗം ചേർന്നു. വെള്ളിയാഴ്ച രാവിലെ 8.30ന് എടവണ്ണ അങ്ങാടിയിൽ ശുചീകരണം നടത്താൻ തീരുമാനിച്ചു. ചെയർമാൻ പി. ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്തു. കൺവീനർ ഇ.എ. കരീം അധ്യക്ഷതവഹിച്ചു.

**വണ്ടൂർ:** മഴക്കാല ശുചീകരണയജ്ഞത്തിന് പിന്തുണയർപ്പിച്ച് കെ.എസ്.ഇ.ബി. ജീവനക്കാർ നിരത്തുകൾ വൃത്തിയാക്കി. കെ.എസ്.ഇ.ബി. വർക്കേഴ്സ് അസോസിയേഷൻ സി.ഐ.ടി.യു. നേതൃത്വത്തിലായിരുന്നു ശുചീകരണം. വാണിയമ്പലം ടൗൺ, റെയിൽവേസ്റ്റേഷൻ പരിസരം എന്നിവിടങ്ങളിലെ പ്ലാസ്റ്റിക് മാലിന്യങ്ങളുൾപ്പെടെയുള്ളവ നീക്കം ചെയ്തു. സി. കൃഷ്ണകുമാർ, പി. സജിത്ത്, കെ.കെ. ഗോവിന്ദൻ, ടി. ബാലകൃഷ്ണൻ, എം. സുബ്രഹ്മണ്യൻ, പി. വിജയകുമാർ, പി. സുധാകരൻ, എൻ. അനിൽകുമാർ, സി. ഹരിദാസൻ എന്നിവർ നേതൃത്വം നൽകി.

**അരീക്കോട്:** ഇരിവേറ്റി സി.എച്ച്.എം.കെ.എം. ഹയർസെക്കൻഡറി സ്കൂളും വിദ്യാർഥികളും കാവനൂർ ഗ്രാമപ്പഞ്ചായത്തും ആരോഗ്യവകുപ്പും ചേർന്ന് കൊതുകുനിവാരണ ശുചീകരണപ്രവർത്തനങ്ങളും ബോധവത്കരണവും നടത്തി. ഹെൽത്ത് ഇൻസ്പെക്ടർ റോയ് ജേക്കബ് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ജോസ് കുരുവിള അധ്യക്ഷതവഹിച്ചു.

Mathrubhumi e-paper MALAPPURAM Fri, 3
digita

## എടക്കരയിൽ ശുചീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കി

**എടക്കര**: വഴിക്കടവിൽ ഡെങ്കിപ്പനിബാധിച്ച് മൂന്നുപേർ മരിച്ചതിനെത്തുടർന്ന് സമീപ പഞ്ചായത്തായ എടക്കരയിൽ ശുചീകരണപ്രവർത്തനങ്ങൾ ഊർജിതമാക്കി.

ടൗണിലെ മുഴുവൻകടകളിലും ആരോഗ്യപ്രവർത്തകർ സന്ദർശിച്ച് ശുചീകരണം സംബന്ധിച്ച നിർദേശങ്ങൾ ഉടമകൾക്കു നല്കി. ഗാന്ധിപ്രതിമയ്ക്കു സമീപം റോഡ് ശുചീകരിച്ച് പരിപാടി പഞ്ചായത്ത് പ്രസിഡൻറ് ആലീസ് അമ്പാട്ട് ഉദ്ഘാടനം ചെയ്തു.

കബീർ പനോളി, പഞ്ചായത്ത് അംഗങ്ങളായ ആയിശക്കുട്ടി, സരള രാജപ്പൻ, കപ്രാട്ട് സന്തോഷ്, ഷൈനി പാലക്കുഴി, ദീപ ഹരിദാസ്, അൻസാർ ബീഗം, സെക്രട്ടറി പി.ബി. ഷാജു, വി.ഇ.ഒ. സാജു ഗോപിനാഥ്, വ്യാപാരി വ്യവസായി യൂണിറ്റ് പ്രസിഡൻറ് അനിൽ ലൈലാക് മുതലായവർ പ്രസംഗിച്ചു.

# പനി പ്രതിരോധ പ്രവർത്തനങ്ങളിൽ ഇനി വിദ്യാർഥികളും

**അങ്ങാടിപ്പുറം:** പഞ്ചായത്തിലെ പനി പ്രതിരോധ പ്രവർത്തനങ്ങളിൽ സ്കൂൾ വിദ്യാർഥികളെയും പങ്കെടുപ്പിക്കാൻ പഞ്ചായത്തിൽച്ചേർന്ന ഇൻറർസെക്ടർ സർവകക്ഷി യോഗം തീരുമാനിച്ചു. വിവിധ സ്കൂളുകളിൽ ഓരോ വിദ്യാർഥിയും അഞ്ചുവീടുകൾ വീതം ഏറ്റെടുത്ത് പ്രതിരോധവും ശുചീകരണയജ്ഞവും നടത്തും.

എല്ലാ ഞായറാഴ്ചകളിലും ഡ്രൈഡേ ആചരിക്കുന്നത് ഉറപ്പാക്കും. രക്തദാന സന്നദ്ധ സേവന ഗ്രൂപ്പുകൾ സജീവമാകും. ശുചിത്വഹർത്താൽ നടത്താൻ വ്യാപാരികളും സ്ഥാപനങ്ങളും രംഗത്തിറങ്ങും. വെള്ളി, ശനി ദിവസങ്ങളിൽ വീടുകൾ കേന്ദ്രീകരിച്ചും ഞായറാഴ്ച കവലകളും അങ്ങാടികളും കേന്ദ്രീകരിച്ചും ശുചീകരണ പ്രവർത്തനങ്ങളും സൗജന്യ പ്രതിരോധമരുന്ന് വിതരണവും നടത്തുക, മാലിന്യം വലിച്ചെറിയുന്നവർക്കും കൊതുകുവളരുന്ന സാഹചര്യം സൃഷ്ടിക്കുന്നവർക്കും പിഴ ഈടാക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പാക്കാൻ ചർച്ചയിൽ തീരുമാനിച്ചു. എം.ഇ.എസ്. മെഡിക്കൽ കോളേജിൻെറ സഹകരണത്തോടെ തിരൂർക്കാട് പനിക്ലിനിക് ആരംഭിച്ചിട്ടുണ്ട്.

പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന യോഗം ജില്ലാപഞ്ചായത്തംഗം ടി.കെ. റഷീദലി ഉദ്ഘാടനംചെയ്തു. പ്രസിഡൻറ് ഒ. കേശവൻെറ അധ്യക്ഷതയിൽച്ചേർന്ന സമ്മേളനത്തിൽ മെഡിക്കൽ ഓഫീസർ ഡോ. ദീപു, ഹെൽത്ത് ഇൻസ്പെക്ടർമാരായ കുഞ്ഞിമൊയ്തീൻകുട്ടി, സുനിൽകുമാർ, അബ്ദുൾ ജലീൽ എന്നിവർ സംസാരിച്ചു. സ്കൂൾ പ്രധമാധ്യാപകർ, അങ്കണവാടി ജീവനക്കാർ, കുടുംബശ്രീ -ആശാ പ്രവർത്തകർ, റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ, വ്യാപാരി വ്യവസായി ഭാരവാഹികൾ, സന്നദ്ധ ക്ലബ്ബംഗങ്ങൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## മാലിന്യപ്രശ്നം ചർച്ചചെയ്തു

**നിലമ്പൂർ:** കേരള ശാസ്ത്രസാഹിത്യപരിഷത്ത് നിലമ്പൂർ യൂണിറ്റ് പൊതുയോഗത്തിൽ നിലമ്പൂർ നഗരസഭയിലെ മാലിന്യപ്രശ്നം ചർച്ചചെയ്തു. വിഷയത്തിൽ ക്രിയാത്മകമായി ഇടപെടണമെന്നും യോഗം തീരുമാനിച്ചു. ഇതിൻെറ ഭാഗമായി നിലമ്പൂർ നഗരസഭയുടെ 25-ാം ഡിവിഷൻ മണലൊടിപ്രദേശം ശുചിത്വഗ്രാമമായി മാറ്റുവാൻ പരിഷത്ത് നേതൃത്വം നൽകും. ഇതിനു മുന്നോടിയായി പ്രചാരണപ്രവർത്തനങ്ങളും ശില്പശാലകളും നടത്തും. ഞായറാഴ്ച പ്രവർത്തനത്തിനാവശ്യമായ സംഘാടകസമിതി രൂപവത്കരിക്കും. യോഗത്തിൽ കെ. ഷൗക്കത്തലി അധ്യക്ഷതവഹിച്ചു. ഡോ. അശോക് രാജ്, പി. പ്രദീപ്, മേഖലാസെക്രട്ടറി കെ.കെ. രാധാകൃഷ്ണൻ, നഗരസഭാംഗം ഗോപാലകൃഷ്ണൻ, പി.എസ്. രഘുറാം, പി. ഗോവർദ്ധനൻ, ടി.എസ്. രാധാകൃഷ്ണൻ, ജോയി എന്നിവർ സംസാരിച്ചു.

# ഓടയിലേക്ക് മാലിന്യം ഒഴുക്കുന്നവർക്കെതിരേ കർശന നടപടി

**കുറ്റിപ്പുറം:** നഗരത്തിലെ ഓടകളിലേക്ക് മാലിന്യമൊഴുക്കിവിടുന്ന കച്ചവടക്കാർക്കെതിരേ ശക്തമായ നടപടിയെടുക്കാൻ സർവകക്ഷിയോഗത്തിൽ തീരുമാനം. കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ളവ ഒഴുക്കാനായി സ്ഥാപിച്ച പൈപ്പുകൾ അടയ്ക്കാനും തീരുമാനിച്ചു. ബുധൻ, വ്യാഴം ദിവസങ്ങളിൽ ശുചീകരണപ്രവർത്തനങ്ങൾ നടത്തും. വാർഡുകൾ കേന്ദ്രീകരിച്ചും ശുചീകരണമുണ്ടാകും.

ബുധനാഴ്ച പഞ്ചായത്തും ആരോഗ്യവകുപ്പുംചേർന്ന് കടകളിൽ പരിശോധനനടത്തുകയും ശുചിത്വസർട്ടിഫിക്കറ്റും ലൈസൻസും ഇല്ലാത്ത കടകൾ അടപ്പിക്കുകയും ചെയ്യും. വൃത്തിഹീനമായ അന്തരീക്ഷത്തിൽ മറുനാടൻ തൊഴിലാളികളെ പാർപ്പിച്ചിരിക്കുന്ന ക്വാർട്ടേഴ്സ് ബുധനാഴ്ച ഒഴിപ്പിക്കും.

കോളറ ബാക്ടീരിയ വീണ്ടും കണ്ടെത്തിയ സാഹചര്യത്തിൽ പഞ്ചായത്ത് ഭരണസമിതിക്കും ആരോഗ്യവകുപ്പിനുമെതിരേ യോഗത്തിൽ വിമർശമുണ്ടായി. പഞ്ചായത്ത് പ്രസിഡൻറ് വസീമ വേളേരിയുടെ അധ്യക്ഷതയിലാണ് സർവകക്ഷിയോഗം ചേർന്നത്.

## എടക്കരയിൽ ശുചീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കി

**എടക്കര:** വഴിക്കടവിൽ ഡെങ്കിപ്പനിബാധിച്ച് മൂന്നുപേർ മരിച്ചതിനെത്തുടർന്ന് സമീപ പഞ്ചായത്തായ എടക്കരയിൽ ശുചീകരണപ്രവർത്തനങ്ങൾ ഊർജിതമാക്കി.

ടൗണിലെ മുഴുവൻകടകളിലും ആരോഗ്യപ്രവർത്തകർ സന്ദർശിച്ച് ശുചീകരണം സംബന്ധിച്ച നിർദേശങ്ങൾ ഉടമകൾക്കു നല്കി. ഗാന്ധിപ്രതിമയ്ക്കു സമീപം റോഡ് ശുചീകരിച്ച് പരിപാടി പഞ്ചായത്ത് പ്രസിഡൻറ് ആലീസ് അമ്പാട്ട് ഉദ്ഘാടനം ചെയ്തു.

കബീർ പനോളി, പഞ്ചായത്ത് അംഗങ്ങളായ ആയിശക്കുട്ടി, സരള രാജപ്പൻ, കപ്രാട്ട് സന്തോഷ്, ഷൈനി പാലക്കുഴി, ദീപ ഹരിദാസ്, അൻസാർ ബീഗം, സെക്രട്ടറി പി.ബി. ഷാജു, വി.ഇ.ഒ. സാജു ഗോപിനാഥ്, വ്യാപാരി വ്യവസായി യൂണിറ്റ് പ്രസിഡൻറ് അനിൽ ലൈലാക് മുതലായവർ പ്രസംഗിച്ചു.



പാവിട്ടപ്പുറത്ത് റോഡരികിൽ വെള്ളം കെട്ടിനിൽക്കുന്നിടത്തെ കൊതുകുകളെ നശിപ്പിക്കുന്ന ക്ലബ്ബ് പ്രവർത്തകർ

## പകർച്ചവ്യാധികളെ പ്രതിരോധിച്ച് ക്ലബ്ബ് പ്രവർത്തകർ

**ചങ്ങരംകുളം:** പെരുന്നാൾദിനത്തിൽ പ്രദേശം വൃത്തിയാക്കി ക്ലബ്ബ് പ്രവർത്തകർ. പാവിട്ടപ്പുറം എൻ.സി.എസ്.സി. ക്ലബ്ബ് പ്രവർത്തകരാണ് പകർച്ചവ്യാധികൾ തടയുന്നതിനായി റോഡരികിലും പറമ്പുകളിലും കെട്ടിനിൽക്കുന്ന മലിനജലത്തിലെ കൊതുകുകളെ ഇല്ലാതാക്കുകയും പരിസരം വൃത്തിയാക്കുകയും ചെയ്തത്. ക്ലബ്ബ് പ്രവർത്തകരായ കെ. എസ്സഹദ്, കെ.എച്ച്. ഷെരീഫ്, ആദിൽ, സെക്കീർ, കെ. അലി, എ.ഐ. ആബിദ് എന്നിവർ നേതൃത്വംനൽകി.

## റോഡരിക് ശുചീകരിച്ചു

**കാലടി:** മഴക്കാല രോഗപ്രതിരോധപരിപാടിയുടെ ഭാഗമായി നാലാംവാർഡിൽ ശുചീകരണം നടത്തി. തണ്ടിലം അരയാൽക്കൽ ക്ഷേത്രം മുതൽ പാറപ്പുറംവരെയുള്ള റോഡരികാണ് ശുചീകരിച്ചത്. എൻ.വി. അബ്ദുൽസലാം ഉദ്ഘാടനംചെയ്തു. പി.കെ. പ്രഭാകരൻ അധ്യക്ഷത വഹിച്ചു. സി.ആർ. ശിവപ്രസാദ്, സതീഷ് അയ്യാപ്പിൽ, പി. പ്രേമ, ടി.കെ. സന്ധ്യ എന്നിവർ പ്രസംഗിച്ചു.

## വള്ളിക്കാട്ടിലെ വീടുകളിൽ ഡെങ്കി പരത്തുന്ന കൊതുകുകളുടെ ലാർവ കണ്ടെത്തി

**എടക്കര:** ഡെങ്കിപ്പനി ബാധിച്ച് രണ്ടുപേർ മരിച്ച വഴിക്കടവ് വള്ളിക്കാട്ടിലെ വീടുകളിൽ ആരോഗ്യവകുപ്പ് നടത്തിയ പരിശോധനയിൽ ഡെങ്കി പരത്തുന്ന കൊതുകുകളുടെ ലാർവ കണ്ടെത്തി. വള്ളിക്കാട് എസ്.എൻ.ഡി.പി. കുന്നിൽ കുഞ്ഞിൽവീട്ടിൽ കുട്ടൻെറ ഭാര്യ തങ്കം, എടത്തൊടി വിനോദിൻെറ മകൾ അപൂർവ എന്നിവരാണ് മരിച്ചത്. ഒരാഴ്ചക്കുള്ളിലാണ് രണ്ട് മരണങ്ങളും നടന്നത്. മരണം നടന്നതിന് സമീപമുള്ള 25 വീടുകളിലാണ് ജില്ലാ കൊതുക് നിവാരണ യൂണിറ്റിലെ അംഗങ്ങൾ ചൊവ്വാഴ്ച പരിശോധന നടത്തിയത്. മുഴുവൻ വീടുകളിലും അപകടകാരിയായ കൊതുകിൻെറ ലാർവ കണ്ടെത്തി.

ഫ്രിഡ്ജിൽ ഉപയോഗിക്കുന്ന ട്രേ, ഒഴിവാക്കിയ ടയറുകൾ, വീടിൻെറ പുറത്തുകിടക്കുന്ന ചെറിയ ടിന്നുകൾ, ടെറസിൽ കെട്ടിക്കിടക്കുന്ന വെള്ളം മുതലായവയിലാണ് ലാർവകൾ കണ്ടെത്തിയത്. ആൾത്താമസമില്ലാത്ത വീടുകളിൽനിന്നും ലാർവ കണ്ടെത്തിയിട്ടുണ്ട്. ഇതിനെത്തുടർന്ന് മുഴുവൻ പ്രദേശങ്ങളിലും അധികൃതർ ഫോഗിങ് നടത്തി. ആളുകളുടെ മരണത്തിന് കാരണമായ കൊതുകുകളുടെ സാന്നിധ്യം ഇവിടെ വർധിക്കാനുള്ള കാരണത്തെക്കുറിച്ച് കൂടുതൽ പഠനം നടത്തും.



വഴിക്കടവ് വള്ളിക്കാട്ടിലെ വീടുകളിൽ ആരോഗ്യവകുപ്പ് പരിശോധന നടത്തുന്നു

ഒരാഴ്ചക്കുള്ളിൽ സംഘം വീണ്ടും ഇവിടെ എത്തും. ആരോഗ്യ പ്രവർത്തകർ, ആശ വൊളൻറിയർമാർ, പഞ്ചായത്ത് അംഗങ്ങൾ എന്നിവർ ഉൾപ്പെട്ട സംഘം 250 ഓളം വീടുകൾ സന്ദർശിച്ച് ബോധവത്കരണം, കൊതുകിൻെറ ഉറവിട നശീകരണം, പനി സർവേ എന്നിവ നടത്തി.

മുണ്ട പി.എച്ച്.സിയിൽനടന്ന ആരോഗ്യ പ്രവർത്തകരുടെ യോഗം പഞ്ചായത്ത് പ്രസിഡൻറ് ഇ.എ. സുകു ഉദ്ഘാടനംചെയ്തു.

പഞ്ചായത്ത് വൈസ് പ്രസിഡൻറ് പി.ടി. സാവിത്രി, ബ്ലോക്ക് പഞ്ചായത്ത് അംഗം പി.ടി. ഉഷ, കൊതുക് നിവാരണ യൂണിറ്റ് അംഗങ്ങളായ നാരായണൻ, യേശുദാസ്, ഹെൽത്ത് സൂപ്പർവൈസർ ശബരീശൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ഗിരീഷ്, സജികുമാർ, അനിൽ, രാജൻ, ടെക്നിക്കൽ അസിസ്റ്റൻറുമാരായ ഭാസ്കരൻ, കുമാരൻ എന്നിവരുടെ നേതൃത്വത്തിലാണ് വീടുകളിൽ പരിശോധന നടത്തിയത്.



നിലമ്പൂരിൽച്ചേർന്ന സർവകക്ഷി യോഗത്തിൽ നഗരസഭാധ്യക്ഷ പദ്മിനി ഗോപിനാഥ് സംസാരിക്കുന്നു

# പകർച്ചവ്യാധി: നഗരസഭ സർവകക്ഷിയോഗം ചേർന്നു

**നിലമ്പൂർ**: നഗരസഭാ പരിധിയിൽ ഡെങ്കിപ്പനി അടക്കമുള്ള പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ നഗരസഭാധ്യക്ഷ പദ്മിനി ഗോപിനാഥ് സർവകക്ഷിയോഗം വിളിച്ചുചേർത്തു. നിലമ്പൂർ ടി.ബിയിൽച്ചേർന്ന സർവകക്ഷിയോഗത്തിൽ പങ്കെടുത്തവരെല്ലാം മാലിന്യ നിർമാർജനത്തിന്റെ അനിവാര്യത ചൂണ്ടിക്കാട്ടുകയും ബോധവത്കരണത്തിന് കൂടുതൽ ശ്രദ്ധ നൽകണമെന്ന് ആവശ്യപ്പെടുകയുംചെയ്തു.

ഓരോ വകുപ്പുകളും അവരുടെ വകുപ്പിനുകീഴിൽ മലിനമായിക്കിടക്കുന്ന പ്രദേശങ്ങളുടെ ശുചിത്വം ഉറപ്പുവരുത്തണമെന്ന് നഗരസഭാധ്യക്ഷ ആവശ്യപ്പെട്ടു. നിലമ്പൂർ ടി.ബിയുടെ പരിസരം മലിനമായും കാടുപിടിച്ചും കിടക്കുന്നത് ചൂണ്ടിക്കാട്ടിയാണ് അധ്യക്ഷ ഇത്തരത്തിൽ അഭിപ്രായം പറഞ്ഞത്. നഗരസഭാ ഉപാധ്യക്ഷൻ പി.വി. ഹംസ, മുൻ ചെയർമാൻ ആര്യാടൻ ഷൗക്കത്ത്, പ്രതിപക്ഷ നേതാവ് എൻ. വേലുക്കുട്ടി, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, നഗരസഭാ ആരോഗ്യവകുപ്പ് ജീവനക്കാർ, ജില്ലാ ആസ്പത്രി ആരോഗ്യവകുപ്പ് ജീവനക്കാർ, രാഷ്ട്രീയപ്പാർട്ടി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

ബുധനാഴ്ച വാർഡുതല യോഗങ്ങൾ ചേർന്നതിനുശേഷം വ്യാഴാഴ്ച ഓരോ വാർഡുകളിലും മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ നടത്തുമെന്ന് ബന്ധപ്പെട്ടവർ അറിയിച്ചു.

# നഗരസഭയുടെ നേതൃത്വത്തിൽ ശുചീകരണം

**നിലമ്പൂർ**: മഴക്കാലരോഗ പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി നിലമ്പൂർ നഗരസഭയുടെ നേതൃത്വത്തിൽ പുതിയ ബസ്സ്റ്റാൻറും പരിസരവും വൃത്തിയാക്കി. നിലമ്പൂർ മേഖലയിൽ പകർച്ചരോഗങ്ങൾ വ്യാപകമായിക്കൊണ്ടിരിക്കുന്ന പ്രത്യേക സാഹചര്യത്തിലാണ് നഗരസഭയുടെ മേൽനോട്ടത്തിൽ ശുചീകരണപ്രവർത്തനം നടത്തിയത്.

രാവിലെ എട്ടരയോടെ മുഴുവൻ നഗരസഭാംഗങ്ങളും ജീവനക്കാരും പുതിയ ബസ്സ്റ്റാൻറ് പരിസരത്തെത്തി ശുചീകരണപ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു. സ്റ്റാൻഡിൽനിന്ന് വീട്ടിക്കുത്ത് റോഡിലേക്ക് പോകാനുള്ള ചെറിയ റോഡിന്റെ വശങ്ങളിൽ കൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങൾ ശേഖരിച്ച് ചാക്കുകളിൽ കെട്ടിവെച്ചു. അടുത്തദിവസം അവ പുറത്തേക്ക് കൊണ്ടുപോകും. കാടുകൾ വെട്ടി വൃത്തിയാക്കി കൊതുകുകളുടെ ആവാസകേന്ദ്രമായ സ്ഥലം മാറ്റിയെടുക്കാനുള്ള ശ്രമമാണ് നടത്തിയത്. തുടർന്ന് പരിസരം മലിനമാക്കുന്നതിനെതിരേ സമീപത്തെ കടകളിൽക്കയറി ബോധവത്കരണവും നടത്തി.

കച്ചവടക്കാർ മലിനമാക്കുന്നുവെന്ന പരാതിയെത്തുടർന്ന് കടക്കാർക്ക് ശക്തമായ മുന്നറിയിപ്പും നൽകി. ചുരുങ്ങിയത് 5,000 രൂപവരെയുള്ള പിഴ മാലിന്യം നിക്ഷേപിക്കുന്ന കടക്കാരിൽനിന്ന് ഈടാക്കുമെന്ന് മുന്നറിയിപ്പ് നൽകി. മാലിന്യങ്ങൾ കൂടുതൽ നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ സി.സി.ടി.വി. സ്ഥാപിക്കാനുള്ള നീക്കം നടത്തുമെന്നും അറിയിച്ചു. കാടുവെട്ടിത്തെളിച്ച സ്ഥലങ്ങളിൽ പയർ വിത്തുകളിടും. വെറുതെ കിടന്ന് കാടുപിടിക്കുന്ന സ്ഥലങ്ങളിലെല്ലാം ഇത്തരത്തിൽ കൃഷി നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥലമുടമകൾ അതിന് തയ്യാറായില്ലെങ്കിൽ നഗരസഭയുടെ നേതൃത്വത്തിൽ കൃഷി നടത്താനും തീരുമാനിച്ചിട്ടുണ്ട്.

നഗരസഭാധ്യക്ഷ പദ്മിനി ഗോപിനാഥ്, എ. ഗോപിനാഥ്, പാലോളി മെഹബൂബ്, എൻ. വേലുക്കുട്ടി തുടങ്ങിയവർ നേതൃത്വം നൽകി.

# മഴക്കാലരോഗ പ്രതിരോധം: അമരമ്പലത്ത് അടിയന്തരയോഗം ചേർന്നു

**പൂക്കോട്ടുംപാടം**: മഴക്കാലരോഗ പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി അമരമ്പലം ഗ്രാമപ്പഞ്ചായത്തിൽ അടിയന്തരയോഗംചേർന്നു. പകർച്ചപ്പനിയുടെ വ്യാപനം തടയാൻവേണ്ട മുൻകരുതലുകളെടുക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രത്യേക യോഗംചേർന്നത്.

വാർഡ്തലത്തിൽ പൊതുജനങ്ങൾ, സംഘടനകൾ, സാനിറ്റേഷൻ കമ്മിറ്റി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡുകൾ രൂപവത്കരിക്കും. സ്ക്വാഡുകൾ ഭവനസന്ദർശനം നടത്തി ബോധവത്കരണവും ഉറവിടനശീകരണവും നടത്തും. വാർഡുകൾക്ക് ഇരുപത്തയ്യായിരം രൂപ അനുവദിക്കുമെന്നും അധികൃതർ അറിയിച്ചു. സർക്കാർ, സ്വകാര്യസ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേക ശുചീകരണംനടത്തും. സ്കൂളുകളിൽ പ്രത്യേക അസംബ്ലി ചേർന്ന് വിദ്യാർഥികൾക്ക് ബോധവത്കരണം നൽകും.

ജനകീയ കൂട്ടായ്മയിൽ പൂക്കോട്ടുംപാടം അങ്ങാടി ശുചീകരിക്കുവാനും കടകളിൽ ബോധവത്കരണം നടത്തുവാനും കെട്ടിടമുടമകൾക്ക് ആവശ്യമായ നിർദ്ദേശംനൽകുവാനും തീരുമാനമുണ്ട്. പ്രവർത്തനങ്ങൾ ഈ മാസംതന്നെ ആരംഭിക്കുമെന്നും പഞ്ചായത്തധികൃതർ അറിയിച്ചു. യോഗത്തിൽ വിവിധ രാഷ്ട്രീയ, സംഘടനാപ്രവർത്തകർ, ആശാവർക്കർമാർ, കുടുംബശ്രീ, ആരോഗ്യ പ്രവർത്തകർ എന്നിവർ പങ്കെടുത്തു. പഞ്ചായത്ത് പ്രസിഡൻറ് സി. സുജാത ഉദ്ഘാടനംചെയ്തു. വൈസ് പ്രസിഡൻറ് നൊട്ടത്ത് മുഹമ്മദ് അധ്യക്ഷതവഹിച്ചു. അമരമ്പലം പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ഡോ. പർവീൺ മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്ത് മെമ്പർമാരായ ഗംഗാദേവി ശ്രീരാഗം, കളരിക്കൽ സുരേഷ്കുമാർ, അനിതാരാജു, ഗ്രാമപ്പഞ്ചായത്ത് അംഗങ്ങൾ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പ്രസംഗിച്ചു.

# ഹരിതകേരളം പദ്ധതി: ദ്വിദിന പരിശീലനക്യാമ്പ് തുടങ്ങി

**മലപ്പുറം**: നഷ്ടമായ പ്രകൃതിയെ വീണ്ടെടുക്കാനും പുഴകളും ജലാശയങ്ങളും പുനരുജ്ജീവിപ്പിക്കാനും ഹരിതകേരളംപദ്ധതി പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നതായി ജില്ലാപഞ്ചായത്ത് പ്രസിഡൻറ് എ.പി. ഉണ്ണികൃഷ്ണൻ.

പദ്ധതിയുടെ ഭാഗമായി ജലവിഭവമിഷൻ ഉദ്യോഗസ്ഥർക്കായി നടത്തുന്ന ദ്വിദിന പരിശീലനക്യാമ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജില്ലയിലെ ജലസംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പഠനം നടത്തി സമഗ്ര രൂപരേഖ തയാറാക്കുന്നതിന് ജില്ലാപഞ്ചായത്ത് 10 ലക്ഷം രൂപ



ഹരിതകേരളം മിഷൻ ജില്ലാതല പരിശീലനപരിപാടി ജില്ലാപഞ്ചായത്ത് പ്രസിഡൻറ് എ.പി. ഉണ്ണികൃഷ്ണൻ ഉദ്ഘാടനംചെയ്യുന്നു

നീക്കിവെച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പൊതുജനങ്ങളും കൂട്ടായി ശ്രമിച്ചാൽ ലക്ഷ്യം കൈവരിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.

ഡെപ്യൂട്ടി കളക്ടറും വരൾച്ച രഹിത മലപ്പുറം ജില്ലാനോഡൽ ഓഫീസറുമായ ജെ.ഒ. അരുൺകുമാർ അധ്യക്ഷതവഹിച്ചു.

വിവിധ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരായ ശ്രീകല, പി.സി. ബാലഗോപാലൻ, ടി. ഉസ്മാൻ, അനിത നായർ, എ. ഉസ്മാൻ, പി. ശ്രീനിവാസൻ തുടങ്ങിയവർ സംസാരിച്ചു. ജലസേചനവകുപ്പ്, മണ്ണുസംരക്ഷണവിഭാഗം, മഹാത്മാഗാന്ധി തൊഴിലുറപ്പ് വിഭാഗം, ഭൂജലവകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്.

# കോഴിക്കോട ജില്ല : ശുചീകരണ പ്രവർത്തനങ്ങൾ

| കോഴിക്കോട് 27,28,,29 റിപ്പോർട്ട് | | | |
|---|---|---|---|
| പഞ്ചായയത്തിന്റെ പേര് | ഏറ്റെടുത്തു നടത്തിയ ശുചീകരണ പ്രവർത്തനം | സ്ഥാപനം /സ്ഥലം | പങ്കെടുത്തവരുടെ എണ്ണം |
| Arrikulam | പഞ്ചായയത്ത് തല സര്വകക്ഷി യോഗം | | |
| Atholi | കുടുംബശ്രീ പ്രവര്ത്തകര് വീട് തോറും കയറി ബോധവല്ക്കരണം നടത്തുന്നു. ,വാര്ഡുകളില് ജനവാസ കേന്ദ്രങ്ങളില് കുറ്റിക്കാടുകള് വെട്ടി തെളിയിച്ചു ,ഹോമിയോ ക്ലാസുകള്, ആയുര് വേദ ക്ലാസുകള് നടത്തി ,പ്രതിരോധ മരുന്ന് നല്കി | 6.11,17 | 150 |
| Azhiyur | പതിനൊന്നാം വാര്ഡില് കൊതുകു നശീകരണവും ബോധവത്കരണം ഉള്ക്കൊള്ളുന്ന നോട്ടീസ് വിതരണം നടത്തി. 15-ാം0 വാര്ഡില് ശുചീകരണം നടത്തി. 14 -ാം വാര്ഡില് ആവിക്കര ക്ഷേത്രത്തിനു സമീപമുള്ള ഡ്രൈനേജ് മണ്ണ് നീക്കം ചെയ്തു. 12 -ാം വാര്ഡില് ചോമ്പാല ഹാര്ബര് ശുചീകരിച്ചു. | 11,15,14, വാര്1ഡുകളും 2 | 54 |
| Balussery | 27.06.2017 ന് ജനപ്രതിനിധികള്, ഉദ്യോഗസ്ഥര്, ആരോഗ്യപ്രവര്ത്തകര്, രാഷ്ട്രീയ സംഘടനാ പ്രതിനിധികള്, കുടുംബശ്രീ, വ്യാപാരികള് എന്നിവരുടെ അവലോകനയോഗം നടത്തി. ഹോമിയോ മരുന്ന് വിതരണം നടത്തി. ടൌണ് ശുചീകരിച്ചു. | 17, 4, 5 വാര്ഡുകള് | 48 |
| Chakkitapara | ക്ലോറിനേഷന് & ക്ലീനിംങ് | ചക്കിട്ടപാറ പഞ്ചായത്ത് ഓഫീസ് പരിസരം | 8 |
| Changaroth | ചങ്ങരോത്ത് പഞ്ചായത്തിലെ മുഴുവന് വാർഡുകളിലും പകർച്ചപനി നിയന്ത്രണ വിധേയമാക്കുന്നതിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങള് 28, 29 , 30 തീയതികളില് പൂർത്തീകരിച്ച് വിശദമായ റിപ്പോർട്ട് 03.07.2017 ന് മുമ്പ് ലഭ്യമാക്കുന്നതാണ്. 29.06.2017 ന് പഞ്ചായത്ത് ഓഫീസും അനുബന്ധ സ്ഥാപനങ്ങളും | വിവിധ വാര്ഡുകളിലെ പൊതുതെരുവുകള്, മത്സ്യമാര്ക്കറ്റ്, പൊതു സ്ഥാപനങ്ങള്, വിദ്യാലയങ്ങള് | |

| | | | |
|---|---|---|---|
| | പരിസരവും ശുചീകരണം നടത്തുന്നതാണ്. | | |
| Chathamangalam | കുടുംബശ്രീ അംഗങ്ങള് ഹോമിയോ പ്രതിരോധ മരുന്ന് മരുന്ന് എല്ലാ വാര്ഡുകളിലും വിതരണം ചെയ്യ്തിട്ടുണ്ട്.ജനവാസ കേന്ദ്രങ്ങളില് കുറ്റിക്കാടുകള് വെട്ടി തെളിയിച്ചു. കൊതുകു പ്രജനനം തടയുന്നതിനുള്ള നടപടികള് സ്വീകരിച്ചു. | ഓഫീസ് പരിസരവും വിവിധ വാര്ഡുകളിലെ പൊതുതെരുവുകള്, മത്സ്യമാര്ക്കറ്റ്, പൊതു സ്ഥാപനങ്ങള്, വിദ്യാലയങ്ങള് എന്നിവടങ്ങളില് ശുചീകരണം നടത്തി | |
| Chelannur | 21 വാര്ഡുകളില് ജനവാസ കേന്ദ്രങ്ങളില് കുറ്റിക്കാടുകള് വെട്ടി തെളിയിച്ചു. കൊതുകു പ്രജനനം തടയുന്നതിനുള്ള നടപടികള് സ്വീകരിച്ചു. ക്ളോറിനേഷന്, പ്രശ്ന ബാധിത പ്രദേശങ്ങളില് ഫോഗിംഗ്, ബോധ വല്കരണത്തിനാവശ്യമായ നോട്ടീസ് വിതരണം | വിവിധ വാര്ഡുകളിലെ പൊതുതെരുവുകള്, മത്സ്യമാര്ക്കറ്റ്, പൊതു സ്ഥാപനങ്ങള്, വിദ്യാലയങ്ങള് | ഒരോ വാര്ഡിലും 25 പേര് അടങ്ങുന്ന സന്നദ്ധ ശചീകരണ പ്രവര്ത്തകര് ആകെ 525 |
| Chemancheri | ശുചിത്വ ഗ്രാമസഭകള് നടന്നുവരുന്നു. ജനപ്രതിനിധികള്, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥര്, ആരോഗ്യപ്രവര്ത്തകര്, രാഷ്ട്രീയ സംഘടനാ പ്രതിനിധികള്, കുടുംബശ്രീ, എന്നിവരെ ഉള്പ്പെടുത്തി വീടുകള് കയറി ബോധവല്ക്കരണം നടത്തി വരുന്നു. ജൂലൈ 2,3 തിയതികളില് ഡ്രൈഡേ ആചരിക്കാന് തീരുമാനിച്ചു. | പഞ്ചായത്തിലെ പൊതുസ്ഥലങ്ങളിലും വീടുകളിലും | ഓരോ വാര്ഡുകളിലും 40 പേര് വീതം 800 പേര് |
| Chengotukavu | | പ്രധാന അങ്ങാടികളിലെ ഓടകള്, വിദ്യാലയങ്ങള്, സ്ഥാപനങ്ങള് | 175,സ്ക്കൂളുകളിലെ വിദ്യാര്ത്ഥികളും അധ്യാപകരും കൂടാതെ 36 കുടുംബശ്രീ പ്രവര്ത്തകര്, അയല്സഭാംഗങ്ങള് |
| Cheruvannur | ക്ലോറിനേഷന് നടത്തി,കൊതുകു കതാടി ഉറവിട നശീകരണം,ബോധവത്ക്കരണ ക്ലാസ്സുകള് നടത്തി | 8 വാര്ഡുകളില്,വിദ്യാലയങ്ങള്,അംഗന്വാടികള് | 420 |

| | | | |
|---|---|---|---|
| Edachery | വാര്ഡ്തല ശുചീകരണം, ടൌണ് ശുചീകരണം, പഞ്ചായത്ത് ഓഫീസ് ശുചീകരണം | എല്ലാ വാര്ഡുകളിലും ടൌണുകളിലും | വാര്ഡ് മെമ്പര്മാര്,കുടുംബശ്രീ പ്രവര്ത്തകര്, ആശവര്ക്കര് മാര് കൂടാതെ,പി-എച്ച്-സി,ലെ ഉദ്യോഗസ്ഥന് മാര് |
| Eramala | കുടുംബശ്രീ പ്രവര്ത്തകര് വീട് തോറും കയറി ബോധവല്ക്കരണം നടത്തുന്നു. | എല്ലാ വാര്ഡുകളിലും | 19 വാര്ഡുകളിലെയും പ്രവര്ത്തകര് |
| Kadalundy | ക്ലോറിനേഷന് നടത്തി,കൊതുകു കൂത്താടി ഉറവിട നശീകരണം,ബോധവത്ക്കരണ ക്ലാസ്സുകള് നടത്തിഓടകള് വൃത്തിയാക്കി , | എല്ലാ വാര്ഡുകളിലും അംഗനവാടി , സ്കൂളുകള്,10 വാര്ഡിലെ വാട്ടര് അഥോറിട്ടി ഓഫീസ് | വാര്ഡ് മെമ്പര്മാര്,കുടുംബശ്രീ പ്രവര്ത്തകര്, ആശവര്ക്കര് മാര് കൂടാതെ,പി-എച്ച്-സി,ലെ ഉദ്യോഗസ്ഥന് മാര് |
| Kakkodi | കോളനികളില് ശുചീകരണവും ബോധവല്ക്കരണ ക്ലാസ്സും നടത്തി | | |
| Karasseri | 27.6.17ന് വീടുകള് സന്ദര്ശിച്ചു. ലഘുലേഖകള് വിതരണം ചെയ്തു. കോളനികള് ശുചീകരിച്ചു. | എല്ലാ വാര്ഡുകളിലും | വാര്ഡ് മെമ്പര്മാര്,കുടുംബശ്രീ പ്രവര്ത്തകര്, ആശവര്ക്കര് മാര് കൂടാതെ,പി-എച്ച്-സി,ലെ ഉദ്യോഗസ്ഥന് മാര് |
| Kattipara | വാര്ഡ്തല ശുചീകരണം, ടൌണ് ശുചീകരണം, പഞ്ചായത്ത് ഓഫീസ് ശുചീകരണം | എല്ലാ വാര്ഡുകളിലും അംഗനവാടി , സ്കൂളുകള്,എന്നിവിടങ്ങലിലും | വാര്ഡ് മെമ്പര്മാര്,കുടുംബശ്രീ പ്രവര്ത്തകര്, ആശവര്ക്കര് മാര് കൂടാതെ,പി-എച്ച്-സി,ലെ ഉദ്യോഗസ്ഥന് മാര് |

| | | | |
|---|---|---|---|
| Kavilumpara | പഞ്ചായത്തിന്റെയും വ്യാപാരി വ്യവസായികളുടെയും സഹകരണത്തോടെ കടകള് അടച്ച് ടൌണ് ശുചീകരണം നടത്തി. | പ്രധാന ടൌണ് ഉള്പ്പെടുന്ന 14,15,16 വാര്ഡുകള് | കുടുംബശ്രീ, ആശാവര്ക്കര് മാര്, സന്നദ്ധപ്രവര് ത്തകര് ആരോഗ്യവകു പ്പ് ജീവനക്കാര്, ജനപ്രതിനിധിക ള്, ജീവനക്കാര്, വ്യാപാരി വ്യവയായികള് തുടങ്ങിയവര് പങ്കാളികളായി. |
| Kayanna | സര്ക്കാര് ഉത്തരവ് പ്രകാരം ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേര്ത്തു.04,05,06 വാര്ഡുകളില് വീട് കയറി ബോധവല്കരണം നടത്തി.എല്ലാ വാര്ഡുകളിലും അപരാജിത ചൂര്ണ്ണം വിതരണം ചെയ്തു. | കായണ്ണ ബസാര്,കരികണ്ട ന്പാറ , എല്ലാ വാര്ഡുകളിലും | വിവിധ രാഷ്ട്രീയ പാര്ട്ടി പ്രവര്ത്തകര്, സന്നദ്ധസംഘട ന പ്രതിനിധികള്, വാര്ഡ് മെമ്പര്മാര്,കു ടുംബശ്രീ പ്രവര്ത്തകര്, ആശവര്ക്കര് മാര് കൂടാതെ,പി-എച്ച്-സി,ലെ ഉദ്യോഗസ്ഥന് മാര് |
| Kizhakoth | വാര്ഡ്തല ശുചീകരണം, ടൌണ് ശുചീകരണം, പഞ്ചായത്ത് ഓഫീസ് ശുചീകരണം | 15,16,17 വാര്ഡുകളില് ശുചീകരണം | 63 |
| Kodancheri | പൊതു സ്ഥലങ്ങള് ശുചീകരണം, സ്കൂളുകള് , അങ്കണവാടികള്, ഓഫീസ് ശുചീകരണം, ബോധവല്ക്കരണം. | കോടഞ്ചേരി | . |
| Koodaranhi | വാര്ഡ്തല ശുചീകരണം, ടൌണ് ശുചീകരണം, പഞ്ചായത്ത് ഓഫീസ് ശുചീകരണം | കൂടരഞ്ഞി | 277 |
| Koorachundu | പഞ്ചായത്ത് കണ് ഫറന്സ് ഹാളില് തുടര് ബോധവല്ക്കരണ ക്ളാസ്സ് നടത്തി.എല്ലാ വാര്ഡുകളിലും ശുചീകരണ പ്രവര്ത്തി ഉറവിട നശീകരണ പ്രവര്ത്തി എന്നിവ നടത്തി.ഒരു മാസ ക്കാലമായി നടത്തിവരുന്ന പ്രതിരോധ മരുന്ന് വിതരണം തുടര്ന്നു. | കൂരാച്ചുണ്ട് പഞ്ചായത്തിലെ എല്ലാവാര്ഡുകളി ലും. | വാര്ഡ് മെമ്പര്മാര്,കു ടുംബശ്രീ ,തൊഴിലുറപ്പ് പ്രവര്ത്തകര്, ആശവര്ക്കര് മാര്,സന്നദ്ധസം ഘടനകള്.രാ,് ട്രീയ |

| | | | |
|---|---|---|---|
| | | | പ്രവര്ത്തകര് കൂടാതെ സ്-എച്ച്-സി,പി-എച്ച്-സി,ഹോമിയോ,ആയുര്വേദ സ്ഥാപനത്തിലെ ഉദ്യോഗസ്ഥന്മാര് |
| Koothali | കൂത്താളി ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരം ജനപ്രതിനിധികളുടെയും കുടുംബശ്രീ പ്രവര് ത്തകരുടേയും പങ്കാളിത്തത്തോടെ ശുചീകരിച്ചു.കൂടാതെ കൂത്താളി ടൌണിലെ ഓടയിലെ മാലിന്യങ്ങള് നീക്കം ചെയ്തു | കൂത്താളി ഗ്രാമപഞ്ചായത്ത് ഓഫീസ് കൂത്താളി ടൌണ് | 21 |
| Kottur | പഞ്ചായത്തിലെ പൊതുസ്ഥലങ്ങളിലും , വീടുകളിലും ശുചീകരണ പ്രവര്ത്തനങ്ങള് നടത്തി, കൊതുകുകളുടെ ഉറവിട നശീകരണം നടത്തി. ആരോഗ്യ വകുപ്പിന്റെ  നേതൃത്വത്തില് ബോധവല്കരണ ക്ലാസുകള് സംഘടിപ്പിച്ചു | പഞ്ചായത്തിലെ പൊതുസ്ഥലങ്ങളിലും വീടുകളിലും | 330 |
| Kunnummal | ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരം ജീവനക്കാരും ജനപ്രതിനിധികളും ചേർന്ന് ശുചിയാക്കി. വാർഡുകളില് ഉറവിട കൊതുക് നശീകരണ പ്രവര്ത്തനങ്ങള് നടത്തി | | |
| Maruthomkara | 4 വാര്ഡുകളിലും ജനപ്രതിനിധികളുടെ നേതൃത്വത്തില് കുടുംബശ്രീ പ്രവര്ത്തകര്,ആശാ വര്ക്കര്മാര്,തൊഴിലുറപ്പ് തൊഴിലാളികള്,അയല്സഭാ അംഗങ്ങള് എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ട് വാര്ഡ് തല ശുചിത്വ സേനകള്ക്ക് രൂപം നല്കുകയുംരണ്ട് പേര് വീതം അടങ്ങുന്ന സ്ക്വാഡുകളായി സേനാംഗങ്ങള് എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും സന്ദര്ശിച്ച് പരിശോധന നടത്തുകയും മാലിന്യ നിര്മാര്ജ്ജനത്തിന്റെ പ്രാധാന്യവും ശുചിത്വ സന്ദേശവും കൈമാറുകയും ചെയ്യ്തു.കൂടാതെ ആരോഗ്യപ്രവര്ത്തകരുടെ നേതൃത്വത്തില് പ്രധാന ജംഗഷനുകള് | മരുതോങ്കര ഗ്രമപഞ്ചായത്ത് 14 വാര്ഡിലേയും, അംഗണവാടികളില് | 56 |

| | | | |
|---|---|---|---|
| | വൃത്തിയാക്കുന്ന പ്രവര്ത്തനവും നടപ്പിലാക്കി. 14 അംഗണവാടി ശുചീകരിച്ചു | | |
| Mavoor | ജലാശയത്തിലെ പ്ലാസ്റ്റിക്ക്മാലിന്യം നീക്കം ചെയ്യല്, റോഡരികിലെ കാട് വെട്ടി തെളിയിക്കല് | വാര്ഡ് 6-ല് പൈപ്പ് ലൈന്-പുത്തന്കുളം | 17 പേര് |
| Meppayyur | എല്ലാവാര്ഡുകളിലും മേപ്പയ്യൂര് ടൌണിലും രാഷ്ട്രീയ പാര്ട്ടികള് , സന്നദ്ധസംഘടനകള്, ആശാവര്ക്കര്മാര് കുടുംബശ്രീ പ്രവര്ത്തകര്,ജീവനക്കാര് എന്നിവര് ചേര്ന്ന് ശുചീകരണ പ്രവര്ത്തനം നടത്തി | 17 വാര്ഡുകളില് | 17 വാര്ഡുകളിലെയും പ്രവര്ത്തകര് |
| Moodadi | പഞ്ചായത്തിലെ 18 വാര്ഡുകളിലും ശുചീകരണപ്രവര്ത്തനങ്ങള് നടത്തി. പൊതുസ്ഥലങ്ങളും വീടുകളും ആരോഗ്യപ്രവര്ത്തകര്, മറ്റു സന്നദ്ധപ്രവര്ത്തകര് എന്നിവരുടെ സഹായത്തോടെ ശുചീകരിച്ചു. | സ്കൂളുകളും മറ്റു പൊതുസ്ഥലങ്ങളും മാര്ക്കറ്റുകളും വീടുകളും | ആരോഗ്യപ്രവര്ത്തകര്, എന്,എസ്.എസ് പ്രവര്ത്തകര്, കുടുംബശ്രീ പ്രവര്ത്തകര് |
| Naduvannur | മെഡിക്കല് ഓഫീസര്മാരുടെയും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെയും കുടുംബശ്രീ പ്രവര്ത്തകരുടേയും രാഷ്ട്രീയ പാര്ട്ടി പ്രതിനിധികളുടെയും യോഗം ചേര്ന്നു. സ്ക്വാട് പ്രവര്ത്തനത്തിലൂടെ എല്ലാ വാര്ഡുകളിലേക്കും ലഘുലേഖ വിതരണം ചെയ്ത് തുടങ്ങുകയും വാര്ഡ് 6ല് വീട് കയറിയുള്ള ബോധവല്കരണവും ശുചീകരണവും നടത്തി | 16 വാര്ഡുകളില് ലഘുലേഖ വിതരണം - വാര്ഡ് 6ല് ശുചീകരണം | 112 |
| Narippatta | മുള്ളമ്പത്ത് അങ്ങാടി വൃത്തിയാക്കി.എല്ലാ വാര്ഡുകളിലും ശുചീകരണ പ്രവര്ത്തനങ്ങള് നടത്തി.ട്രാന്സ്ഫോര്മുക്ക് ആര്.എന്.എം ഹയര്സെക്കണ്ടറി സ്കൂളും പരിസരവും എന്.എസ്.എസ് വിദ്യാര്ത്ഥികളും ആശാവര്ക്കര്മാരും ചേര്ന്ന് വൃത്തിയാക്കി.പി.എച്ച്.സിയും പരിസരവും വൃത്തിയാക്കി. ആരോഗ്യ പ്രവര്ത്തകര് മുഖേന എല്ലാ വീടുകളിലും ലഘുരേഖ എത്തിച്ചു. | പി.എച്ച്.സി ,ആര്.എന്.എം ഹയര് സെക്കണ്ടറി സ്കൂള് | 40 |
| Onchiyam | വാര്ഡുകളില് ശുചീകരണം | 9,,3,13,12 എന്നീ | 73 |

| | | | |
|---|---|---|---|
| | നടത്തി,ഓടകള് വൃത്തിയാക്കി,<br>ഉറവിടനശീകരണം നടത്തി | വാര്ഡുകളില് | |
| Panangad | പഞ്ചായത്തിന് വിവിധ<br>സ്ഥലങ്ങളില് ഓടകള്,<br>അങ്ങാടികള് എന്നിവ<br>ശുചീകരിച്ചു. വീടുകള്<br>കയറി ഹോമിയോ പ്രതിരോധ<br>മരുന്ന്<br>വിതരണം ചെയ്തു | താലൂക്ക്<br>ഹോസ്പിറ്റല്<br>ശുചീകരിച്ചു. | 267 |
| Perambra | ഓവ് ചാല് (ഓട)<br>ശുചീകരണം,പൊതുസ്ഥലങ്ങിലെ<br>മാലിന്യ നിര്മ്മാര്ജ്ജനം | 13ാാം<br>വാര്ഡ്(കക്കാട്)<br>,പഞ്ചായത്ത്<br>ഓഫീസ് | 47 |
| Perumanna | പുവ്വാട്ടുപറമ്പ് മുതല് തയ്യില്താഴം<br>റോഡ് ശുചീകരണം,വീടുകളില്<br>ഡ്രൈ ഡേ<br>ആചരിച്ചു,ബോധവത്ക്കരണം<br>നടത്തി<br>നോട്ടീസ് വിതരണം നടത്തി,<br>ബ്ലീച്ചിംഗ്<br>പൌഡര് വിതരണം നടത്തി. | തയ്യില്താഴം,<br>വാര്ഡ് 7, 6 | 90 |
| Puramery | വാര്ഡ്തലത്തില്<br>ബോധവല്ക്കരണം<br>നടത്തി,വാര്ഡ്തലത്തില്<br>ശുചീകരണം,ക്ലോറിനേഷന്,കുടും<br>ന്പശ്രീയുടെ നേതൃത്വത്തില്<br>ഓവുചാല് പൊതുസ്ഥലങ്ങള്<br>എന്നിവ<br>വൃത്തിയാക്കല്.അംഗന്വാടികളില്<br>ജെ പി എച്ച് എന്,ജെ എച്ച് ഐ<br>എന്നിവരുടെ നേതൃത്വത്തില്<br>ബോധവല്ക്കരണക്ലാസ് നടത്തി. | വാര്ഡു 1 മുതല്<br>8 വരെയും<br>പൊതുസ്ഥലങ്ങളി<br>ലും | 323 |
| Puthupady | 1-ഉറവിട നശീകരണ<br>പ്രവര്ത്തനങ്ങളും<br>ശുചീകരണവും<br>2-ഓട ശുചീകരണം<br>3-ടൌണ് ശുചീകരണം<br>4-ഓട ശുചീകരണം | വാര്ഡ് 6,3,7,<br>വാര്ഡ് 10<br>കൊയാസ് സൗത്ത്<br>ഈങ്ങാപ്പുഴ<br>കൊട്ടാരക്കോത്ത്<br>അങ്ങാടി | 57 |
| Thalakulathur | 17 വാർഡുകളിലും വാർഡ്<br>മെമ്പർമാരുടെ<br>മേല്നോട്ടത്തില്ശുചികരണപ്രവർ<br>ത്തനങ്ങള് നടത്തി.<br>ആരോഗ്യപ്രവർത്തർ വീടുകള്<br>തോറും കയറി ബോധവതകരണം<br>നടത്തി. | വാർഡ് 4,5,6<br>ഉള്പ്പെടുന്ന<br>എടക്കര അങ്ങാടി | ആരോഗ്യപ്രവ<br>ര്ത്തകര്,കുടും<br>ബശ്രീപ്രവര്ത്ത<br>കര് |

| | | | |
|---|---|---|---|
| Thamarasery | വാര്ഡുകളില് ശുചീകരണം,ക്ലോറിനേഷന്, ബോധവല്ക്കരണ പ്രവര്ത്തനങ്ങള് ടൌണുകള്ല് ശുചീകരണം | 17,2,7 വാര്ഡുകള് | കു ുടുംബശ്രീ പ്രവര്ത്തകര്, ആരോഗ്യ പ്രവര്ത്തകര് രാഷ്ട്രീയ, സന്നദ്ധ സംഘടനാ പ്രവര്ത്തകര് |
| Thikkodi | കക്കൂസ് ടാങ്ക് പൈപ്പുകള്ക്ക് വല ഇടല്, പൊട്ടിപ്പൊളിഞ്ഞ ഭാഗങ്ങള് സിമന്റ് ഉപയോഗിച്ച് പ്ലാസ്റ്റര് ചെയ്യല്, പൊതുവഴികളിലുള്ള മലിനമായ വെള്ളക്കെട്ടുകള് ഒഴിവാക്കുവാനുമുള്ള പ്രവൃത്തികള് തുടങ്ങിയ നടത്തി. | വാര്ഡ് 1,16, 17 | 58 |
| Thiruvambadi | എല്ലാ വാര്ഡുകളിലും വെള്ളംകെട്ടി നില്ക്കുന്നത് ഒഴിവാക്കി.ഓവുചാലുകള് വൃത്തിയാക്കി ..ജനങ്ങളെ ബോധവല്ക്കരിച്ചു . ക്ലീനിംഗ് ,ക്ളോറിനേഷന് ,ഉറവിട നശീകരണം,ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലം പരിശോധിച്ച്,നടപടിസ്വീകരിച്ചു, | 17 വാര്ഡുകളിലും | ആരോഗ്യപ്രവര്ത്തകര്,കുടുംബശ്രീപ്രവര്ത്തകര്, സന്നദ്ധ പ്രവര്ത്തകര് |
| Thunery | ക്ലീനിംഗ് ,ക്ളോറിനേഷന് ,ഉറവിട നശീകരണം,ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലം പരിശോധിച്ച്,നടപടിസ്വീകരിച്ചു, | 3, 6,4,12,15,8 ,10 വാര്ഡുകളില് | 27 |
| Ulliyeri | വാര്ഡ് തലത്തില് കൊതുകുകളുടെ ഉറവിട നശീകരണം നടത്തി. പനി പ്രതിരോധ ഹോമിയോ മരുന്ന് വിതരണം തുടരുന്നു. | 19 വാര്ഡുകളിലും | |
| Villiappally | ആരോഗ്യപ്രവർത്തർ വീടുകള് തോറും കയറി ബോധവതകരണം നടത്തി. | 19 വാര്ഡുകളില് | |
| Vanimal | എല്ലാ വാര്ഡുകളിലും വെള്ളംകെട്ടി നില്ക്കുന്നത് ഒഴിവാക്കി.ഓവുചാലുകള് വൃത്തിയാക്കി ..ജനങ്ങളെ ബോധവല്ക്കരിച്ചു . | 16 വാര്ഡുകള് | 80 |



## പനി: ആശുപത്രികളിൽ താൽക്കാലിക ഡോക്ടർമാരെ നിയമിക്കാൻ നടപടി

● മന്ത്രി കെ.കെ.ശൈലജയുടെ നേതൃത്വത്തിൽ അവലോകന യോഗം



## പനി, മഞ്ഞപ്പിത്തം: മൂന്നു മരണം

● കോഴിക്കോട് ജില്ലയിൽ 27, 28, 29 തീയതികളിൽ ശുചീകരണ ക്യാംപെയ്ൻ



പ്രാദേശികം

## പകർച്ചപ്പനി: ചില തദ്ദേശ സ്ഥാപനങ്ങൾ ഉത്തരവാദിത്തം നിർവഹിക്കുന്നില്ലെന്ന് മന്ത്രി







## വിദ്യാലയങ്ങളിൽ ഇന്നു ശുചീകരണം

കോഴിക്കോട് ● ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ പകർച്ചപ്പനി പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ ഇന്നു ജില്ലയിലെ മുഴുവൻ സ്കൂളുകളിലും കോളജുകളിലും പകുതിദിനം ശുചീകരണത്തിനായി നീക്കിവയ്ക്കും. ഇതുസംബന്ധിച്ച് കലക്ടർ ജില്ലയിലെ വിദ്യാഭ്യാസ വകുപ്പ് അധികൃതർക്ക് നിർദേശം നൽകി. 27 മുതൽ ഇന്നു വരെയുള്ള ദിവസങ്ങളിൽ പൊതുശുചീകരണത്തിനായി മുഖ്യമന്ത്രി ആഹ്വാനം ചെയ്തിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ വകുപ്പ്, ശുചിത്വമിഷൻ, ആരോഗ്യ വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ പ്രാദേശിക തലത്തിൽ ശുചീകരണം നടന്നു വരികയാണ്. ഇന്ന് ഉച്ചയ്ക്കു ശേഷമാണു വിദ്യാലയങ്ങൾ ശുചീകരണത്തിനായി നീക്കിവയ്ക്കുക. വിദ്യാലയ പരിസരമോ, പൊതു ഇടങ്ങളോ ശുചീകരണത്തിനായി തിരഞ്ഞെടുക്കാം. സ്കൂളുകൾക്കും കോളജുകൾക്കും സഹായങ്ങൾ നൽകുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കലക്ടർ നിർദേശം നൽകിയിട്ടുണ്ട്.

മുഴുവൻ വിദ്യാർഥികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊളീജിയറ്റ് എജ്യുക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ, റീജനൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എജ്യുക്കേഷൻ എന്നിവർക്കും നിർദേശം നൽകിയിട്ടുണ്ട്.



www.janmabhumidaily.com/calicut

പ്രാദേശികം

പകർച്ചപ്പനി പ്രതിരോധം

## മൂന്നു ദിവസം തുടർച്ചയായി ശുചീകരണം

● ഡോക്ടർമാരെ താൽക്കാലികമായി നിയമിക്കും

### ജില്ലയിൽ 3080 പേർക്ക് ഡെങ്കിപ്പനി

Tue, 27 June 2017










Jun 4, 2017







MOTORS











## വയനാട് ജില്ലാ: <u>മഴക്കാല ശുചീകരണ ക്യാമ്പയിൻ റിപ്പോർട്ട്</u>

സംസ്ഥാന സർക്കാർ നിർദ്ദേശ പ്രകാരം ജില്ലയിൽ 2017 ജൂൺ 27,28,29 തീയതികളിലായി രോഗ പ്രതിരോധ ശുചിത്വ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. പ്രസ്തുത പ്രവർത്തനങ്ങളുടെ ജില്ലാതല ഉദ്ഘാടനം 27.06.2017 ന് കൽപ്പറ്റ നഗരസഭയിലെ മണിയങ്കോട് വെച്ച് ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ. വി.എസ്. സുനിൽ കുമാർ ഉദ്ഘാടനം നിർവ്വഹിച്ചു. ബഹു. കൽപ്പറ്റ എം.എൽ.എ ശ്രീ. സി.കെ ശശീന്ദ്രൻ, ജില്ലാ കളക്ടർ ശ്രീ. എസ്. സുഹാസ് ഐ.എ.എസ്, കൽപ്പറ്റ നഗരസഭ ചെയർ പേഴ്സൺ ശ്രീമതി. ഉമൈബ മൊയ്തീൻ, ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ, നഗരസഭാ സെക്രട്ടറി എന്നിവർ സംബന്ധിച്ചു. വയനാട് ജില്ലയിൽ 23 ഗ്രാമപഞ്ചായത്തുകളിലും, 3 നഗരസഭകളിലുമായി വിവിധ തരത്തിലുള്ള ശുചീകരണ പ്രവർത്തനങ്ങളും പകർച്ചപ്പനി മഴക്കാല രോഗങ്ങൾ നിയന്ത്രിക്കുന്നതിനുമായി എല്ലാ വാർഡ്/ഡിവിഷനുകളിലും പ്രവർത്തികൾ നടത്തിയിട്ടുണ്ട്. ജനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, ആശാ വർക്കർമാർ, ട്രൈബൽ പ്രമോട്ടർമാർ, സ്കൂൾ അധ്യാപകർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, സന്നദ്ധ സംഘടനകൾ, വ്യാപാരി വ്യവസായി സംഘടനകൾ, രാഷ്ട്രീയ കക്ഷികൾ, ട്രേഡ് യൂണിയൻ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ ബഹു ജന പങ്കാളിത്തതോടെ ശുചീകരണ പ്രവർത്തികൾ നടത്തുകയുണ്ടായി.

| ക്രമ നം. | നടത്തിയ ശുചിത്വ പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ | | |
|---|---|---|---|---|
| | | സംഘാടനം | പങ്കാളിത്തം | നേട്ടം |
| 1 | ഉറവിട നശീകരണം | ഗ്രാമപഞ്ചായത്ത്/നഗരസഭ | 10500 | മഴക്കാല രോഗങ്ങളുടെ കുറവ് |
| 2 | ക്ലോറിനേഷൻ | ആരോഗ്യ പ്രവർത്തകർ | 750 | ശുദ്ധ ജല ലഭ്യത ഉറപ്പാക്കൽ |
| 3 | ഫോഗിംഗ് | ആരോഗ്യ പ്രവർത്തകർ | 35 | കൊതുകുകളുടെ എണ്ണ കുറവ് |
| 4 | സ്ഥാപന ശുചീകരണം | *അധ്യാപകർ, വിദ്യാർത്ഥികൾ, ജീവനക്കാർ* | 12500 | പരിസര ശുചിത്വം |
| 5 | പനി നിരീക്ഷണം | ആരോഗ്യ പ്രവർത്തകർ | 125 | ഉറവിട നശീകരണം ഊർജ്ജിതപ്പെടുത്തി |
| 6 | ഓട | ഗ്രാമപഞ്ചായത്ത്/നഗരസഭ | 1525 | മഴക്കാല |

| | | | | |
|---|---|---|---|---|
| | വൃത്തിയാക്കൽ | | | രോഗങ്ങളുടെ കുറവ് |
| 7 | ഡ്രൈ ഡേ | *അധ്യാപകർ, ജീവനക്കാർ* | 2151 | കൊതുകുകളുടെ എണ്ണ കുറവ് |
| 8 | ഗൃഹ സന്ദർശനം | *കുടുംബശ്രീ പ്രവർത്തകർ* | 2610 | ഉറവിട നശീകരണം ഊർജ്ജിതപ്പെടുത്തി |











# സർക്കാർ ഡോക്ടർമാർ അനാവശ്യമായി അവധി ഒഴിവാക്കണം: മന്ത്രി സുനിൽകുമാർ

കൽപറ്റ ● പകർച്ചവ്യാധികൾ പടരുന്ന കാലമായതിനാൽ സർക്കാർ ആശുപത്രിയിലെ ഡോക്ടർമാർ അനാവശ്യമായി അവധിയിൽ പോകാൻ പാടില്ലെന്നു പകർച്ചവ്യാധി നിയന്ത്രണത്തിനു ജില്ലയുടെ ചുമതലയുള്ള മന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു. മുണ്ടേരി ഇഷ്ടിക പൊയിൽകോളനിയിൽ സംഘടിത ശുചീകരണ യജ്ഞത്തിന്റെ ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.



മുണ്ടേരി ഇഷ്ടിക പൊയിൽകോളനിയിൽ ജില്ലാതല സംഘടിത ശുചീകരണ യജ്ഞം മന്ത്രി വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.

പകർച്ചപ്പനി ഉൾപ്പെടെയുള്ള സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കാൻ നാട് ഒന്നിച്ച് അണിനിരക്കണം. വൃത്തിയില്ലാത്ത ചുറ്റുപാടുകളിൽ നിന്നാണ് രോഗം പടരുന്നത്. കൊതുകു നശീകരണത്തിനു മുൻഗണന നൽകുന്ന പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ 29 വരെ നടക്കുന്നത്. പനിയും പകർച്ചവ്യാധികളും വന്നു ജില്ലയിൽ ഒരാൾ പോലും മരിക്കാൻ ഇടവരരുതെന്നും മന്ത്രി പറഞ്ഞു. സി.കെ.ശശീന്ദ്രൻ എംഎൽഎ അധ്യക്ഷത വഹിച്ചു. കലക്ടർ എസ്.സുഹാസ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.കെ.അസ്മത്ത്, കൽപറ്റ നഗരസഭാധ്യക്ഷ ഉമൈബ മൊയ്തീൻകുട്ടി, എഡിഎം കെ.എം. രാജു, നഗരസഭാ ഉപാധ്യക്ഷൻ പി.പി.ആലി, കൗൺസിലർമാരായ ശോശാമ്മ, വി.ഹാരിസ്, ജില്ലാ മെഡിക്കൽ ഓഫിസർ ഡോ.ആർ. വിവേക് കുമാർ, ഡിപിഎം ഡോ. ബി.അഭിലാഷ്, ഐടിഡിപി പ്രോജക്ട് ഓഫിസർ പി.വാണിദാസ്, ശുചിത്വമിഷൻ കോ-ഓർഡിനേറ്റർ അനൂപ്, ഡോ.സച്ചിൻ എന്നിവർ പ്രസംഗിച്ചു.

# പകർച്ചവ്യാധി: ഡോക്ടർമാർ അവധി എടുക്കരുതെന്ന് മന്ത്രി സുനിൽകുമാർ

**കല്പറ്റ:** പകർച്ചവ്യാധികൾ പടരുന്നതിനാൽ സർക്കാർ ആസ്പത്രിയിലെ ഡോക്ടർമാർ അനാവശ്യമായി അവധിയിൽ പോകരുതെന്ന് മന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു. മുണ്ടേരി ഇഷ്ടിക പൊയിൽ കോളനിയിൽ സംഘടിത ശുചീകരണ യജ്ഞത്തിന്റെ ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

പകർച്ചപ്പനിയുൾപ്പെടെയുള്ള സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കാൻ ഒന്നിച്ചുനിൽക്കണം. വൃത്തിയില്ലാത്ത ചുറ്റുപാടുകളിൽ നിന്നാണ് രോഗം പടരുന്നത്. കൊതുകുനശീകരണ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് വ്യാഴാഴ്ച വരെ നടക്കുന്നത്. വെള്ളം കെട്ടിനിന്ന് കൂത്താടികൾ വളരുന്നത് ഇല്ലാതാക്കണം. സ്വന്തം വീടിന്റെ പരിസരമെല്ലാം ശുചിയാക്കാൻ വീട്ടുകാർ തന്നെ മുൻകൈയെടുക്കണം. ആസ്പത്രികളിലെല്ലാം ആവശ്യത്തിന് മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്. ഒ.പി.പരമാവധി പ്രവർത്തിപ്പിക്കും. പനിയും പകർച്ചവ്യാധികളും വന്ന് ജില്ലയിൽ ഒരാൾ പോലും മരിക്കാനിടവരരുതെന്നും മന്ത്രി കൂട്ടിച്ചേർത്തു.



മുണ്ടേരി ഇഷ്ടിക പൊയിൽ കോളനിയിൽ ജില്ലാതല സംഘടിത ശുചീകരണ യജ്ഞം മന്ത്രി വി.എസ്.സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു

സി.കെ. ശശീന്ദ്രൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ എസ്. സുഹാസ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.കെ. അസ്സത്ത്, കല്പറ്റ നഗരസഭാ ചെയർപേഴ്സൺ ഉമൈബ മൊയ്തീൻകുട്ടി, വൈസ് ചെയർമാൻ പി.പി. ആലി, എ.ഡി.എം. കെ.എം. രാജു, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ആർ. വിവേക് കുമാർ, ഡി.പി.എം ഡോ.ബി. അഭിലാഷ്, ഐ.ടി.ഡി.പി. പ്രൊജക്ട് ഓഫീസർ പി. വാണിദാസ് തുടങ്ങിയവർ സംസാരിച്ചു.

മുണ്ടേരി സ്കൂളിലെ വിദ്യാർഥികൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ്, സ്കൗട്ട് ഗൈഡ്സ്, ആശാവർക്കർമാർ, അങ്കണവാടി വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ തുടങ്ങിയവരും ശുചീകരണത്തിൽ പങ്കാളികളായി.



## കണ്ണൂർ ജില്ല: ശുചീകരണ പ്രവർത്തനങ്ങൾ

സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിനും, കൊതുകുകൾ പെരുകുന്നത് തടയാനും, അതുവഴി പനിയും മറ്റു പകർച്ചവ്യാധികളും തടയുന്നതിനും സംസ്ഥാനവ്യാപകമായിജൂൺ 27,28,29 എന്നീ തീയ്യതികളിൽ നടത്തുന്ന ശുചീകരണ യഞ്ജനം കണ്ണൂർ ജില്ലയിൽ ബഹു.മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. കണ്ണൂർ കോർപ്പറേഷനിലെ സിറ്റി വലിയകുളം പരിസരത്ത് ശുചീകരണ പ്രവൃത്തിയിലേർപ്പെട്ടു കൊണ്ടാണ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തത്. ചടങ്ങിൽ ബഹു.തുറമുഖംവകുപ്പ് മന്ത്രി ശ്രീ കടന്നപ്പള്ളിരാമചന്ദ്രൻ, കണ്ണൂർ കോർപ്പറേഷൻ മേയർ കുമാരി.ഇ.പി.ലത, എം.പി.മാരായ ശ്രീമതി. ശ്രീമതി ടീച്ചർ, ശ്രീ.കെ.കെ.രാഗേഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ. വി. സുമേഷ്, കണ്ണൂർകോർപ്പറേഷൻ ഡെപ്യൂട്ടി മേയർ ശ്രീ.പി.കെ.രാഗേഷ്, എം.എൽ.എ-മാർ, കൗൺസിലർമാർ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. രാവിലെ എട്ടുമണിക്ക് ആരംഭിച്ച ശുചീകരണ പ്രവർത്തനം ഉച്ചവരെ നീണ്ടു. പൊതുപ്രവർത്തകർ, നാട്ടുകാർ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, യുവജന സംഘടനകൾ, ഉൾപ്പെടെ നൂറ് കണക്കിനാളുകൾ പങ്കെടുത്തുകൊണ്ട്വലിയകുളംപരിസരം മാലിന്യമുക്തമാക്കി.







കണ്ണൂർകോർപ്പറേഷനിലെസിറ്റി വലിയകുളംശുചീകരണം – ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി. പിണറായി വിജയൻ.

16 പൊതുവിശേഷം 2017 ജൂൺ 28 ബുധൻ KNR RNI No.62460/94 ദീപിക
E-mail: deepikaknr@deepika.com Reg. No. KL/KNR/19/2015-17

സംസ്ഥാനത്ത് മൂന്നുദിവസത്തെ

## ശുചീകരണയജ്ഞത്തിനു തുടക്കം

**കണ്ണൂർ കോർപറേഷൻ പരിധിയിലെ സിറ്റി വലിയകുളം പരിസരത്ത് ശുചീകരണപ്രവൃത്തിയിലേർപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ശുചീകരണ യജ്ഞത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു.**

**കണ്ണൂർ:** പനിയും മറ്റു പകർച്ചവ്യാധികളും തടയുന്നതിന് സംസ്ഥാനവ്യാപകമായി മൂന്നു ദിവസം നീളുന്ന ശുചീകരണ യജ്ഞത്തിന് തുടക്കമായി.
കണ്ണൂർ കോർപറേഷൻ പരിധിയിലെ സിറ്റി വലിയകുളം പരിസരത്ത് ശുചീകരണപ്രവൃത്തിയിലേർപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ശുചീകരണ യജ്ഞത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു.
മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ, മേയർ ഇ.പി. ലത, എംപിമാരായ പി.കെ. ശ്രീമതി, കെ.കെ. രാഗേഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. സുമേഷ്, ഡെപ്യൂട്ടി മേയർ പി.കെ. രാഗേഷ്, മുൻ എംഎൽഎ പി. ജയരാജൻ, കൗൺസിലർമാരായ പി. ഇന്ദിര, ടി.ഒ. മോഹനൻ, എൻ. ബാലകൃഷ്ണൻ, സി. സമീർ, ഇ. ബീന, ആശ, സുമ ബാലകൃഷ്ണൻ, റഷീദ മഹലിൽ, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ഒ.കെ. വിനീഷ്, ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.
രാവിലെ എട്ടിന് ആരംഭിച്ച ശുചീകരണപ്രവർത്തനം ഉച്ചവരെ നീണ്ടു. ജനപ്രതിനിധികളും നാട്ടുകാരും ചേർന്ന് വലിയകുളം പരിസരം മാലിന്യമുക്തമാക്കി.

27, 28, 29 തീയതികളിൽ നടക്കുന്ന ശുചീകരണയജ്ഞം വിജയിപ്പിക്കാനും പ്രാദേശികതലത്തിൽ ഈ പ്രവർത്തനം തുടർന്നുകൊണ്ടുപോകാനും തിരുവനന്തപുരത്ത് നടന്ന സർവകക്ഷി യോഗം തീരുമാനിച്ചിരുന്നു. ശുചീകരണത്തിന് ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് ജില്ലാതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിലും സർവകക്ഷി യോഗങ്ങളും വിളിച്ചുചേർത്തിരുന്നു.

ജനപങ്കാളിത്തത്തോടെ നടത്തുന്ന ത്രിദിന ശുചീകരണത്തിൽ എൻസിസി, സ്കൗട്ട്, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, വിദ്യാർഥികൾ, വിവിധ സംഘടനകൾ എന്നിവരെല്ലാം പങ്കാളികളാകുന്നുണ്ട്.



ശുചീകരണയജ്ഞത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കണ്ണൂർ കോർപറേഷനിലെ സിറ്റി വലിയകുളം ജുമാ മസ്ജിദ് പരിസരത്ത് ശുചീകരണപ്രവൃത്തിയിലേർപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ, പി.കെ. ശ്രീമതി എംപി, പി. ജയരാജൻ, മേയർ ഇ.പി. ലത, സുമാ ബാലകൃഷ്ണൻ, കെ.കെ. രാഗേഷ് എംപി, സി. സമീർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. സുമേഷ് എന്നിവർ സമീപം. -ദീപിക



**കണ്ണൂർ കോർപറേഷനിലെ ശുചീകരണ യജ്ഞം ഇന്നു രാവിലെ സിറ്റി വലിയകുളം ജുമാമസ്ജിദ് പരിസരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ, പി.കെ. ശ്രീമതി എംപി, പി. ജയരാജൻ, മേയർ ഇ.പി. ലത, സുമാ ബാലകൃഷ്ണൻ, കെ.കെ. രാഗേഷ് എംപി, സി. സമീർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. സുമേഷ് എന്നിവർ സമീപം** -രാഷ്ട്രദീപിക

---

മാതൃഭൂമി 2017 • ജൂൺ 28 • ബുധനാഴ്ച
www.mathrubhumi.com/localnews
നാട്ടുവർത്തമാനം KC KNR 3

**സംസ്ഥാനതല ഉദ്ഘാടനം കണ്ണൂരിൽ**

# മുഖ്യമന്ത്രിതന്നെ രംഗത്തിറങ്ങി ശുചീകരണയജ്ഞം തുടങ്ങി

**കണ്ണൂർ:** പനിയും മറ്റു പകർച്ചവ്യാധികളും തടയുന്നതിന് സംസ്ഥാനവ്യാപകമായി മൂന്നു ദിവസം നടത്തുന്ന ശുചീകരണയജ്ഞം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. കണ്ണൂർ കോർപ്പറേഷൻ പരിധിയിലെ സിറ്റി വലിയകുളം പരിസരത്ത് ശുചീകരണപ്രവൃത്തിയിലേർപ്പെട്ടുകൊണ്ടാണ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തത്.

സംസ്ഥാന തലത്തിൽ നടന്ന ചടങ്ങിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, മേയർ ഇ.പി. ലത, എം.പി.മാരായ പി.കെ. ശ്രീമതി, കെ.കെ. രാഗേഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. സുമേഷ്, ഡെപ്യൂട്ടി മേയർ പി.കെ. രാഗേഷ്, മുൻ എം.എൽ.എ. പി. ജയരാജൻ, കൗൺസിലർമാരായ അഡ്വ. പി. ഇന്ദിര, ടി.ഒ. മോഹനൻ തുടങ്ങിയവർ പങ്കെടുത്തു.

രാവിലെ എട്ടുമണിക്ക് ആരംഭിച്ച ശുചീകരണ പ്രവർത്തനം ഉച്ചവരെ നീണ്ടു. ജനപ്രതിനിധികളും നാട്ടുകാരും ചേർന്ന് വലിയകുളം പരിസരം മാലിന്യമുക്തമാക്കി.

സംസ്ഥാനത്തെ മാലിന്യമുക്തമാക്കാനും കൊതുകുകരം പെരുകുന്നത് തടയാനും ജൂൺ 29 വരെ മൂന്ന് ദിവസമാണ് ശുചീകരണയജ്ഞം. ശുചീകരണ യജ്ഞത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നേതൃത്വം നൽകുന്നത്.

ശുചീകരണത്തിൽ എൻ.സി.സി., സ്കൗട്ട്, സ്റ്റുഡൻറ് പോലീസ് കേഡറ്റ് എന്നി വിഭാഗങ്ങൾക്ക് പുറമെ വിദ്യാർഥികളും പങ്കാളികളാവുന്നുണ്ട്. വായനശാലകൾ, ക്ലബ്ബുകൾ, മറ്റ് സാംസ്കാരിക സംഘടനകൾ എന്നിവരും ശുചീകരണ പ്രവർത്തനത്തിൽ പങ്കാളിത്തം വഹിക്കുന്നു.



**ശുചിത്വം മുഖ്യം...** സമ്പൂർണ ശുചീകരണയജ്ഞത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കണ്ണൂർ സിറ്റി വലിയകുളം പരിസരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, പി.കെ.ശ്രീമതി എം.പി. എന്നിവർ സമീപം

---



# ശുചീകരണത്തിനായി തൂമ്പയെടുത്ത് മുഖ്യമന്ത്രിയും കടന്നപ്പള്ളിയും

**കണ്ണൂർ:** പകർച്ചപ്പനി വ്യാപകമായതിനെ തുടർന്ന് നാടെങ്ങും ശുചീകരണം.

കണ്ണൂർ കോർപ്പറേഷനിലെ സിറ്റി വലിയ പള്ളി ഭാഗത്തെ സ്വകാര്യ സ്ഥലത്ത് നിക്ഷേപിച്ച മാലിന്യം നീക്കം ചെയ്താണ് മുഖ്യമന്ത്രി പിണറായി വിജയൻ ശുചീകരണ യജ്ഞത്തിന് തുടക്കം കുറിച്ചത്. നിശ്ചയിച്ച സമയത്തിനും നേരത്തെ രാവിലെ എട്ട് മണിക്ക് മുമ്പേ തന്നെ മുഖ്യമന്ത്രി സ്ഥലത്തെത്തി. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, മേയർ ഇപി ലത, എംപി മാരായ പി കെ ശ്രീമതി, കെ കെ രാഗേഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ വി സുമേഷ് , ഡെപ്യൂട്ടി മേയർ പി കെ രാഗേഷ്, സി പി എം ജില്ലാ സെക്രട്ടറി പി ജയരാജൻ, സെക്രട്ടറിയേറ്റംഗം എം പ്രകാശൻ, ഏരിയാ സെക്രട്ടറി കെ പി സുധാകരൻ, ലോക്കൽ സെക്രട്ടറി കെ ഷഹറാസ്, അരക്കൻ ബാലൻ, ഒ കെ വിനീഷ് കോർപ്പറേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ ടി ഒ മോഹനൻ, പി ഇന്ദിര, കൗൺസിലർമാരായ എൻ എൻ ബാലകൃഷ്ണൻ, സി സമീർ, സുമ ബാലകൃഷ്ണൻ, ടി ആര, ഇ ബീന, എം വി സഹദേവൻ, കെ പി സജിത്ത്, മീനാസ് തയ്യിട്ടോൺ, വീജി വിനീത, കെ പ്രമോദ്, റഷീദാ മഹലിൽ, ടി രവീന്ദ്രൻ, ടി എം കുട്ടികൃഷ്ണൻ, റഷീദാ മഹലിൽ, എപി അനിൽകുമാർ, എം രാജീവൻ തുടങ്ങിയവരും വിവിധ സംഘടനാ പ്രതിനിധികളും അണിചേർന്നു. സിറ്റി പ്രദേശത്തെ മർഹബ ചാരിറ്റബിൾ ട്രസ്റ്റ് പ്രവർത്തകരുടെ നേതൃത്വത്തിൽ നിരവധി യുവാക്കളും അണിനിരന്നു. കോർപ്പറേഷൻ സെക്രട്ടറി രാധാകൃഷ്ണന്റെ നേതൃത്വത്തിൽ ശുചീകരണ തൊഴിലാളികൾ പൂർണ സമയം യജ്ഞത്തിൽ പങ്കാളികളായി.

തദ്ദേശസ്വയം ഭരണ വകുപ്പും ആരോഗ്യ വകുപ്പും ദൈനംദിനം നടത്തുന്ന പ്രക്രിയ കൊണ്ട് മാത്രം മാലിന്യം നിർമാർജനം ചെയ്യാനും കൊതുക് വളർത്തുന്ന കേന്ദ്രങ്ങൾ ഇല്ലാതാക്കാനും സാധിക്കില്ലെന്ന തിരിച്ചറിവിലാണ് ശുചീകരണ യജ്ഞത്തിൽ കക്ഷി രാഷ്ട്രീയ ഭേദമന്യേ എല്ലാവരും അണിനിരന്നത്.



10 വർത്തമാനം KNR www.manoramaonline.com/news 2017 ജൂൺ 28 ബുധൻ മലയാള മനോരമ

# മാലിന്യം നീക്കാൻ മുഖ്യമന്ത്രി രംഗത്ത്; 3 ദിവസത്തെ ശുചീകരണ യജ്ഞം തുടങ്ങി

**സ്വന്തം ലേഖകൻ**

കണ്ണൂർ ● മാലിന്യം നീക്കാൻ മൺവെട്ടിയും കുട്ടയുമായി മുഖ്യമന്ത്രി തന്നെ ഇറങ്ങിയതോടെ പനിയും പകർച്ചവ്യാധികളും തടയുന്നതിനുള്ള മൂന്നു ദിവസത്തെ ശുചീകരണ യജ്ഞത്തിനു തുടക്കം. കണ്ണൂർ കോർപറേഷനിലെ സിറ്റി വലിയകുളം പരിസരത്തു നടന്ന ശുചീകരണ പ്രവർത്തനത്തിൽ പങ്കാളിയായി മുഖ്യമന്ത്രി പിണറായി വിജയൻ ശുചീകരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു. രാവിലെ എട്ടോടെയാണു മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ശുചീകരണം ആരംഭിച്ചത്.

മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, എംപിമാരായ പി.കെ.ശ്രീമതി, കെ.കെ.രാഗേഷ്, മേയർ ഇ.പി. ലത, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി.സുമേഷ്, ഡപ്യൂട്ടി മേയർ പി.കെ.രാഗേഷ്, സ്ഥിരംസമിതി അധ്യക്ഷരായ ടി.ഒ.മോഹനൻ, പി.ഇന്ദിര, കൗൺസിലർമാരായ എൻ.ബാലകൃഷ്ണൻ, സി.സമീർ, ഇ.ബീന, ടി.ആശ, റഷീദ മഹലിൽ, സുമ ബാലകൃഷ്ണൻ, സിപിഎം ജില്ലാ സെക്രട്ടറി പി. ജയരാജൻ, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ഒ.കെ. വിനീഷ്, സർവകലാശാല സിൻഡിക്കറ്റ് അംഗം എം.പ്രകാശൻ എന്നിവരും ശുചീകരണത്തിൽ പങ്കുചേർന്നു.

രാവിലെ എട്ടുമണിക്ക് ആരംഭിച്ച ശുചീകരണ പ്രവർത്തനം ഉച്ച വരെ നീണ്ടു.

ജനപ്രതിനിധികളും നാട്ടുകാരും ചേർന്നു വലിയകുളം പരിസരം മാലിന്യമുക്തമാക്കി. മൂന്നുദിവസത്തെ ജനകീയ ശുചീകരണത്തിൽ വിവിധ രാഷ്ട്രീയ കക്ഷികളും സംഘടനകളും വിദ്യാർഥികളും പങ്കാളികളാവും. ശുചീകരണത്തിനു ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനു ജില്ലാ തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിലും സർവകക്ഷി യോഗങ്ങളും വിളിച്ചുചേർത്തിരുന്നു.

**മുഖ്യം ശുചീകരണം:** പകർച്ചപ്പനി പടരുന്ന സാഹചര്യത്തിൽ ജനകീയ ശുചീകരണ യജ്ഞത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയോടൊപ്പം കണ്ണൂർ സിറ്റിയിലെ വലിയകുളത്തിനു സമീപത്തെ മാലിന്യം നീക്കുന്നു. എം.പ്രകാശൻ, പി.കെ. ശ്രീമതി എംപി, പി.ജയരാജൻ, കെ.കെ.രാഗേഷ് എംപി, സി.സമീർ എന്നിവർ സമീപം. (വാർത്ത പേജ് 10)

ജില്ലയിലെ എല്ലാ തദ്ദേക സ്വയംഭരണ സ്ഥാപനങ്ങളും, ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ:-

- വെള്ളംകെട്ട് ഒഴിവാക്കൽ
- മാലിന്യ കൂമ്പാരങ്ങൾ വൃത്തിയാക്കൽ
- വെള്ളംകെട്ടി നിൽക്കുന്ന സ്ഥലങ്ങളിൽഗപ്പിമത്സ്യംവളർത്തൽ
- ഗൃഹസന്ദർശനം
- സ്ഥാപന സന്ദർശനം
- ഫോഗിംങ്ങ്
- സ്പ്രേയിംഗ്
- ഓടകൾ വൃത്തിയാക്കൽ
- ക്ലോറിനേഷൻ



കണ്ണപുരം ഗ്രാമ പഞ്ചായത്തിലെ 2-ാം വാർഡിലെ തുണ്ടിത്തോട് നവീകരണ പ്രവൃത്തികൾ. ഏകദേശം 2 കി.മീ. ദൂരത്തിൽ തോട്ടിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് വൃത്തിയാക്കി. സന്നദ്ധ സംഘടനകൾ, കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കർമാർ തുടങ്ങിയവർ പ്രവർത്തനങ്ങളിൽ പങ്കാളികളായി.






കതിരൂർ ഗ്രാമ പഞ്ചായത്തിലെ 5-ാം വാർഡിൽ നടത്തിയ ശുചീകരണ പ്രവർത്തനങ്ങൾ. അംഗൺവാടി പരിസരം, ഹോമിയോ ഡിസ്പെൻസറി പരിസരം, വാട്ടർ ടാങ്ക് പരിസരം എന്നിവടങ്ങളിൽ ഉൾപ്പെടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. കുടുംബശ്രീ പ്രവർത്തകർ, 0 *15(*$

പ്രവർത്തകർ, ആശാ വർക്കർമാർ തുടങ്ങിയവർ പ്രവർത്തനങ്ങളിൽ പങ്കാളികളായി. കൂടാതെ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

## തലശ്ശേരി നഗരസഭയിൽ നടത്തിയ പ്രവർത്തനങ്ങൾ.



തലശ്ശേരി നഗരസഭ– സമഗ്ര ശുചീകരണ യജ്ഞം ചെയർമാൻ ശ്രീ. സി.കെ. രമേശൻ നിർവഹിക്കുന്നു. തലശ്ശേരി താലൂക്ക് ആശുപത്രി പരിസരം ശുചീകരണം നടത്തിയാണ് പ്രവർത്തനം ഉദ്ഘാടനം ചെയ്തത്. കൗൺസിലർമാരും ജീവനക്കാരും സന്നദ്ധ സംഘടനാ പ്രവർത്തകരും ശുചീകരണത്തിൽ പങ്കാളികളായി.





തലശ്ശേരി പുതിയ ബസ്സ് സ്റ്റാന്റ് പരിസരം, റെയിൽ സ്റ്റേഷൻ റോഡ് എന്നിവിടങ്ങളിൽ ക്രൈസ്റ്റ് കോളേജിലെ വിദ്യാർത്ഥികളും അധ്യാപകരും  ചേർന്ന് വൃത്തിയാക്കുന്നു.






തലശ്ശേരി കോടതിയും പരിസരവും ശുചീകരണ പ്രവർത്തനങ്ങൾ - 177) കോളേജിലെ വിദ്യാർത്ഥികളും 166 വളണ്ടയർമാരും ചേർന്ന് നടത്തുന്നു.

**<u>പയ്യന്നൂർ നഗരസഭ</u>**



ശ്രീ. സി.കൃഷ്ണൻ, എം.എൽ.എ.- തായ്നേരി- കീഴ്വയൽ തോട് വൃത്തിയാക്കൽ പ്രവൃത്തി ഉദ്ഘാടനം ചെയ്യുന്നു.





പയ്യന്നൂർ നഗരസഭയുടെയും &53)-ന്റെയും നേതൃത്വത്തിൽ റെയിൽവെ ഓവർ ബ്രിഡ്ജ് പരിസരം വൃത്തിയാക്കുന്നു.





കണ്ടങ്ങാടി കുളം വൃത്തിയാക്കൽ










## <u>ഇരിട്ടി നഗരസഭ</u>



പുതിയ ബസ്സ്റ്റാന്റ് പരിസരം ശുചീകരണം- ചെയർമാൻ ശ്രീ. പി.പി. അശോകൻ നിർവ ഹിക്കുന്നു.






തില്ലങ്കേരിഗ്രാമപഞ്ചായത്ത്.





ഉദ്ഘാടനം : ശ്രീ.ഇ.പി.ജയരാജൻ, എം.എൽ.എ.

കണ്ണൂർ കോർപ്പറേഷൻ



കണ്ണൂർ കോർപ്പറേഷനിൽ സുവർണ്ണ ജൂബിലി സ്മാരക പരിസരം ശുചീകരണം ബഹു. മേയറും കൗൺസിലർമാരും, മുനിസിപ്പൽ ജീവനക്കാരും.

ഫോഗ്ഗിംഗ് : <u>**ഇരിട്ടി നഗരസഭ., മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത**</u>





# കാസറഗോഡ് ജില്ല

1. **കാസറഗോഡ് നഗരസഭ**

കാസറഗോഡ് നഗരസഭ നടപ്പിലാക്കുന്ന ശുചിത്വ സുന്ദര ഹരിത നഗരം പദ്ധതിയുടെ ഭാഗമായി ജൂൺ 29-ാം തീയതി സ്കൂൾ വിദ്യാർത്ഥികൾ, ആശാവർക്കേർസ്, കുടുംബശ്രീ പ്രവർത്തകർ എന്നിവരെ ഉപയോഗപ്പെടുത്തിക്കൊണ്ട് നഗരസഭയിലെ 38 വാർഡുകളിലും വീടുകൾ കയറി ബോധവൽക്കരണം നടത്തി. ലഘുലേഖകൾ നല്കി പ്രാധാന്യം വിശദീകരിച്ച് കൊടുത്തു. കൂടാതെ വീടിന്റെ അകത്ത് കയറി ഫ്രിഡ്ജിന്റെ അടിത്തട്ടിൽ കെട്ടിക്കിടക്കുന്ന വെള്ളം നീക്കം ചെയ്തു.

2. **കാഞ്ഞങ്ങാട് നഗരസഭ**

നഗരസഭയിലെ പ്രധാന ടൗണുകളായ കോട്ടച്ചേരി, പുതിയകോട്ട എന്നിവിടങ്ങളിലെ റോഡരികിൽ വലിച്ചെറിഞ്ഞതും കുന്നുകൂടിയിട്ടുള്ളതുമായ ജൈവ അജൈവ മാലിന്യങ്ങൾ നഗരസഭാ തൊഴിലാളികൾ, സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ നീക്കം ചെയ്തു. കൂടാതെ നഗരസഭ മത്സ്യമാർക്കറ്റും പരിസരവും വൃത്തിയാക്കുകയും ചെയ്തു.

3. **നീലേശ്വരം നഗരസഭ**

നീലേശ്വരം നഗരസഭയിലെ ടൗണുകളിലെ ഓടകളിലെ മാലിന്യങ്ങൾ നഗരസഭ തൊഴിലാളികൾ സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരെ ഉപയോഗപ്പെടുത്തിക്കൊണ്ട് ശുചീകരിക്കുകയും പ്രധാന റോഡുകളുടെ അടിയിൽ കുന്നുകൂടിയിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്തു.

## ഗ്രാമ പഞ്ചായത്തുകൾ

1. **കിനാനൂർ കരിന്തളം**

കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കേർസ്, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തൊഴിലാളികൾ എന്നിവരുടെ സഹകരണത്തോടെ ഗ്രാമ പഞ്ചായത്തുകളിലെ മുഴുവൻ വാർഡുകളിലും ശുചീകരണ പ്രവർത്തനം നടത്തി.

2. **കള്ളാർ**

ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ആരോഗ്യ വിഭാഗം ജീവനക്കാർ, സ്കൂൾ കുട്ടികൾ, ആശാവർക്കർമാർ എന്നിവരുടെ സഹകരണത്തോടെ ശുചീകരണ പ്രവർത്തനം നടത്തി. കൂടാതെ ടൗണുകൾ കേന്ദ്രീകരിച്ച് ഫോഗിംഗ് നടത്തുകയും ചെയ്തു.

3. **പിലിക്കോട്**

പിലിക്കോട് ഗ്രാമ പഞ്ചായത്തിലെ ജനപ്രതിനിധികളുടെയും ആരോഗ്യ വകുപ്പ് അധികൃതരുടെയും നേതൃത്വത്തിൽ പഞ്ചായത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും,

ഓഫീസിലുകളിലും, വീടുകളിലും, പൊതുസ്ഥലങ്ങളിലും 29.06.2017 ന് ഡ്രൈഡേ ആചരിച്ചു. കൊതുക് മുട്ടയിട്ടു പെരുകുവാനുള്ള സാഹചര്യങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുവാനും ആയത് മുഴുവനും ജനങ്ങളുടെ സഹകരണത്തോടെ നീക്കം ചെയ്യുവാനും സാധിച്ചു.

**4. <u>കുമ്പഡാജെ</u>**

കുമ്പഡാജെ ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിലും ടൗണുകൾ കേന്ദ്രീകരിച്ച് ഓടകളിലെയും മറ്റും മാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്തു.

**5. <u>അജാനൂർ</u>**

പഞ്ചായത്തിലെ എല്ലാ ടൗണുകളും വൃത്തിയാക്കി പഞ്ചായത്തിലെ ഘടക സ്ഥാപനങ്ങളിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പരിസരം വൃത്തിയാക്കി. പ്ലാസ്റ്റിക് മാലിന്യങ്ങൾ വൃത്തിയാക്കി റീസൈക്ലിംഗ് സെന്ററുകളിലേക്ക് എത്തിക്കുകയും ചെയ്തു.

**6. <u>ഉദുമ</u>**

ഗ്രാമ പഞ്ചായത്തിലെ പ്രധാനപ്പെട്ട ടൗണുകളായ ഉദുമ, പാലക്കുന്ന്, മാങ്ങാട്, കോട്ടിക്കുളം എന്നിവിടങ്ങളിലെ മാലിന്യങ്ങൾ സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരുടെ സഹകരണത്തോടെ ശുചീകരിച്ചു. പാലക്കുന്ന് സ്ഥിതി ചെയ്യുന്ന മത്സ്യ മാർക്കറ്റ് ഭരണ സമിതി അംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ ശുചീകരിച്ചു.

**7. <u>പള്ളിക്കര</u>**

പള്ളിക്കര ഗ്രാമ പഞ്ചായത്തിലെ ടൗണുകളായ പള്ളിക്കര, ബേക്കൽ, തച്ചങ്ങാട്, പൂച്ചക്കാട് എന്നിവിടങ്ങളിൽ കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കേർസ്, തൊഴിലുറപ്പു പദ്ധതി തൊഴിലാളികൾ എന്നിവരുടെ സഹകരണത്തോടെ ശുചീകരിച്ചു. എല്ലാ വാർഡുകളിൽ നിന്നും കുടംബശ്രീ പ്രവർത്തകരുടെ സഹകരണത്തോടെ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ശേഖരിച്ച് വെളുത്തോളി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന റീസൈക്ലിംഗ് കേന്ദ്രത്തിലേക്ക് എത്തിച്ചു.

**8. <u>ബളാൽ</u>**

ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലും സ്ക്വാഡ് പ്രവർത്തനം നടത്തി കൊതുകുകളുടെ ഉറവിട നശീകരണം നടത്തി. കുടുംബശ്രീ അയൽക്കൂട്ടങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് ബോധവൽക്കരണ ക്ലാസ്സുകൾ മുഴുവൻ വാർഡുകളിലും നടത്തിയിട്ടുണ്ട്.

**9. <u>കുറ്റിക്കോൽ</u>**

ഗ്രാമ പഞ്ചായത്തിലെ 16 വാർഡുകളിലും വാർഡുതല ശുചിത്വ സമിതിയുടെ നേതൃത്വത്തിൽ കൊതുകു നിവാരണ പ്രവർത്തനങ്ങൾ നടത്തി. റബ്ബർ തോട്ടങ്ങളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ കൊതുകിന്റെ ഉറവിടം നശിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തി. കൂടാതെ കുറ്റിക്കോൽ ടൗൺ ശുചീകരിച്ചു.

## 10. പനത്തടി

കെട്ടിട നിർമ്മാണ സൈറ്റുകൾ, റബ്ബർ, കുരുമുളക് തോട്ടങ്ങൾ കേന്ദ്രീകരിച്ചു കൊണ്ട് ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും വാർഡ് ശുചിത്വ സമിതിയുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനം നടത്തി.

## 11. മടിക്കൈ

ഗ്രാമപഞ്ചായത്തിലെ മുഴുവൻ സർക്കാർ സ്ഥാപനങ്ങളും പൊതു മേഖല സ്ഥാപനങ്ങളും ശുചീകരിച്ചു. പഞ്ചായത്തിലെ 16 കേന്ദ്രങ്ങളിൽ ശുചീകരണ പ്രവർത്തനം നടത്തിയിട്ടുണ്ട്. റബ്ബർ തോട്ടങ്ങളിലെ കൊതുകിന്റെ ഉറവിടങ്ങൾ നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർ, ആശാവർക്കേർസ്, കുടുംബശ്രീ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് സ്ക്വാഡുകൾ രൂപീകരിക്കുകയും വീടുകൾ കയറി ബോധവല്ക്കരണ പ്രവർത്തനം നടത്തുകയും ചെയ്തിട്ടുണ്ട്.

ജില്ലയിൽ ബാക്കിവരുന്ന 27 ഗ്രാമ പഞ്ചായത്തുകളും ജൂൺ 27, 28 തീയതികളിലായി ശുചീകരണ പ്രവർത്തനങ്ങൾ ഭംഗിയായി നിർവ്വഹിച്ചിട്ടുണ്ടെന്ന് ബോധിപ്പിക്കുന്നു. കൂടാതെ ജില്ലയിലെ 6 ബ്ലോക്ക് പഞ്ചായത്തുകളും അവരുടെ കീഴിൽ വരുന്ന ഘടക സ്ഥാപനങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് കൂടി ബോധിപ്പിക്കുന്നു.

**കാസറഗോഡ് നഗരസഭ**











കള്ളാർ ഗ്രാമ പഞ്ചായത്ത്













മടിക്കൈ ഗ്രാമ പഞ്ചായത്ത്





ഈസ്റ്റ് എളേരി ഗ്രാമ പഞ്ഞഅചായത്ത്







കുമ്ബഡാജെ ഗ്രാമ പഞ്ചായത്ത്







